

# *യാക്കോബായ സുറിയാനി സഭ*

# ദുഃഖ വെള്ളി - നമസ്കാര ക്രമം

*(പരിശുദ്ധ സഭയുടെ പ്രസിദ്ധീകരണങ്ങളിൽ നിന്നു പകർത്തിയത്)*

*ആരാധാനക്രമങ്ങൾ സുലഭമല്ലാത്ത മിദ്യാൻ ദേശത്ത് താമസിക്കുന്നവർക്കായി തയ്യാറാക്കിയത്. ഇത് പൂർണ്ണമായും ടെപ്പ്ചെയ്ത് ക്രമീകരിച്ചതാകയാലും മറ്റൊരാൾ പകർപ്പ് പരിശോധന നിർവ്വഹിച്ചിട്ടില്ലാത്തതിനാലും തെറ്റുകൾക്ക് ഉത്തരവാദി ഞാൻ മാത്രമായിരിക്കും.*

*പരിശുദ്ധ സഭയുടെ അടിസ്ഥാന സുറിയാനി നമസ്കാരഘടനകളുമായി പരിചയമുള്ളവരും, ഭാഷാ പ്രാവീണ്യമുള്ളവരുമായുള്ളവരുടെ സഹായം ഇതിലെ തെറ്റുകൾ തിരുത്തുന്നതിനായി വിനീതമായി അഭ്യർത്ഥിക്കുന്നു.*

SAMAJAM

Land of Midian, Since 2002 June 29th

PIECE OF WOOD IN MARAH

SAINT MARY'S JACOBITE MOVEMENT

*Type set by:* *Daniel B Daniel (Chev),*
*Initiator and founder of SAMAJAM,*
*Kadeesa Church, Paitel, Kayamkulam*
*appa_3d@yahoo.co.uk, whatsapp-966 532190078*

*Prepared and Published in 2017 April*

ഞങ്ങൾക്കല്ല കർത്താവെ,

ഞങ്ങൾക്കല്ല,

എന്നാലോ നിന്റെ കൃപ നിമിത്തവും

നിന്റെ സത്യം നിമിത്തവും

തിരുനാമത്തിന്നു തന്നെ ബഹുമാനമുണ്ടായിരിക്കട്ടെ !!

(സങ്കീർത്തനങ്ങൾ 114 : 9 - വിശുദ്ധ ഗ്രന്ഥം)

## ഉള്ളടക്കം

ദുഃഖ വെള്ളി സന്ധ്യ ..... 3
ദുഃഖ വെള്ളി സൂത്താറാ ..... 8
ദുഃഖ വെള്ളി പാതിരാ നമസ്കാരം ..... 12
ദുഃഖ വെള്ളി പ്രഭാത നമസ്ക്കാരം ..... 27
ദുഃഖ വെള്ളി മൂന്നാം മണി നമസ്ക്കാരം ..... 40
ദുഃഖ വെള്ളി മദ്ധ്യാഹ്നം ..... 50
ദുഃഖ വെള്ളി ഒൻപതാം മണി ..... 56
സ്ലീബാ ആരാധന ..... 66
സ്ലീബായാഘോഷം ..... 79
കബറടക്കം ..... 83
മാലാഖമാരുടെ സ്തുതിപ്പ് ..... 85

# മലങ്കര യാക്കോബായ സുറിയാനി സഭ
# ദുഃഖ വെള്ളി - നമസ്കാര ക്രമം

ദുഃഖ വെള്ളി സന്ധ്യ

## പ്രാരംഭ സ്തുതി

☩

☩*പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യേക ദൈവത്തിന്റെ തിരുനാമത്തിൽ,*
തനിക്കു സ്തുതി. നമ്മുടെമേൽ തന്റെ കരുണയും മനോഗുണവും എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

*ആകാശവും ഭൂമിയും തന്റെ സ്തുതികൾ കൊണ്ട് നിറഞ്ഞിരിക്കുന്ന* ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി.

*ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ* വന്നവനും വരുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു; ഉയരങ്ങളിൽ സ്തുതി.

**ദുഃഖ വെള്ളിയാഴ്ച കൗമാ**

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ

ഹാശായാലടിയാർ പിഴതീർത്തൊരു മിശിഹാ
കർമ്മം കൈക്കൊണ്ടാശിഷമിങ്ങേകണമെ

മ്ശിഹോദബ്ഹൊശേപറുക്കാൻ മെൻതൂയെയ്കാബെൽ
തെശ്മെശ്ത്താൻ വെസറാഹാമ്മേലൈലൻ

തന്റെ കഷ്ടാനുഭവത്താൽ വഴിതെറ്റിൽ നിന്ന് ഞങ്ങളെ രക്ഷിച്ചവനായ മിശിഹാ ഞങ്ങളുടെ പ്രാർത്ഥനകൾ കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമേ.

നാഥാ! തേ സ്തുതിയും മാനം താതന്നും
മഹിമാ, വന്ദനകൾ ശൂദ്ധാ-ത്മാവിനും
ഉണ്ടാ, കുൾകൃപ പാ, പികളാം ഞങ്ങളിലും
മേലാ, മൂറിശിലേം വാതിൽ - ക്കുള്ളിൽ നിൻ
സിംഹാ, സനമണയണ മിപ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ
നിത്യം ശരണവുമേ സ്തോത്രം; ബാറക്മോർ

ലൊക്മോർ തെശുബുഹത്തൊ, ലാബൂക് ഈക്കോറോ
വൽറൂഹൊദക്കുദിശൊ സെഗ്ത്തൊ, റുമറോമൊ
വാലായിൻ ഹാത്തോയെ, റഹമെ വഹനോനൊ
നെസ്പ, സഹൂൻതറഐ ഊറി, ശിലേംദലഎൽ
നേലോൻ സ്ലാവോസാൻ; കിദൊംബിം ദംശീഹോ,
ശുബ്ഹോ, ലൊക്മോറാൻ ശുബ്ഹോ, ലോക്മോറാൻ
ശുബ്ഹോ, ലൊക്സബറൻലഓാലം; ബാറെക്മോർ

എന്റെ കർത്താവേ! നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും കൃപയും ഉണ്ടായിരിക്കണമേ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മ്ശിഹായുടെ സിംഹാസനത്തിൻ

മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ ശരണമേ! എന്നേയ്ക്കും നിനക്ക് സുതുതി. ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

51-ാം മസ്മൂർ

ദൈവമേ! നിന്റെ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമെ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമെ.

എന്റെ അനീതിയിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ ഞാൻ എന്റെ കുറ്റങ്ങളെ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. സന്നിധിയിൽ തിന്മകളേയും ചെയ്തു. അതിനാൽ നിന്റെ വചനത്തിൽ നീ നീതികരിക്കപ്പെടും നിന്റെ വിധികളിൽ നീ ജയിക്കും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കയും ചെയ്തു.

എങ്കിലും നീതിയിൽ നിനക്ക് തിരുവിഷ്ടമായി . നിന്റെ ജ്ഞാന രഹസ്യങ്ങൾ നീ എന്നോടറിയിച്ചു.

സോപ്പാകൊണ്ട് എന്റെ മേൽ നീ തളിക്കണമെ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെൺമയാക്കണമെ; ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തനാക്കണമെ. ക്ഷീണിച്ചിരിക്കുന്ന എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ കുറ്റങ്ങളെല്ലാം മായിച്ചു കളയണമെ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. തിരുസന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയും അരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചുതരണമേ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരികയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമെ. എന്റെ വായ് നിന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല; സമാധാനഹോമങ്ങളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം തകർന്ന ഹൃദയത്തെ നിരസിക്കയില്ല.

തിരുവുള്ളമുണ്ടായി സെഹിയോനോടു നന്മ ചെയ്യണമെ. യറുശലേമിന്റെ മതിലുകളെ പണിയണമെ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും സമാധാന ഹോമങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിൻമേൽ അവർ കാളകളെ ബലി കഴിക്കും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോട്

കരുണചെയ്യണമെ... മൊറിയോ..

എനിയോനോ

തന്റെ ഇഷ്ടത്താൽ മനുഷ്യനായിത്തീരുകയും ഞങ്ങൾക്കുവേണ്ടി ജഡത്തിൽ കഷ്ടപ്പെടുകയും ചെയ്തവനായ ദൈവമേ! ഞങ്ങളോടു കരുണയുണ്ടാകണമേ.

തന്റെ ക്നൂമ്മായിൽ രഹസ്യങ്ങളെയും സാദൃശ്യങ്ങളെയും ഉപമകളെയും നിവർത്തിച്ചവനായ ദൈവമേ! ഞങ്ങളോടു കരുണയുണ്ടാകണമേ.

ഞങ്ങളുടെ രക്ഷയെ പ്രതി കുറ്റക്കാരനെപ്പോലെ ന്യായസ്ഥലത്തേക്കു കൂട്ടിക്കൊണ്ടു പോകപ്പെട്ടവനായ ദൈവമേ! ഞങ്ങളോടു കരുണയുണ്ടാകണമേ.

രാജക്കന്മാരും ന്യായാധിപന്മാരും തന്നെ കൊല്ലുവാൻ ആലോചിച്ചു എന്ന ദൈവമേ! ഞങ്ങളോടു കരുണയുണ്ടാകണമേ.

അന്യായമായി വിധിക്കപ്പെട്ട സകലത്തിന്റെയും ന്യായാധിപനായുള്ളോവേ, ഞങ്ങളോടു കരുണയുണ്ടാകണമേ. ബാറെക്മോർ

അധർമ്മിയായ ശിഷ്യനാൽ ക്രൂശകർക്ക് ഏല്പിക്കപ്പെട്ടവനായ ദൈവമേ! ഞങ്ങളോടു കരുണയുണ്ടാകണമേ.

*കുറിയേലായിസ്സോൻ*

140, 141, 118:105-112, 116 മസ്മൂർകൾ

(140) കർത്താവേ നിന്നെ ഞാൻ വിളിച്ചുവല്ലോ, എന്നോടു നീ ഉത്തരമരുളണമേ. എന്റെ വചനങ്ങൾ സൂക്ഷിച്ചു കേട്ട് കൈക്കൊള്ളണമെ.

എന്റെ പ്രാർത്ഥന തിരുമുമ്പാകെ ധൂപം പോലെയും, എന്റെ കൈകളിൽ നിന്നുള്ള കാഴ്ച സന്ധ്യയിലെ വഴിപാടുപോലെയും ഇരിക്കുമാറാകണമേ. എന്റെ ഹൃദയം ദുഷ്കാര്യത്തിനു ചായാതെയും ഞാൻ അന്യായക്രിയകളെ പ്രവർത്തിക്കാതെയും ഇരിക്കത്തക്കവണ്ണം എന്റെ വായ്ക്കു കാവൽക്കാരനെയും എന്റെ അധരങ്ങൾക്ക് കാവൽക്കാരനെയും നിയമിക്കണമെ.

ദുഷ്ടമനുഷ്യരോടുകൂടെ ഞാൻ ചേരുമാറാകരുതേ. നീതിമാൻ എന്നെ പഠിപ്പിക്കുകയും ശാസിക്കു കയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയ്ക്കു കൊഴുപ്പാകാതെയിരിക്കട്ടെ. എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദോഷത്തെക്കുറിച്ചാകുന്നു. അവരുടെ വിധികർത്താക്കൾ പാറയിൻ മുനയാൽ നിരോധിക്കപ്പെട്ടു. ഇമ്പമുള്ള എന്റെ വചനങ്ങളെ അവർ കേട്ടു.

കൊഴുവു ഭൂമിയെ പിളർക്കുന്നതുപോലെ ശവക്കുഴിയുടെ വായ്ക്കരികിൽ അവരുടെ അസ്ഥികൾ ചിതറിപ്പോയി. കർത്താവേ! ഞാൻ എന്റെ കണ്ണുകൾ നിന്റെ അടുക്കലേക്കുയർത്തി നിന്നിൽ ശരണപ്പെട്ടു. എന്റെ ആത്മാവിനെ തള്ളിക്കളയരുതെ.

എനിക്കായി കെണികൾ മറച്ചുവച്ച പ്രശംസക്കാരുടെ കയ്യിൽ നിന്ന് എന്നെ കാത്തുകൊള്ളണമെ. ഞാൻ കടന്നുപോകുന്നതുവരെയും അധർമ്മികൾ സ്വന്തവലകളിൽ ഒരുമിച്ചു വീഴട്ടെ.

(141) ഞാൻ എന്റെ ശബ്ദത്തോടെ കർത്താവിനെ വിളിച്ചു. ഞാൻ എന്റെ ശബ്ദത്തോടെ കർത്താവി നോടു പ്രാർത്ഥിച്ചു. ഞാൻ തിരുമുമ്പാകെ സങ്കടം ബോധിപ്പിച്ചു. എന്റെ ഞെരുക്കം തിരുസന്നിധിയിൽ അറിയിച്ചു.

എന്റെ ആത്മാവ് വിഷാദിച്ചപ്പോൾ നീ എന്റെ ഊടുവഴികളെ അറിയുന്നുവല്ലൊ. എന്റെ നടപ്പുകളുടെ വഴിയിൽ അവർ എനിക്ക് കെണികളെ മറച്ചുവച്ചു.

ഞാൻ വലത്തുഭാഗത്തു സൂക്ഷിച്ചു നോക്കി; എന്നെ അറിയുന്നവൻ ഇല്ല. ഓടി ഒളിക്കേണ്ടതിനു എനിക്കു സ്ഥലമില്ലാതെ പോയി. എന്റെ ആത്മാവിനു പകരം ചോദിക്കുന്നവനും ഇല്ല.

കർത്താവേ! ഞാൻ നിങ്കലേക്കു നിലവിളിച്ചു. നീ എന്റെ ശരണവും ജീവനുള്ളവരുടെ ദേശത്തു എന്റെ ഓഹരിയും ആകുന്നു എന്നു ഞാൻ പറഞ്ഞു.

ഞാൻ ഏറ്റം താഴ്ത്തപ്പെട്ടിരിക്കകൊണ്ടു എന്റെ അപേക്ഷ സൂക്ഷിച്ചു കേൾക്കണമേ; എന്നെ പീഡിപ്പിക്കുന്നവർ എന്നേക്കാൾ ബലവാന്മാരായതുകൊണ്ട്; അവരിൽ നിന്ന് എന്നെ വിടുവിക്കണമെ.

ഞാൻ തിരുനാമം സ്തോത്രം ചെയ്യേണ്ടതിനു കാരാഗൃഹത്തിൽ നിന്നു എന്റെ ആത്മാവിനെ പുറപ്പെടുവിക്കണമെ; നീ എനിക്കു പ്രതിഫലം നൽകുമ്പോൾ നിന്റെ നീതിമാന്മാർ എന്നെ കാത്തിരിക്കും.

(118:105-112) തിരുവചനം എന്റെ കാലുകൾക്കു വിളക്കും എന്റെ വഴികൾക്കു പ്രകാശവുമാകുന്നു.

നിന്റെ നീതിയുള്ള ന്യായങ്ങളെ ആചരിക്കാമെന്നു ഞാൻ ആണയിട്ടുറച്ചു. കർത്താവേ! ഞാൻ ഏറ്റവും ക്ഷീണിച്ചു. കർത്താവേ! തിരുവചനപ്രകാരം എന്നെ ജീവിപ്പിക്കണമെ.

കർത്താവേ! എന്റെ വായിലെ വചനങ്ങൾ ഇഷ്ടപ്പെട്ട് നിന്റെ ന്യായങ്ങൾ എന്നെ പഠിപ്പിക്കണമെ.

എന്റെ ആത്മാവ് എല്ലായ്പ്പോഴും നിന്റെ തൃക്കൈകളിൽ ആകുന്നു. ഞാൻ നിന്റെ വേദപ്രമാണം മറന്നില്ല.

പാപികൾ എനിക്കായി കെണികൾ വച്ചു. ഞാൻ നിന്റെ കൽപനകളിൽ നിന്നും മാറിപ്പോയില്ല.

ഞാൻ നിന്റെ സാക്ഷ്യത്തെ എന്നേക്കും അവകാശമാക്കി. എന്തെന്നാൽ അതു എന്റെ ഹൃദയത്തിനു ആനന്ദമാകുന്നു.

നിന്റെ പ്രമാണങ്ങൾ എപ്പോഴും സത്യമായി ആചരിപ്പാൻ ഞാൻ എന്റെ ഹൃദയത്തെ തിരിച്ചു.

(116) സകല ജാതികളുമെ! കർത്താവിനെ സ്തുതിപ്പിൻ; സകലജനങ്ങളുമെ! തന്നെ മഹത്വപ്പെടുത്തുവീൻ . എന്തെന്നാൽ തന്റെ കൃപ നമ്മുടെ മേൽ വർദ്ധിച്ചിരിക്കുന്നു; താൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

## എനിയോനോ

ഈ സന്ധ്യയിൽ ദർശനക്കാരുടെ ദർശനങ്ങളും ദൃഷ്ടാന്തങ്ങളും നിറവേറി. അവയുടെ മർമ്മങ്ങൾ വെളിപാടുകളുടെ പരിജ്ഞാനത്താൽ വ്യക്തമായത്തീർന്നു.

"നിങ്ങളടെ സഹോദരന്മാരിൽ നിന്നു എന്നെപ്പോലെ ഒരു ദീർഘദർശിയെ നിങ്ങൾക്കായി എഴുന്നേല്പിക്കും അവനെ കേൾക്കാത്തവൻ ജനത്തിൽ നിന്നു നഷ്ടപ്പെടുകയും ചെയ്യും"

കണ്ടാലും താൻ ദൈവവും ദീർഘദർശിയും മഹാപുരോഹിതനും ബലിയും വഴിപാട് അർപ്പിക്കുന്നവനും കൈക്കൊള്ളുന്നവനും ആയി സകല രഹസ്യങ്ങളുടെയും സമ്പൂർണ്ണതയായിരിക്കുന്നു.

ഈ സന്ധ്യയിൽ കർത്താവ് മാളികയിൽ വച്ച് പെസഹാ ഭക്ഷിച്ചു. ശിഷ്യന്മാർ അവർക്ക് ഏല്പിക്കപ്പെട്ട രഹസ്യത്തിൽ ഇമ്പപ്പെട്ടു.

താൻ അപ്പം വാഴ്ത്തി മുറിച്ച് ഇതെന്റെ ശരീരമാകുന്നു എന്നും വീഞ്ഞ് സ്തോത്രം ചെയ്ത് ശുദ്ധീകരിച്ച് ഇതെന്റെ രക്തമാകുന്നു എന്നും അരുളിച്ചെയ്തു. ബാറെക്മോർ

യജമാനനും ദാസന്മാരും ഭക്ഷണം കഴിക്കുകയും രഹസ്യത്തിൽ സംബന്ധിക്കപ്പെടുകയും സ്തുതി പാടി സൈത്തു മലയിലേക്ക് പുറപ്പെടുകയും അവിടെവച്ച് ഉപദേശങ്ങൾ പ്രാപിക്കുകയും ചെയ്തു.

*സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ*

## കോലോകൾ

മൂശയുടെ നാളുകളിൽ പന്ത്രണ്ടു ഗോത്രങ്ങൾ കർത്തൃ കല്പനയാൽ ആരംഭിച്ച പെസഹാ ഭക്ഷിച്ചിരുന്നു. ഇതാ ഇന്നു സന്ധ്യാസമയത്ത് കർത്താവ് ജീവമേശയ്ക്കരികെ ഭക്ഷണത്തിനിരിക്കുന്നു. യാക്കോബിന്റെ ഗോത്രങ്ങളിൽ നിന്നുള്ള പന്തിരുവർ അഴിഞ്ഞുപോകാതെ നിത്യമായി നിലനിൽക്കുന്ന രഹസ്യത്തെ ആഘോഷിക്കുന്നു. ബാറെക്മോർ

ഈ സന്ധ്യയിൽ നമ്മുടെ കർത്താവ് പുതിയ കാര്യങ്ങൾ കാണിച്ചു. സാദൃശ്യങ്ങളും അഴകേറിയ മുദ്രകളും ശിഷ്യന്മാരെ ഭരമേല്പിച്ച് അവരോട് അരുളിച്ചെയ്തതെന്തന്നാൽ - നിങ്ങളുടെ മുമ്പാകെ ഞാൻ ചെയ്തിരിക്കുന്ന ഈ ദൃഷ്ടാന്തങ്ങൾ നിങ്ങൾ വിനയത്തോടെ പ്രവർത്തിപ്പിൻ. ഇതിനാൽ നിങ്ങൾ എന്റെ ശിഷ്യന്മാരാകുന്നു എന്നു എല്ലാവരും അറിയാൻ ഇതു നിങ്ങളെ പഠിപ്പിച്ചിരിക്കുന്നു.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## വീണ്ടും കോലോകൾ

ഈ സന്ധ്യയിൽ നമ്മുടെ കർത്താവു തൃക്കൈകളിൽ തന്റെ ശരീരം എടുത്തു മുറിച്ചു ശ്ലീഹന്മാർക്കു നൽകി. തന്റെ രക്തത്തിന്റെ പാനപാത്രം കലർത്തി അവരെ കുടിപ്പിച്ചു. - നിങ്ങൾ ഒരുമിച്ചു കൂടുമ്പോഴെല്ലാം ഞാൻ നിങ്ങളെ കാണിച്ച പ്രകാരം പ്രവർത്തിപ്പീൻ. ഇതു എന്നിൽ വിശ്വസിക്കുന്ന എല്ലാവരുടെയും കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനുമായിത്തീരും

*ബാറക്മോർ*

ഇന്നേദിവസം യൂദന്മാരും മഹാപുരോഹിതന്മാരും പ്രീശേന്മാരും തന്നെ ഏതുവിധം മരണത്തിനു വിധിക്കണമെന്നു രക്ഷകനു വിരോധമായി ആലോചന നടത്തി. അപ്പോൾ യൂദാ സ്ക്കറിയോത്താ, അവന്റെ വിലയായ ദ്രവ്യം എനിക്കു തരിക. ഞാൻ അവനെ നിങ്ങൾക്ക് ഏല്പിച്ചുതരാം - എന്ന് അവരോടു പറഞ്ഞു. സ്വന്തഗുരുവിനെ ഒറ്റിക്കൊടുത്ത് ആത്മഹത്യ ചെയ്തവന് ഹാ! കഷ്ടം.

## ബോത്തെഢ്ഹാശൊ

കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവവും ഞങ്ങളെപ്രതിയുള്ള നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

അത്താഴത്തിൽ സത്യത്തിന്റെ കുഞ്ഞാടു പന്തിരുവർക്കു തന്റെ ശരീരം നൽകി. തന്റെ വലിയ കഷ്ടാനുഭവത്തിന്റെ രഹസ്യം വെളിപ്പെടുത്തി. പരമാർത്ഥികളായ കുഞ്ഞാടുകൾ അവരുടെ അടുക്കൽ നിന്നുള്ള തന്റെ വേർപാടിനെക്കുറിച്ചു ദുഃഖിച്ചു.

ഈ സന്ധ്യയിൽ കർത്താവു തന്റെ പീഡകളെയും സ്ക്കീപ്പൂസായെയും കുറിച്ചു സംസാരിച്ചു. തന്റെ സ്നേഹിതന്മാരിൽ ഒരുവൻ സപ്രേന്മാരുടെ കൈകളിൽ മരണത്തിനായി തന്നെ ഏല്പിച്ചുകൊടുക്കുമെന്ന് അവരോട് താൻ അറിയിച്ചു.

ഉയരത്തിലും ആഴത്തിലും ഏകാധികാരിയായിരിക്കുന്ന തനിക്കു സ്തുതി. എല്ലാ അധികാരങ്ങളും തന്റേതാകുന്നു എല്ലാ ഭാഗങ്ങളെയും താൻ ഭരിക്കുനനു. എല്ലാവരുടെയും സ്തുതികളെ കൈക്കൊള്ളുന്നവനും താനാകുന്നു.

കർത്താവേ! നിന്നെ വിധിച്ച ജനത്തെ നീ വിധിക്കുമ്പോൾ ഞങ്ങളോടൊന്നിച്ചു ന്യായവിധിക്കായി നീ പ്രവേശിക്കുരുതേ.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

__മോർ യാക്കോബിന്റെ ബോവൂസൊ__

കഷ്ടാനുഭവത്തിനും മരണത്തിനും സ്ക്കീപ്പൂസായ്ക്കുമായി എഴുന്നെള്ളിയ മ്ശിഹാ തമ്പുരാനേ, ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കൾമേൽ കരുണ ചെയ്യണമേ.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

എല്ലാ രഹസ്യങ്ങളും തന്നിൽ നിവൃത്തിയായി. പെസഹായുടെ കുഞ്ഞാടിൽ കൈപ്പ് എന്തിനാകുന്നു എന്നു വ്യക്തമായി. തന്റെ വധത്തിന്റെ സൂചനയെന്നവണ്ണം സന്ധ്യ മുഴുവനും ശിഷ്യന്മാരുടെ പല്ലുകൾ പെസഹാക്കുഞ്ഞാടിന്റെ കൈപ്പിനെ അനുഭവിച്ചു.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

മെസ്രായക്കാരുടെയിടയിൽ മോശ അർപ്പിച്ച പെസഹാക്കുഞ്ഞാടിനാൽ തന്റെ പുത്രന്റെ കഷ്ടാനുഭവരഹസ്യത്തെ സൂചിപ്പിച്ച പിതാവിനു സ്തുതി. തന്റെ തിരുമേനിയിൽ സർവ്വവും തികച്ച പുത്രനു വന്ദനം. സകലത്തേയും ശുദ്ധീകരിക്കുന്ന പരിശുദ്ധ റൂഹായ്ക്കു സ്തോത്രം

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

കർത്താവേ! നിന്റെ കഷ്ടാനുഭവത്തിൽ ആകാശവും ഭൂമിയും കഷ്ടത ധരിച്ചു. നീ എത്രയും താഴ്ത്തപ്പെട്ടതിനാൽ ഈറേന്മാരും മനുഷ്യരും അത്ഭുതപ്പെടുകയും ചെയ്തു.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

__ഏവൻഗേലിയോൻ__

*(പെസ്ഗോമോ)*

**ഞങ്ങളുടെ കർത്താവായ യേശുമിശിഹാ!** നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ നീ അടയ്ക്കരുതേ. കർത്താവേ! ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണയുണ്ടാകണമേ.

കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തു നിന്ന് ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടു വന്നു; ഞങ്ങളോടു കരുണയുണ്ടാകണമേ.

*ഹാശായുടെ കൗമാ*

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
ഹാശായാലടിയാർ പിഴതീർത്തൊരു മിശിഹാ
കർമ്മം കൈക്കൊണ്ടാശിഷമിങ്ങേകണമെ
മ്ശിഹോദബ്ഹൊശേപറുക്കാൻ മെൻതൂയെയ്കാബെൽ
തെശ്മെശ്ത്താൻ വെസറാഹാമ്മേലൈലൻ

തന്റെ കഷ്ടാനുഭവത്താൽ വഴിതെറ്റിൽ നിന്ന് ഞങ്ങളെ രക്ഷിച്ചവനായ മിശിഹാ ഞങ്ങളുടെ പ്രാർത്ഥനകൾ കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമേ.

നാഥാ! തേ സ്തുതിയും മാനം താതന്നും
മഹിമാ, വന്ദനകൾ ശുദ്ധാ-ത്മാവിനും
ഉണ്ടാ, കുൾകൃപ പാ, പികളാം ഞങ്ങളിലും
മേലാ, മൂറിശിലേം വാതിൽ - ക്കുള്ളിൽ നിൻ
സിംഹാ, സനമണയണ മിപ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ
നിത്യം ശരണവുമേ സ്തോത്രം; ബാറക്മോർ

ലൊക്മോർ തെശുബുഹത്തൊ, ലാബൂക് ഈഒക്കോറോ
വൽറൂഹൊദക്കുദിശൊ സെഗ്ത്തൊ, റുമറോമൊ
വാലായിൻ ഹാത്തോയെ, റഹമെ വഹനോനൊ
നെസ്പ, സഹൂൻതറഐ ഊറി, ശിലേംദലഎൽ
നേലോൻ സ്ലാവോസാൻ; കിദൊംബിം ദംശീഹോ,
ശുബ്ഹോ, ലൊക്മോറാൻ ശുബ്ഹോ, ലോക്മോറാൻ
ശുബ്ഹോ, ലൊക്സബറൻലഒാലം; ബാറെക്മോർ

എന്റെ കർത്താവേ! നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും കൃപയും ഉണ്ടായിരിക്കണമേ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മ്ശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ ശരണമേ! എന്നേയ്ക്കും നിനക്ക് സുതുതി. ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!

ദുഃഖ വെള്ളി സൂത്താറാ

***കൗമാ മേൽ കൊടുത്തിരിക്കുന്നതു തന്നെയാണ് ഉപയോഗിക്കേണ്ടത്***

<u>കോലോകൾ</u>

ഈ സന്ധ്യയിൽ നമ്മുടെ കർത്താവു വംശത്തലവനായ ആദാമിന്റെ ന്യായത്തീർപ്പ് മായിച്ചുകളയാൻ ന്യായസ്ഥലത്തു പ്രവേശിച്ചു. ഹന്നാൻ ഇരിക്കുകയും കയ്യാപ്പാ വിധിക്കുകയും താൻ മരണശിക്ഷയ്ക്കു യോഗ്യനാകുന്നു എന്നു ജനം അട്ടഹസിക്കുകയും ചെയ്തു.  അക്രമമുള്ള ജനത്തിൽ നിന്നു ദൈവപുത്രൻ ഇവയെല്ലാം സഹിച്ചു.

*ബാറെക്മോർ -*

കയ്യാപ്പാ ദൈവപുത്രനെ വിസ്തരിച്ചപ്പോൾ തന്നെ കൊല്ലുവാൻ കാരണം അന്വേഷിച്ചു. കള്ളസാക്ഷിക്കാർ നിന്ന് ഈ മനുഷ്യൻ ന്യായപ്രമാണത്തെ അഴിക്കുകയും ശാബതിൽ കുഷ്ഠ രോഗികളെ വെടിപ്പാക്കുകയും ചെയ്യുന്നു എന്നു പറഞ്ഞു.  ഇതു നിമിത്തം ഇവൻ മരണയോഗ്യനാകുന്നു എന്നു ജനം അട്ടഹസിച്ചു.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

<u>വീണ്ടും കോലോകൾ</u>

ഇന്നേദിവസം മാലാഖമാർ ശിഷ്യന്മാരുടെ മുമ്പാകെ കുനിഞ്ഞു. അവരെ താഴ്മ പഠിപ്പിക്കുവാൻ പാദങ്ങൾ കഴുകിയ ദൈവപുത്രനെ കണ്ടതുകൊണ്ട് അത്ഭുതപ്പെടുകയും അഗ്നിമയന്മാരും ആത്മമയ്ന്മാരുമായ ക്രോബേന്മാരുടേയും സ്രോപ്പേന്മാരുടേയും കൂട്ടങ്ങൾ ഇളകുകയും ചെയ്തു.

*ബാറെക്മോർ -*

ഇന്നേദിവസം ക്രൂശകരിൽ നിന്നു സ്വന്തഗുരുവിന്റെ വില യൂദാ വാങ്ങി. ബഹളം കൂട്ടിക്കൊണ്ടിരുന്ന കൊലപാതകന്മാരെ ശാന്തരാക്കി. എന്റെ ഗുരുവിനെ നിങ്ങളുടെ ഇഷ്ടപ്രകാരം ഞാൻ നിങ്ങൾക്കു ഏല്പിച്ചു തരാം, എന്നുള്ള വചനങ്ങളാൽ ആ വഞ്ചകൻ അവരെ ധൈര്യപ്പെടുത്തി.

<u>ബോത്തെദ്ഹാശൊ</u>

കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവവും ഞങ്ങളെപ്രതിയുള്ള നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

ഈ സന്ധ്യയിൽ തന്റെ കഷ്ടാനുഭവത്തെക്കുറിച്ചും സ്ക്കീപ്പൂസായെക്കുറിച്ചും താൻ അവരോടു സംസാരിച്ചു. ജനത്തിന്റെ സപ്രേന്മാരുടെ കൈകളിൽ അവരിലൊരുവൻ തന്നെ ഏല്പിച്ചുകൊടുക്കുമെന്നും അറിയിച്ചു.

ഈ സന്ധ്യയിൽ നമ്മുടെ കർത്താവ് - ഈ പെസഹാ നിങ്ങളോടൊന്നിച്ച് ഭക്ഷിക്കുവാൻ ദീർഘകാലമായി ഞാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നു. എന്റെ പിതാവിന്റെ ദീർഘദർശിമാർ എന്നെക്കുറിച്ച്

പ്രവചനമായി എഴുതിയിട്ടുള്ള സർവ്വവും എന്നിൽ നിവൃത്തിയാകും - എന്നു പറഞ്ഞു.

സഭയുടെ കുഞ്ഞാടുകളേ! നല്ല ഇടയൻ എന്നു സ്വയം പേർ വിളിച്ചവന് മഹത്യം പാടുവിൻ. ഊന മില്ലാത്ത കുഞ്ഞാടായ താൻ തന്റെ ശരീരരക്തങ്ങളാൽ വഴിതെറ്റിൽനിന്നു നമ്മെ രക്ഷിച്ചിരിക്കുന്നു. തന്റെ പിതാവിനോടും പരിശുദ്ധ റൂഹായോടും കൂടെ താൻ വന്ദിക്കപ്പെട്ടവനാകുന്നു.

കർത്താവേ! നിന്നെ വിധിച്ച ജനത്തെ നീ വിധിക്കുമ്പോൾ ഞങ്ങളോടൊന്നിച്ച് ന്യായവിധിക്കായി നീ പ്രവേശിക്കരുതേ.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## <u>മോർ അപ്രേമിന്റെ ബോവൂസൊ</u>

ഞങ്ങളുടെ കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ വലിയ കഷ്ടാനുഭവം മൂലം ഞങ്ങ ളോടു കരുണ ചെയ്യണമേ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളുമായിത്തീരണമേ.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

ആകാശവും ഭൂമിയും തന്നാൽ നിറയപ്പെട്ടിരിക്കുകയും മാലാഖമാർ മുന്നിൽ നിന്നു വിറയ്ക്കു കയും ചെയ്യുന്നു. വഞ്ചകരായ പുരോഹിതന്മാർ തന്നെ തള്ളിക്കളയുകയും മരണത്തിന് ഇടയാക്കു കയും ചെയ്തു.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

ചെറിയവനായി താണിറങ്ങുകയും ദരിദ്രനെപ്പോലെ ഭവനം യാചിക്കുകയും രഹസ്യങ്ങളുടെ പെസഹാ ഭക്ഷിക്കുകയും ചെയ്ത മ്ശിഹാരാജാവേ! നിനക്കു സ്തുതി. നിനക്കും നിന്നെ അയച്ച പിതാ വിനും സ്തുതിയും പരിശുദ്ധറൂഹായ്ക്ക് പുകഴ്ചയും ഉണ്ടായിരിക്കട്ടെ.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

ഞങ്ങളുടെ കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ വലിയ കഷ്ടാനുഭവം മൂലം ഞങ്ങ ളോടു കരുണ ചെയ്യണമേ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളുമായിത്തീരണമേ.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

കുറിയേലായിസ്സോൻ .. കുറിയേ... കുറിയേ ..

## <u>91-ാം മസ്മൂർ 121-ാം മസ്മൂർ (വിശുദ്ധ ഗ്രന്ഥം)</u>

(91) ബാറെക്മോർ, അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവനും ദൈവത്തിന്റെ നിഴലിൽ മഹത്വപ്പെടു ന്നവനുമായ (മനുഷ്യാ)!

ബാറെക്മോർ. നീ കർത്താവിനോടു എന്റെ ശരണവും എന്റെ സങ്കേത സ്ഥലവും, ഞാൻ ആശ്രയി ച്ചിരിക്കുന്ന ദൈവവും (നീ ആകുന്നു) എന്നു പറയുക.

എന്തെന്നാൽ താൻ വിരുദ്ധത്തിന്റെ കെണിയിൽ നിന്നും വ്യർത്ഥ സംസാരത്തിൽ നിന്നും നിന്നെ രക്ഷിക്കും.

തന്റെ തൂവലുകൾ കൊണ്ട് നിന്നെ രക്ഷിക്കും. തന്റെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും. തന്റെ സത്യം നിന്റെ ചുറ്റിലും ആയുധമായിരിക്കും

നീ രാത്രിയിലെ ഭയത്തേയും, പകൽ പറക്കുന്ന അസ്ത്രത്തേയും ഇരുട്ടിൽ സഞ്ചരിക്കുന്ന വചന ത്തേയും ഉച്ചയിൽ ഊതുന്ന കാറ്റിനേയും ഭയപ്പെടേണ്ട.

നിന്റെ ഒരു ഭാഗത്തു ആയിരങ്ങളും നിന്റെ വലതുഭാഗത്തു പതിനായിരങ്ങളും വീഴും,

അവ നിങ്കലേക്ക് അടുക്കുകയില്ല. എന്നാലൊ നീ സ്വന്ത കണ്ണുകൾകൊണ്ടു നോക്കി ദുഷ്ടന്മാർക്കുള്ള പ്രതിഫലം കാണും.

എന്തെന്നാൽ ഉയരങ്ങളിൽ വാസസ്ഥലമാക്കിയ എന്റെ ശരണമായ കർത്താവ് നീ ആകുന്നു.

ദോഷം നിന്നോടടുക്കുകയില്ല. ശിക്ഷ നിന്റെ കൂടാരത്തെ സമീപിക്കുകയുമില്ല.

നിന്റെ സകല വഴികളിലും നിന്നെ കാക്കേണ്ടുന്നതിന്ന് അവൻ നിന്നെക്കുറിച്ചു തന്റെ മാലാഖമാ രോടു കല്പിക്കും.

നിന്റെ കാൽ ഇടറാതിരിപ്പാൻ അവരുടെ ഭുജങ്ങളിൽ നിന്നെ വഹിക്കും.

ഗോർസൊ സർപ്പത്തേയും ഹർമോനൊ സർപ്പത്തേയും നീ ചവിട്ടും സിംഹത്തേയും പെരുമ്പാമ്പി നേയും നീ മെതിക്കും.

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട് ഞാൻ അവനെ രക്ഷിക്കും; അവൻ എന്റെ നാമം അറിഞ്ഞ തുകൊണ്ട് ഞാൻ അവനെ ബലപ്പെടുത്തും. അവൻ എന്നെ വിളിക്കും ഞാൻ അവനോട് ഉത്തരം പറ

യും. ആപത്തുകാലത്ത് ഞാനവനോടുകൂടെയിരുന്ന് അവനെ ബലപ്പെടുത്തുകയും ബഹുമാനിക്കുയും ചെയ്യും.

ദീർഘായുസുകൊണ്ട് ഞാൻ അവനെ തൃപ്തിപ്പെടുത്തും. എന്റെ രക്ഷ ഞാൻ അവനെ കാണിക്കയും ചെയ്യും.

(120) ഞാൻ പർവ്വതത്തിലേക്കു എന്റെ കണ്ണുകളെ ഉയർത്തും. എന്നെ സഹായിക്കുന്നവൻ എവിടെ നിന്നു വരും?

എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽ നിന്നാകുന്നു.

താൻ നിന്റെ കാൽ വഴുതുവാൻ സമ്മതിക്കുകയില്ല. നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയില്ല.

എന്തെന്നാൽ ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നുമില്ല. ഉറങ്ങുന്നുമില്ല.

നിന്റെ കാവൽക്കാരൻ കർത്താവാകുന്നു. കർത്താവു വലങ്കൈകൊണ്ടു നിന്നെ ചൂടും.

പകൽ ആദിത്യനും രാത്രിയിൽ ചന്ദ്രനും നിന്നെ ഉപദ്രവിക്കുകയില്ല.

കർത്താവു സകല ദോഷങ്ങളിൽ നിന്നും നിന്നെ കാത്തുകൊള്ളും. താൻ നിന്റെ ആത്മാവിനെ കാത്തുകൊള്ളും.

കർത്താവു നിന്റെ ഗമനത്തെയും നിന്റെ ആഗമനത്തെയും ഇതുമുതൽ എന്നേയ്ക്കും കാത്തുകൊള്ളും

**ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.**

ഹാലേലൂയ്യാ  ഉഹാലേലൂയ്യാ ഉ ഹാലേലൂയ്യാ,
മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ

## മോർ സേവേറിയോസിന്റെ അപേക്ഷ

മഹോന്നതന്റെ മറവിൽ ഇരിക്കുന്നവനായ കർത്താവേ നിന്റെ കരുണയിൽ ചിറകുകളുടെ നിഴലിൽ കീഴിൽ ഞങ്ങളെ മറച്ച്, ഞങ്ങളോട് കരുണ ചെയ്യണമേ.

സകലവും കേൾക്കുന്നവനേ! നിന്റെ കരുണയാൽ നിന്റെ ദാസരുടെ അപേക്ഷ നീ കേൾക്കണമേ.

മഹത്ത്വമുള്ള രാജാവും ഞങ്ങളുടെ രക്ഷകനുമായ മിശിഹാ! നിരപ്പുനിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്കു നീ തരണമേ.

ഞങ്ങളുടെ കണ്ണുകൾ നിന്റെ അടുക്കലേയ്ക്ക് ഉയർത്തിയിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിച്ച് ഇഹവും പരവുമായ രണ്ടു ലോകങ്ങളിലും ഞങ്ങളോടു കരുണചെയ്യണമേ.

കർത്താവേ! നിന്റെ കരുണ ഞങ്ങളെ മറച്ച് നിന്റെ കൃപ ഞങ്ങളുടെ മുമ്പിൽ

നിൽക്കണമേ. നിന്റെ സ്ലീബാ ദുഷ്ടനിൽ നിന്നും അവന്റെ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമേ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളുകളൊക്കെയും നിന്റെ വലതുകൈ ഞങ്ങളുടെ മേൽ ആവസിപ്പിക്കണമേ.

നിന്റെ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമേ. നിന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്കു ശരണവും രക്ഷയും നീ ഉണ്ടാക്കണമേ.

നിന്നെ പ്രസവിച്ച മറിയാമിന്റെയും നിന്റെ സകല പരിശുദ്ധന്മാരുടേയും പ്രാർത്ഥനയാൽ ദൈവമേ! ഞങ്ങളുടെ കടങ്ങൾക്ക് പരിഹാരമുണ്ടാക്കി ഞങ്ങളോടു കരുണചെയ്യണമേ.

### ദുഃഖ വെള്ളിയാഴ്ച സൂത്താറാ കൗമാ

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
ഹാശായാലടിയാർ പിഴതീർത്തൊരു മിശിഹാ
കർമ്മം കൈക്കൊണ്ടാശിഷമിങ്ങേകണമെ
മ്ശിഹോദബ്ഹൊശേപറുക്കാൻ മെൻതൂയെയ്കാബെൽ
തെശ്മെശ്ത്താൻ വെസറാഹാമ്മേലൈലൻ

തന്റെ കഷ്ടാനുഭവത്താൽ വഴിതെറ്റിൽ നിന്ന് ഞങ്ങളെ രക്ഷിച്ചവനായ മിശിഹാ ഞങ്ങളുടെ പ്രാർത്ഥനകൾ കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമേ.

നാഥാ! തേ സ്തുതിയും മാനം താതന്നും

മഹിമാ, വന്ദനകൾ ശൂദ്ധാ-ത്മാവിനും
ഉണ്ടാ, കുൾകൃപ പാ, പികളാം ഞങ്ങളിലും
മേലാ, മൂറിശിലേം വാതിൽ - ക്കുള്ളിൽ നിൻ
സിംഹാ, സനമണയണ മിപ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ
നിത്യം ശരണവുമേ സ്തോത്രം; ബാറക്മോർ

ലൊക്മോർ തെശുബുഹത്തൊ, ലാബൂക് ഈഒക്കോറോ
വൽറൂഹൊദക്കുദിശൊ സെഗ്ത്തൊ, റുമറോമൊ
വാലായിൻ ഹാത്തോയെ, റഹമെ വഹനോനൊ
നെസ്പ, സഹൂൻതറഐ ഊറി, ശിലേംദലഎൽ
നേലോൻ സ്ലാവോസാൻ; കിദൊംബിം ദംശീഹോ,
ശുബ്ഹോ, ലൊക്മോറാൻ ശുബ്ഹോ, ലോക്മോറാൻ
ശുബ്ഹോ, ലൊക്സബറൻലഒാലം; ബാറക്മോർ

എന്റെ കർത്താവേ! നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും കൃപയും ഉണ്ടായിരിക്കണമേ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മിശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ ശരണമേ! എന്നേയ്ക്കും നിനക്ക് സുതുതി. ബാറക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ........

# വിശ്വാസ പ്രമാണം

സർവശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും.............

കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ സത്യേക ദൈവത്തിൽ (ഞങ്ങൾ വിശ്വസിക്കുന്നു).

ദൈവത്തിന്റെ ഏക പുത്രനും, സർവലോകങ്ങൾക്കും മുമ്പേ പിതാവിൽ നിന്നു ജനിച്ചവനും,പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോടു ഒന്നായിരിക്കുന്നവനും, താൻമൂലം സകലവും ഉളവായവനും, മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി തിരുമനസ്സായ പ്രാകരം ✠ സ്വർഗത്തിൽ നിന്നിറങ്ങി, പരിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിൽ നിന്ന് ✠ ശരീരിയായിത്തീർന്നു മനുഷ്യനായി, പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി ✠ കുരിശിൽ തറയ്ക്കപ്പെട്ട്, കഷ്ടത അനുഭവിച്ചു മരിച്ച്, അടക്കപ്പെട്ട്, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു സ്വർഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലതുഭാഗത്ത് ഇരുന്നവനും, ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും, തന്റെ രാജ്യത്തിനു അവസാനമില്ലാത്തവനുമായ യേശുമ്ശീഹാ ആയ ഏക കർത്താവിലും (ഞങ്ങൾ വിശ്വസിക്കുന്നു.)

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും, നിബിയന്മാരും ശ്ളീഹന്മാരും മുഖാന്തരും സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും, കാതോലികവും, ശ്ളൈഹികവുമായ ഏക വിശുദ്ധ സഭയിലും (ഞങ്ങൾ വിശ്വസിക്കുന്നു.)

പാപമോചനത്തിനു മാമോദീസാ ഒന്നു മാത്രമാകുന്നു എന്നു ഞങ്ങൾ ഏറ്റു പറഞ്ഞ്, മരിച്ചുപോയവരുടെ ഉയിർപ്പിനും, വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കി പാർക്കുന്നു.

ജനം: ആമ്മീൻ
ശുശ്രൂഷകൻ: ബാറെക്മോർ, സ്തൗമെൻകാലോസ്
ജനം: കുറിയേലായിസോൻ
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ !

ദുഃഖ വെള്ളി പാതിരാ നമസ്കാരം

# പ്രാരംഭ സ്തുതി

✠

✠ *പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യേക ദൈവത്തിന്റെ തിരുനാമത്തിൽ,*
തനിക്കു സ്തുതി. നമ്മുടെമേൽ തന്റെ കരുണയും മനോഗുണവും എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

*ആകാശവും ഭൂമിയും തന്റെ സ്തുതികൾ കൊണ്ട് നിറഞ്ഞിരിക്കുന്ന* ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി.

*ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ* വന്നവനും വരുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു; ഉയരങ്ങളിൽ സ്തുതി.

**ദുഃഖ വെള്ളിയാഴ്ച പാതിരാത്രിയുടെ ഒന്നാം കൗമാ**

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ

ഹാശായാലടിയാർ പിഴതീർത്തൊരു മിശിഹാ
കർമ്മം, കൈക്കൊണ്ടാശിഷമിങ്ങേകണമേ (മൂന്നു പ്രാവശ്യം)
മ്ശിഹൊ, ദബഹാശേപറുക്കാൻ, മെൻതൂയെയ്
കാബെൽ, തെശ്മെശ്ത്താനെസറാഹാമ്മേലൈൻ
തന്റെ കഷ്ടാനുഭവത്താൽ വഴിതെറ്റിൽ നിന്ന് ഞങ്ങളെ രക്ഷിച്ചവനായ മ്ശിഹാ! ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമേ

നാഥാ! തേ സ്തുതിയും മാനം താതന്നും
മഹിമാ, വന്ദനകൾ ശുദ്ധാ-ത്മാവിനും
ഉണ്ടാ, കുൾകൃപ പാ, പികളാം ഞങ്ങളിലും
മേലാ, മൂറിശിലേം വാതിൽ - ക്കുള്ളിൽ നിൻ
സിംഹാ, സനമണയണ മിപ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ
നിത്യം ശരണവുമേ സ്തോത്രം; ബാറക്മോർ

ലൊക്മോർ തെശുബുഹത്തൊ, ലാബൂക് ഈക്കോറോ
വൽറൂഹൊദക്കുദിശൊ സെഗ്ത്തൊ, റുമറോമൊ
വാലായിൻ ഹാത്തോയെ, റഹമെ വഹനോനൊ
നെസ്പ, സഹൂൻതറഐ ഊറി, ശിലേംദലഎൽ
നേലോൻ സ്ലാവോസാൻ; കിദൊംബിം ദംശീഹോ,
ശുബ്ഹോ, ലൊക്മോറാൻ ശുബ്ഹോ, ലോക്മോറാൻ
ശുബ്ഹോ, ലൊക്സബറൻലഓലം; ബാറക്മോർ

എന്റെ കർത്താവേ! നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും കൃപയും ഉണ്ടായിരിക്കണമേ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മിശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ ശരണമേ! എന്നേയ്ക്കും നിനക്ക് സുതുതി. ബാറക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

## അപേക്ഷ

ഉറക്കമില്ലാത്ത ഉണർവുള്ളവനായ കർത്താവേ! നിന്റെ ഉണർവിനെ സ്തുതിപ്പാനായിട്ട് പാപമുഴുകലിൽ നിന്ന് ഞങ്ങളുടെ ഉറക്കത്തെ നീ ഉണർത്തണമേ. മരണമില്ലാത്ത ജീവനുള്ളവനേ! നിന്റെ കരുണയെ വന്ദിപ്പാനായിട്ട് മരണവും ക്ഷയവും ആകുന്ന നിദ്രയിൽ നിന്ന് ഞങ്ങളുടെ മരണത്തെ നീ ജീവിപ്പിക്കണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായുമായുള്ളോവേ! സ്വർഗ്ഗത്തിലും ഭൂമിയിലും നീ സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും ആക കൊണ്ട് നിന്നെ സ്തുതിക്കുന്നവരായ സ്വർഗ്ഗീയ മാലാഖമാരുടെ മഹത്വമുള്ള വൃന്ദങ്ങളോടൊന്നിച്ച് വിശുദ്ധിയോടുകൂടി ഇപ്പോഴും എല്ലാക്കാലത്തും എന്നേക്കും നിന്നെ സ്തുതിച്ചു പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ആമ്മീൻ.

## മസ്മൂർ 109 : 1 - 18 (വിശുദ്ധ ഗ്രന്ഥം)

എന്റെ മഹത്വത്തിന്റെ ദൈവമേ! നീ മൗനമായിരിക്കരുതേ! ഇതാ ദുഷ്ടന്റെ വായും വഞ്ചകന്റെ വായും എനിക്കു വിരോധമായി തുറന്നിരിക്കുന്നു. അവർ വ്യജനാവു കൊണ്ടു എന്നോടു സംസാരിച്ചു.

അവർ വെറുപ്പായ വാക്കുകൊണ്ടു വൃഥാ എന്നോടു ശണ്ഠയിട്ടു. എന്റെ സ്നേഹത്തിനു പകരം അവർ എന്നോടു വിരോധം ചെയ്തു. ഞാനോ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

അവർ നന്മയ്ക്കു തിന്മയും സ്നേഹത്തിന്നു ദ്വേഷവും എന്നോടു പകരം ചെയ്തു. നീ ദുഷ്ടനെ അവരുടെ മേൽ കല്പിച്ചാക്കണമെ. സാത്താൻ അവരുടെ വലത്തു ഭാഗത്തു നില്ക്കട്ടെ!

അവർ വിസ്തരിക്കപ്പെടുമ്പോൾ കുറ്റക്കാരെന്നു തെളിയട്ടെ. അവരുടെ പ്രാർത്ഥന പാപമായിത്തീരട്ടെ. അവരുടെ ദിവസങ്ങൾ ചുരുങ്ങിപ്പോകട്ടെ. അവർക്കു നല്കപ്പെട്ടതു മറ്റുള്ളവർ എടുക്കട്ടെ.

അവരുടെ മക്കൾ അനാഥന്മാരായും അവരുടെ ഭാര്യമാർ വിധവമാരായും തീരട്ടെ. കടം കൊടുത്തവൻ അവർക്കുള്ള സകലത്തിന്മേലും അധികാരിയാകട്ടെ.

അന്യന്മാർ അവരുടെ ശക്തി പരിശോധിക്കട്ടെ. അവരോടു കരുണചെയ്യുന്നവർ ഉണ്ടാകരുതെ. അവരുടെ അനാഥക്കുഞ്ഞുങ്ങളോടു കരുണ തോന്നുന്നവൻ ഉണ്ടാകാതിരിക്കട്ടെ.

അവരുടെ അവസാനം നാശമായി തീരട്ടെ. അവരുടെ നാമം അടുത്ത തലമുറയിൽ തന്നെ മാഞ്ഞു പോകട്ടെ.

അവരുടെ പിതാക്കന്മാരുടെ പാപം ഓർക്കപ്പെടട്ടെ. അവരുടെ മാതാക്കളുടെ പാപങ്ങൾ മാഞ്ഞു പോകാതെ, അവ എല്ലായ്പ്പോഴും കർത്താവിന്റെ മുമ്പാകെ ഇരിക്കട്ടെ; ഭൂമിയിൽ നിന്നു അവരുടെ ഓർമ്മ താൻ നശിപ്പിച്ചു കളയട്ടെ.

എന്തെന്നാൽ അവർ നന്മ ചെയ്‌വാൻ ഓർത്തില്ല. അവർ ദരിദ്രനേയും എളിയവനേയും മനോവ്യഥയിൽ ഇരുന്നവനേയും മരണപര്യന്തം പീഡിപ്പിച്ചു.

അവർ ശാപങ്ങൾ സ്നേഹിച്ചു. വാഴ്‌വുകൾ അവർക്കു ഇഷ്ടമില്ലായിരുന്നു. അവർ ശാപങ്ങളെ ആയുധം പോലെ ധരിച്ചു, അവ അവരിൽ വെള്ളം പോലെയും അവരുടെ അസ്ഥികളിൽ എണ്ണപോലെയും പ്രവേശിച്ചു.

*ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ*

## എനിയോനൊ

എന്റെ സഹോദരന്മാരെ, മനുഷ്യപുത്രൻ ദുഷ്ടമനുഷ്യരുടെ കൈകളിൽ ഏല്പിക്കപ്പെടുന്ന സമയം അടുത്തിരിക്കുന്നതുകൊണ്ട് നിങ്ങൾ ഉണർന്നെഴുന്നേറ്റു പ്രാർത്ഥിപ്പിൻ.

നമ്മുടെ കർത്താവ് ശിഷ്യന്മോരോട്; ഞാൻ പ്രാർത്ഥിക്കുന്നതുവരെയും നിങ്ങൾ ദുഃഖത്തോടും സങ്കടത്തോടും കൂടെ എനിക്കായി കാത്തിരിപ്പിൻ. എനിക്ക് മരണത്തോളം ദുഃഖമാകുന്നു എന്ന് പറഞ്ഞു.

ഈ രാത്രിയിൽ, ഒരിക്കലും ഉറങ്ങാത്ത ഉണർവ്വുള്ളവൻ മരണക്കാസാ തന്നിൽ നിന്ന് നീങ്ങിപ്പോകുവാൻ മനുഷ്യനെപ്പോലെ അപേക്ഷിച്ചു.

ഈ രാത്രിൽ യൂദന്മാർ കൂട്ടംകൂട്ടമായി യേശുതമ്പുരാനു നേരെ പുറപ്പെട്ടു. അവരുടെ രോഗികളെ സൗഖ്യമാക്കിയവന്റെ നേരെ കൈകളിൽ വാളുകളോടും വടികളോടും കൂടി അവർ പുറപ്പെട്ടു വന്നു.

ഈ രാത്രിയിൽ ദുഷിച്ചകൂട്ടം കർത്താവിനു നേരെ തല കുനിച്ചു. യൂദന്മാരുടെ രാജാവേ! നിനക്ക് സമാധാനം എന്ന് പരിഹാസമായി പറഞ്ഞു.

ഈ രാത്രിയിൽ മ്ശിഹായെ ഞാൻ അറിയുകയില്ലെന്ന് ആണയിട്ടു സ്വയം ശപിച്ച് ശെമഓൻ കീപ്പാ കരഞ്ഞതിനെക്കുറിച്ച് കരയാത്തവർ ആരുണ്ട്?

വെള്ളിയാഴ്ചയിൽ സ്ലീബായിൽ ഏറ്റു പറഞ്ഞ ജാതികൾക്ക് രക്ഷയുണ്ടായി. വെള്ളിയാഴ്ചയിൽ ദൈവത്തെ ക്രൂശിച്ച ജനത്തിന് ശിക്ഷാവിധിയും ഉണ്ടായി. ബാറെക്മോർ

ഈ രാത്രിയിൽ ദൈവം കുറ്റക്കാരനെപ്പോലെ ന്യായസ്ഥലത്തു നിന്നു. ദാസനിൽ നിന്ന് ചെകിട്ടത്തു അടി ഏല്ക്കുകയും പാപത്തിന്റെ ദാസന്മാരെ സ്വാതന്ത്രപ്പെടുത്തുകയും ചെയ്തു.

*കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ*

**ദുഃഖ വെള്ളിയാഴ്ച പാതിരാത്രിയുടെ ഒന്നാം കൗമാ**

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ

ദുഃഖം വ്യഥയാന്നർത്ഥിച്ചോരർത്ഥനയാൽ
യാചനകൈക്കൊണ്ടാശിഷമിങ്ങേകണമേ

ബ്ഹൊയ്സ്ലുസൊദുസാലിത്ത്
ബ്ഹാശേഓക്കോസോ
കാബൈൽസ്ലാവോസൻ വെസറാഹാമ്മേലൈൻ

കഷ്ടതയോടും മനോവേദനയോടും കൂടെ നീ കഴിച്ച പ്രാർത്ഥന മൂലം ഞങ്ങളുടെ പ്രാർത്ഥനകളെ കൈക്കൊണ്ട് ഞങ്ങളോട് കരുണചെയ്യണമേ.

നാഥാ! തേ സ്തുതിയും മാനം താതന്നും
മഹിമാ, വന്ദനകൾ ശൂദ്ധാ-ത്മാവിനും
ഉണ്ടാ, കുൾകൃപ പാ, പികളാം ഞങ്ങളിലും
മേലാ, മൂറിശിലേം വാതിൽ - ക്കുള്ളിൽ നിൻ
സിംഹാ, സനമണയണ മിപ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ
നിത്യം ശരണവുമേ സ്തോത്രം; ബാറക്മോർ

ലൊക്മോർ തെശുബുഹത്തൊ, ലാബൂക് ഈക്കോറോ
വൽറൂഹൊദക്കുദിശൊ സെഗ്ത്തൊ, റുമറോമൊ
വാലായിൻ ഹാത്തോയെ, റഹമെ വഹനോനൊ
നെസ്പ, സഹൂൻതറഐ ഊറി, ശിലേംദലഎൽ
നേലോൻ സ്ലാവോസാൻ; കിദൊംബിം ദംശീഹോ,
ശുബ്ഹോ, ലൊക്മോറാൻ ശുബ്ഹോ, ലോക്മോറാൻ
ശുബ്ഹോ, ലൊക്സബറൻലഓലം; ബാറക്മോർ

എന്റെ കർത്താവേ! നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും കൃപയും ഉണ്ടായിരിക്കണമേ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മിശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ ശരണമേ! എന്നേയ്ക്കും നിനക്ക് സുതുതി. ബാറക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

*സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ*

### കോലോകൾ

പിതാവിന്റെ വചനമായവൻ ന്യായാധിപന്റെ മുമ്പാകെ നിൽക്കുന്നു. കുഞ്ഞാടിനെപ്പോലെ താൻ മൗനമായിരുന്നു. സൃഷ്ടികൾ വിറച്ചു. താൻ ചെകിട്ടത്തു അടിയേറ്റു. അഗ്നിമയന്മാർ ഇളകി. സ്രോപ്പേന്മാർ ഭയം നിമിത്തം ചിറകുകൾ കൊട്ടി. ക്രൂബേന്മാർ വണ്ടികളുടെ മറവിൽ അഭയം തേടി. എന്റെ ഇഷ്ടം നിറവേറ്റുന്നതിനാൽ നിങ്ങൾ പരിഭ്രമിക്കേണ്ടെന്നു താൻ അവരേടു അരുളിച്ചെയ്തു.

*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

മ്ശിഹാ രാജാവ് ന്യായസ്ഥലത്തു നിന്നു. ആചാര്യനായ കയ്യാപ്പാ തന്നോട് ജീവനുള്ള ദൈവത്തെക്കൊണ്ട് നിന്നെ ഞാൻ ആണയിടുവിക്കുന്നു. - നീ ദൈവത്തിന്റെ മ്ശിഹായാകുന്നുവോ? എന്നു ചോദിച്ചു. കർത്താവു ഉത്തരമായിട്ട്, - ഞാൻ ആകുന്നു, എന്നു പറഞ്ഞു. കയ്യാപ്പാ കുപ്പായം കീറി; നീ ദൈവ ദൂഷണം മതിയാക്കുക, എന്നു പറഞ്ഞു.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

### എത്രൊ - ധൂപ പ്രാർത്ഥന

വീണ്ടും കോലോ

കല്ലടാവിൽ ഉറങ്ങുന്ന ശിഷ്യന്മാരെ വിട്ടു പോയി താൻ പ്രാർത്ഥിച്ചു. എന്റെ പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നും കടന്നുപോകണമെ. എങ്കിലും ഞാൻ ആഗ്രഹിക്കുന്നതുപോലെയല്ല, അങ്ങ് ഇഷ്ടപ്പെടുന്നതുപോലെ ആകട്ടെ! (വി.മത്തായി 26:39)

*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

ആ നാഴികയിൽ കർത്താവ് ക്രൂശകരോട്, എന്നെ പിടിപ്പാൻ ഒരു കള്ളന്റെ നേരെ എന്നപോലെ വാളുകളും വടികളുമായി നിങ്ങൾ പുറപ്പെട്ടിരിക്കുന്നു. ഞാൻ പ്രതിദിനം ദൈവാലയത്തിൽ നിങ്ങളുടെ അടുത്തു ഇരുന്നു പഠിപ്പിച്ചിരുന്നുവെങ്കിലും നിങ്ങൾ എന്നെ പിടിച്ചില്ല! (വി.മത്തായി 26:55)

### ബോത്തേദ്ഹാശോ

കർത്താവേ! ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ കഷ്ടാനുഭവവും ഞങ്ങളെപ്രതിയുള്ള നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

ഈ രാത്രിയിൽ ശിഷ്യന്മാരും ക്രൂശകരും നമ്മുടെ രക്ഷകനും ജാഗരണം ചെയ്തു. കൊല നടത്തുവാൻ ജനവും, ഓടിപ്പോകുവാൻ ശ്ലീഹന്മാരും സൈത്തുമലയിൽ ദൈവപുത്രനും മൂന്നു ജാഗരണങ്ങൾ നടത്തി.

ഈ രാത്രിയിൽ വലത്തേതിനടുത്ത നിർമ്മല കുഞ്ഞാടുകൾ ഭീതിപ്പെട്ടു. ഒരു ശിഷ്യൻ യഹൂദന്മാരായ ശപിക്കപ്പെട്ട ജനത്തിന് തന്നെ ഏല്പിച്ചു കൊടുക്കുമെന്നുള്ള രഹസ്യകാര്യം അവരോടു താൻ അറിയിച്ചു.

ഈ രാത്രിയിൽ, പ്രാർത്ഥന ആവശ്യമില്ലാത്ത താൻ വൃക്ഷത്തിൽ നിന്ന് ഫലം പറിച്ച ഹവ്വായ്ക്കു വേണ്ടി തോട്ടത്തിൽ വച്ച് പ്രാർത്ഥിച്ചു. അറിവിന്റെ വൃക്ഷത്തിനു പകരം കണ്ടാലും ജീവ വൃക്ഷമായ കർത്താവ് ഇവിടെയുണ്ട്.

ഈ രാത്രിയിൽ വഞ്ചകനായ യൂദാ അവന്റെ ഗുരുവിന്റെ വില പറഞ്ഞൊത്ത് സ്വീകരിച്ചു. തന്റെ വരവിനെക്കുറിച്ചു അവൻ അടയാളം കൊടുത്തിരുന്നു. അന്യായക്കാർ, ചോദിച്ചതുപോലെ അവരുടെ ഹൃദയവാഞ്ഛ സാധിച്ചതിനാൽ സന്തോഷിച്ചു.

കർത്താവേ! നിന്നെ വിധിച്ച ജനത്തെ നീ വിധിക്കുമ്പോൾ ഞങ്ങളോടൊന്നിച്ചു ന്യായവിധിക്കായി നീ പ്രവേശിക്കരുതേ.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

### മോർ യാക്കോബിന്റെ ബോവൂസാ

കഷ്ടാനുഭവത്തിനും മരണത്തിനും സ്ക്കീപ്പൂസായ്ക്കുമായി എഴുന്നെള്ളിയ മ്ശിഹാതമ്പുരാനേ, ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കൾമേൽ കരുണ ചെയ്യണമേ.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

പ്രാർത്ഥിക്കുമ്പോൾ എന്തു പറയണമെന്ന് ശിഷ്യന്മാർ അറിഞ്ഞില്ല. പ്രാർത്ഥനാപൂർവ്വമായ പോരാട്ടം അവരുടെ ശക്തിയെ കവിഞ്ഞതായിരുന്നു. അവർ മടിയന്മാരെപ്പോലെ ദുഃഖത്തോടെ ഉറങ്ങി. കർത്താവ് വന്ന് പ്രാർത്ഥിപ്പാനായി അവരെ കൂടുതലായി ഉണർത്തിക്കൊണ്ടിരുന്നു. അവരുടെ കണ്ണുകൾ ഭാരപ്പെട്ടിരുന്നതിനാൽ ഉറക്കത്തിൽ മുഴുകിപ്പോയി. മൂന്നാംപ്രവശ്യം അവരുടെ അടുക്കൽ വന്ന് എഴുന്നേല്പീൻ നമുക്ക് പോകാം എന്ന് അവരോട് അരുളിച്ചെയ്തു.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

നമുക്കുവേണ്ടി പ്രാർത്ഥിപ്പാൻ മുട്ടു കുത്തിയവനായി പ്രാർത്ഥനകളെ കൈക്കൊള്ളുന്ന തനിക്ക് സ്തുതി. തന്റെ ജനകനോടൊന്നിച്ചു ദൈവമായിരിക്കേ, താൻ നമ്മിൽ നിന്നുള്ളവനാകുന്നു എന്ന് അറിയിപ്പാൻ നമ്മെപ്പോലെ പ്രാർത്ഥിച്ച തനിക്ക് സ്തോത്രം. താൻ മുഴുവനായി നമ്മോടും തന്റെ പിതാവിനോടും തുല്യനാകുന്നു എന്നും തന്റെ പിതാവിനെപ്പോലെ പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനാകുന്നു എന്നും നമ്മെ കാണിക്കുകയും ദുഃഖത്തോടും യാചനയോടും കൂടി നമ്മെപ്പോലെ പ്രാർത്ഥിക്കുകയും ചെയ്തു.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

കർത്താവേ! നിന്റെ കഷ്ടാനുഭവത്തിൽ ആകാശവും ഭൂമിയും കഷ്ടത ധരിച്ചു. നീ എത്രയും താഴ്ത്തപ്പെട്ടതിനാൽ ഈറേന്മാരും മനുഷ്യരും അത്ഭുതപ്പെടുകയും ചെയ്തു.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

**ദുഃഖ വെള്ളിയാഴ്ച പാതിരാത്രിയുടെ രണ്ടാം കൗമാ**

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ

വിധിഗേഹെ നിന്നെ നയിച്ച സ്നേഹമതാൽ
വിധിയിൽ ചേർക്കരുതേ പിഴകൾ ഓർക്കരുതേ

ബ്ഹൗഹുബൊദ്നഗ് ദൊക് ലബെസ്ദീനൊഹ് ലോപൈൻ
ലദീനോലോതോലാൻഹൌബൈൻലോതസ്ദുകർ

ഞങ്ങൾക്കുവേണ്ടി ന്യായസ്ഥലത്തേക്ക് നിന്നെ നടത്തിയതായ സ്നേഹം നിമിത്തം ന്യായവിസ്താരത്തിലേയ്ക്ക് ഞങ്ങളെ പ്രവേശിപ്പിക്കാതെയും ഞങ്ങളുടെ കുറ്റങ്ങളെ ഓർക്കാതെയും ഇരിക്കണമേ.

നാഥാ! തേ സ്തുതിയും മാനം താതന്നും
മഹിമാ, വന്ദനകൾ ശുദ്ധാ-ത്മാവിനും
ഉണ്ടാ, കുൾകൃപ പാ, പികളാം ഞങ്ങളിലും
മേലാ, മൂറിശ്ലേം വാതിൽ - ക്കുള്ളിൽ നിൻ
സിംഹാ, സനമണയണ മിപ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ
നിത്യം ശരണവുമേ സ്തോത്രം; ബാറക്മോർ
ലൊക്മോർ തെശുബുഹത്തൊ, ലാബൂക് ഈക്കോറോ
വൽറൂഹൊദക്കുദിശൊ സെഗ്ത്തൊ, റുമറോമൊ
വാലായിൻ ഹാത്തോയെ, റഹമെ വഹനോനൊ
നെസ്പ, സഹൂൻതറൈഎ ഊറി, ശിലേംദലഎൽ
നേലോൻ സ്ലാവോസാൻ; കിദൊംബിം ദംശീഹോ,
ശുബ്ഹോ, ലൊക്മോറാൻ ശുബ്ഹോ, ലോക്മോറാൻ
ശുബ്ഹോ, ലൊക്സബറൻലഓലം; ബാറക്മോർ

എന്റെ കർത്താവേ! നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും കൃപയും ഉണ്ടായിരിക്കണമേ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മിശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ ശരണമേ! എന്നേയ്ക്കും നിനക്ക് സുതുതി. ബാറക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

## കോലോകൾ

ഈ രാത്രിയിൽ ഭടന്മാരുമൊത്ത് യൂദാ വന്നു. യേശു തമ്പുരാനെ പിടിച്ച് മരണത്തിനു വിധിപ്പാൻ അവർ വന്നു. താൻ അവരുടെ അടുക്കലേക്ക് നടന്നു ചെന്നു. നിങ്ങൾ വാളുകളോടും വടികളോടും കൂടി ആരെ അന്വേഷിക്കുന്നു എന്ന് ചോദിച്ചു. അവർ തന്നോട് ഉപമകളാലും ദൃഷ്ടാന്തങ്ങളാലും ഞങ്ങളുടെ പ്രധാനികളെ പരിഹസിച്ച തച്ചന്റെ പുത്രനായ നസ്രായക്കാരൻ യേശുവിനെ ക്രൂശിക്കുവാൻ ആഗ്രഹിക്കുന്നു എന്ന് പറഞ്ഞു.

*ബാറെക്മോർ - ശുബഹോ - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

ഈ രാത്രിയിൽ മഹാപുരോഹിതനായ ഹന്നാന്റെ അടുക്കൽ നീതിയുടെ സൂര്യൻ ബന്ധിക്കപ്പെട്ടു. തൂണോടു ചേർത്ത് താൻ കെട്ടപ്പെട്ടു. ഗബ്രിയേലും മിഖായേലും ഭ്രമിച്ചു. സമുദ്രത്തെ മണൽ കൊണ്ട് ബന്ധിക്കുകയും അതിന് ലംഘനം വരാതെ നോക്കുകയും ചെയ്യുന്നവൻ കുറ്റക്കാരനായ ആദാമിനു വേണ്ടി ദുഷ്പ്രവർത്തിക്കാരനെപ്പോലെ കൈകൾ കെട്ടപ്പെട്ടു പരിഹസിക്കപ്പെടുന്നത് അവർ കണ്ടു.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## വീണ്ടും കോലോകൾ

കർത്താവ് തന്റെ ശിഷ്യന്മാരോട്; അത്താഴ സമയത്ത് നിങ്ങളെല്ലാവരും എന്നിൽ വിരുദ്ധപ്പെട്ട് എന്നിൽനിന്ന് ഓടിപ്പോകും എന്നരുളിച്ചെയ്തു. ശെമഓൻ കീപ്പാ തന്നോട്, - കർത്താവേ! നിനക്ക് അങ്ങനെ ഭവിക്കരുതേ. നിന്നോടൊന്നിച്ച് മരിക്കേണ്ടി വന്നാലും ഞാൻ നിന്നെ ഉപേക്ഷിക്കയില്ല, എന്ന് പറഞ്ഞു. താൻ അവനോട്, ശെമഓനേ, നീ തള്ളിപ്പറയും - എന്നരുളിച്ചെയ്തു. അവന്റെ അനുതാപത്തെ കൈക്കൊള്ളുകയും അവനോട് കരുണ ചെയ്യുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

*ബാറെക്മോർ*

വഞ്ചകനും മോഷ്ടാവുമായ യൂദാ യേശുതമ്പുരാനെതിരായി സപ്രേന്മാരുടെയും മഹാപുരോഹിതന്മാരുടെയും അടുക്കൽ നിന്നു പടജ്ജനത്തെ കൂട്ടിക്കൊണ്ടു പുറപ്പെട്ടു. സർവ്വ സൃഷ്ടികളുടെയും മഹാപ്രകാശമായവനെ ഏല്പിച്ചുകൊടുക്കവാൻ അന്ധകാരത്തിന്റെ പാളയത്തോടൊന്നിച്ച് അവൻ വന്നു. അവൻ സമീപിച്ചു തന്നെ ചുംബിച്ചുകൊണ്ട്, ഗുരുവേ! സമാധാനം! എന്നു പറഞ്ഞു. ക്രൂശകർ തന്നെ പിടിച്ചു. ദൈവം തന്റെ വരവിന്റെ ദിവസത്തിൽ അവരെ ന്യായം വിധിക്കും.

## *ബോത്തെദ്ഹാശോ*

കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവവും ഞങ്ങളെപ്രതിയുള്ള നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

ഈ രാത്രിയിൽ വഞ്ചകനായ ശിഷ്യൻ അന്ധകാര പുത്രന്മാരായ ക്രൂശകരിൽ നിന്നു സ്വഗുരുവിന്റെ വില വാങ്ങുകയും താൻ ചുംബിക്കുന്നവൻ യേശുവാകുന്നു. അവനെ നിങ്ങൾ പിടിച്ചുകൊള്ളുവിൻ, എന്നു അവർക്കു അടയാളം കൊടുക്കുകയും ചെയ്തു.

സ്വഗുരുവിനെ വിറ്റു തന്റെ വില വാങ്ങിയ വഞ്ചകനായ യൂദാ, നിന്ദാപ്രാത്രമായി അവരുടെ എണ്ണത്തിൽനിന്നു വേർപിരിഞ്ഞുപോകുകയും അന്ധകാരപുത്രന്മാരോടു യോജിക്കുകയും നരകാവകാശിയായിത്തീരുകയും ചെയ്തു.

ഈ രാത്രിയിൽ മഹാസമുദ്രം മൺകട്ടയാൽ വിധിക്കപ്പെടുവാൻ നിന്നു. താൻ തന്റെ തിരമാലകളെ ശാന്തമാക്കുകയും ഓളങ്ങളെ നിരോധിക്കുകയും ചെയ്തു. തന്റെ ഉന്നതവും ദൈവീകവുമായ ഒഴുക്കാൽ മൺകട്ടയെ സമുദ്രം നീക്കിക്കളഞ്ഞില്ല.

കർത്താവേ! നിന്നെ വിധിച്ച ജനത്തെ നീ വിധിക്കുമ്പോൾ ഞങ്ങളോടൊന്നിച്ച് ന്യായവിധിക്കായി നീ പ്രവേശിക്കരുതെ.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## മോർ യാക്കോബിന്റെ ബോവൂസാ

ഞങ്ങളുടെ കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ വലിയ കഷ്ടാനുഭവം മൂലം ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളുമായിത്തീരണമേ.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

നമ്മുടെ കർത്താവ് അപ്പം മുക്കി യൂദായ്ക്കു കൊടുത്തു. സാത്താൻ അവനിൽ പ്രവേശിച്ച് ക്രൂശ കരുടെ അടുക്കലേക്ക് അവനെ കൊണ്ടുവന്നു. വെറുക്കപ്പെട്ട അന്ധകാരം (സാത്താൻ) രാത്രിയുടെ ഇണയായി നിഴലിനെ (യൂദായെ) കൂട്ടിക്കൊണ്ടു പോയി. അവൻ വന്ന് ദുഷ്ടഹൃദയത്തോടെ പ്രകാശ മായവനെ (യേശുവിനെ) ചുംബിച്ചു. അവന്റെ അധരങ്ങളിൽ സമാധാനം നിറഞ്ഞിരുന്നുവെങ്കിലും അവന്റെ ഹൃദയത്തിൽ വാൾ വഹിച്ചിരുന്നു. അന്ധകാരം അതിന്റെ അധരങ്ങൾ സൂര്യന്റെ വായോടു ചേർത്തുവച്ചു. എങ്കിലും അതു പ്രകാശിച്ചില്ല. ഗുരുവേ! സമാധാനം, എന്ന് ആ ദുഷ്ടൻ പറയുകയും ദുഷ്ടന്മാരുടെ കൂട്ടം തന്നെ വളയുകയും ചെയ്തു.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

എന്റെ ശിഷ്യാ, നീ എന്നെ ദ്വഷിക്കുകയും ഏല്പിച്ചു കൊടുക്കുകയും ചെയ്യത്തക്കവണ്ണം, നിനക്കു തരുന്നതിൽ എന്തൊരു കുറവാണ് ഞാൻ ചെയ്തിട്ടുള്ളത്? എന്നെ കൊലയ്ക്കും ക്രൂശാരോഹ ണത്തിനും കൊടുക്കത്തക്കവണ്ണം, കയ്യാപ്പാ നിനക്ക് നല്കിയതെന്ത്? പുരോഹിതന്മാർ കൈക്കൂലിയായി നിനക്കു എത്രമാത്രം സ്വർണ്ണം നല്കി. ഹന്നാൻ നിനക്കു എത്രമാത്രം ദ്രവ്യം തന്നു? ശിഷ്യന്മാർ അവ രുടെ ഗുരുക്കന്മാർക്കു നല്കുന്ന സമ്മാനം ഇതല്ലല്ലോ. ശിഷ്യാ! നിന്നെ വ്യാമോഹിപ്പിച്ചവൻ ആര്? നിന്റെ സഹോദരഗണത്തിൽനിന്നു നിന്നെ ആർ വേർതിരിച്ചു. നീ വലത്തുഭാഗത്തുള്ളവനായിരുന്നിട്ടും കൊലപാതകന്മാരോടൊന്നിച്ച്, ഗൂഢാലോചന നടത്തി. നീ മനോഹരമായ ദീപേഷ്ടിയായിരുന്നിട്ടും ദുഷ്ടൻ നിന്നിൽ ഊതുകയാൽ നീ കെട്ടുപോയി. നിന്റെ കപ്പൽ ചിതറിപ്പോകുകയും നിന്റെ വ്യാപാരം മുഴുവൻ നശിക്കുകയും ചെയ്തതിനാൽ നിനക്കു ഹാ കഷ്ടം.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

ഞങ്ങളുടെ കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ വലിയ കഷ്ടാനുഭവംമൂലം ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവ കാശികളുമായിത്തീരണമേ.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

**ദുഃഖ വെള്ളിയാഴ്ച പാതിരാത്രിയുടെ മൂന്നാം കൗമാ**

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.

വിധിയാൽവിധിതീർപ്പിനെമായിച്ചോൻ മിശിഹാ
വിധിയിൽ ചേർക്കരുതേ പിഴകൾ ഓർക്കരുതേ

ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
മ്ശീഹോദബ്ദീനൊ ശ്രൊയ്ലെഗ് സൊർദീനൊ
ലദീനോലോതോലാൻഹൌബൈൻലോതസ്ദുകർ

തന്റെ ന്യായവിസ്താരത്താൽ ശിക്ഷാവിധിയെ നീക്കിക്കളഞ്ഞവനായ മിശിഹാ ഞങ്ങളെ ന്യായവി സ്താരത്തിലേയ്ക്ക് പ്രവേശിപ്പിക്കാതെയും ഞങ്ങളുടെ കുറ്റങ്ങളെ ഓർക്കാതെയു ഇരിക്കണമേ.

നാഥാ! തേ സ്തുതിയും മാനം താതന്നും
മഹിമാ, വന്ദനകൾ ശൂദ്ധാ-ത്മാവിനും
ഉണ്ടാ, കുൾകൃപ പാ, പികളാം ഞങ്ങളിലും
മേലാ, മൂറിശിലേം വാതിൽ - ക്കുള്ളിൽ നിൻ
സിംഹാ, സനമണയണ മിപ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ
നിത്യം ശരണവുമേ സ്തോത്രം; ബാറക്മോർ
ലൊക്മോർ തെശുബുഹത്തൊ, ലാബൂക് ഈക്കോറോ
വൽറൂഹൊദക്കുദിശൊ സെഗ്ത്തൊ, റുമറോമൊ
വാലായിൻ ഹാത്തോയെ, റഹമെ വഹനോനൊ
നെസ്പ, സഹൂൻതറഐ ഊറി, ശിലേംദലഎൽ
നേലോൻ സ്ലാവോസാൻ; കിദൊംബിം ദംശീഹോ,
ശുബ്ഹോ, ലൊക്മോറാൻ ശുബ്ഹോ, ലോക്മോറാൻ
ശുബ്ഹോ, ലൊക്സബറൻലഒാലം; ബാറെക്മോർ

എന്റെ കർത്താവേ! നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും കൃപയും ഉണ്ടായിരിക്കണമേ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മ്ശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ ശരണമേ! എന്നേയ്ക്കും നിനക്ക് സുതുതി. ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

## കോലോകൾ

ശെമഓൻ കീപ്പാ പൂവൻകോഴി കൂവുന്നതു കേട്ടപ്പോൾ, തനിക്കു സംഭവിച്ച കാര്യത്തെക്കുറിച്ച് കൈപ്പോടെ കരഞ്ഞു കൊണ്ടു പറഞ്ഞതെന്തെന്നാൽ: - ഇന്നലെ ഞാൻ മാലാഖമാർക്കു സഖിയായിരുന്നു. ഇന്ന് ക്രൂശകർക്കു ഞാൻ കൂട്ടുകാരനായിത്തിർന്നുപോയി. ദാവീദുപുത്രാ; എന്നോടു കരുണയുണ്ടാകണമേ. ഞാൻ അകൃത്യം ചെയ്തു; എന്നോടു ക്ഷമിക്കണമേ. സമുദ്രത്തിൽ വച്ചു ഞാൻ നിന്നെ വിളിച്ചപ്പോൾ നീ എന്നോടു ഉത്തരമരുളി. ഇപ്പോഴും നീ എന്നോടു കരുണ ചെയ്യുകയും എന്റെ കടങ്ങൾ ക്ഷമിക്കുകയും ചെയ്യണമേ. ബാറക്മോർ

പ്രധാന ശിഷ്യൻ കയ്യാപ്പായുടെ മുറ്റത്തു നിന്നുകൊണ്ട് അത്യുച്ചത്തിൽ നിലവിളിച്ചു പറഞ്ഞതെന്തെന്നാൽ: ശ്ലീഹന്മാരെല്ലാവരുമേ! ശെമഓനുവേണ്ടി നിങ്ങൾ അപേക്ഷിപ്പിൻ. ഞാൻ മ്ശിഹായെ മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞു. ഞാൻ എത്രയും അധർമ്മം പ്രവർത്തിച്ചിരിക്കുന്നതിനാൽ; ആകാശവും ഭൂമിയും എന്നെക്കുറിച്ചു കരയും. അവൻ എന്റെ മുമ്പിൽ വാതിൽ അടച്ചുകളഞ്ഞാൽ ഞാൻ ആരിൽ സങ്കേതം പ്രാപിക്കേണ്ടു? കർത്താവേ! എന്നോടു ദയവുണ്ടാകണമേ.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## വീണ്ടും കോലോകൾ

ഈ രാത്രിയിൽ ദുഷ്ടന്മാർ അടുത്തു വന്ന് നിന്നെ പിടിക്കുകയും ശിഷ്യന്മാർ നിന്നെ വിട്ട് ഓടിപ്പോവുകയും ചെയ്തു. ദോഷികൾ നിന്നെ വളഞ്ഞു. കൊലപാതകനെപ്പോലെ, അവർ നിന്നെ കൊണ്ടുപോയി വിധിച്ചു. തുപ്പലാൽ അവർ തിരുമുഖത്തെ അശുദ്ധപ്പെടുത്തി. എല്ലാവിധ പരിഹാസങ്ങളാലും നിന്റെ ചെവിയെ അവർ നിറച്ചു. ഞങ്ങളെ രക്ഷിപ്പാൻ ഇവയെല്ലാം സഹിച്ചവായുള്ളോവേ, നിനക്കു സ്തുതി. ബാറെക്മോർ

ആദാം തോട്ടത്തിൽവച്ച്, ഉരിഞ്ഞുകളഞ്ഞ വസ്ത്രങ്ങൾക്കു പകരം ഈ രാത്രിയിൽ ദുഃഖവസ്ത്രങ്ങൾ അവർ നിന്നെ ധരിപ്പിച്ചു. ആദാം തോട്ടത്തിൽ വച്ച് ദുഃഖം നിറഞ്ഞവനായി. നീയും തോട്ടത്തിൽ വച്ചു ദുഃഖം ധരിച്ചു. എന്തെന്നാൽ നിന്റെ സ്നേഹം ഇവയ്ക്ക് നിന്നെ നിർബന്ധിച്ചു. ദാസന്മാർക്ക് വേണ്ടി ഇവയെല്ലാം കരുണയോടെ സഹിച്ച നാഥൻ വാഴ്ത്തപ്പെട്ടവനാകുന്നു.

## ബോത്തെദ് ഹാശൊ

കർത്താവേ! ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ കഷ്ടാനുഭവവും ഞങ്ങളെപ്രതിയുള്ള നിന്റെ താഴാഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

യൂദാ ഒറ്റിക്കൊടുക്കുന്നു. ശെമഓൻ തള്ളിപ്പറയുന്നു. പുരോഹിതന്മാർ പരിഹസിക്കുന്നു. തന്റെ തലയിൽ അടിക്കുന്നു. മുഖത്തു അവർ തുപ്പുന്നു. ഇവയെല്ലാം സഹിച്ച തന്റെ കരുണയ്ക്കു സ്തുതി. താൻ കോപിക്കുകയോ, നീരസപ്പെടുകയോ ചെയ്തില്ല.

ഈ രാത്രിയിൽ പ്രധാന ശിഷ്യന്റെ അടുക്കൽ ഒരു സ്ത്രീ വന്ന് നീയും അവന്റെ ശിഷ്യന്മാരിൽ ഒരുത്തൻ അല്ലയോ? എന്നു ചോദിച്ചു. ഞാൻ ആ മനഷ്യനെ അറിയുന്നില്ല എന്ന് ആണയിട്ട് അവൻ തള്ളിപ്പറഞ്ഞു.

ഈ രാത്രിയിൽ അവർ വിളക്കു കത്തിച്ച് പ്രകാശത്തിന്റെ രാജാവായ നിന്നെ വിധിച്ചു. താൻ പ്രകാശത്തിൽ വസിക്കുന്നവനാകുന്നു. ആ പ്രകാശത്തിന്റെ മുമ്പിൽ നിന്ദ്യമായ അഗ്നിയെ നീ എത്രയും സഹിച്ചു.

നിന്റെ പിതാവിനോടും നിന്റെ പരിശുദ്ധ റൂഹായോടും കൂടി നീ വന്ദ്യനാകുന്നു. നീ ക്രൂശകരിൽ നിന്നും ശിഷ്യന്മാരിൽനിന്നും സ്ക്കീപ്പായും, കഷ്ടതയും എത്രയും സഹിച്ചു. ഒരുവൻ നിന്നെ ഏല്പിച്ചുകൊടുക്കുകയും മറ്റൊരുവൻ നിന്നെ തള്ളിപ്പറയുകയും ചെയ്തു. ജനം നിന്നെ നിരസിച്ചു. നിന്റെ തിനുനാമത്തിനു സ്തുതി.

കർത്താവേ! നിന്നെ വിധിച്ച ജനത്തെ നീ വിധിക്കുമ്പോൾ ഞങ്ങളോടൊന്നിച്ചു ന്യായവിധിക്കായി നീ പ്രവേശിക്കരുതേ.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## മോർ യാക്കോബിന്റെ ബോവൂസൊ

കഷ്ടാനുഭവത്തനും മരണത്തിനും സ്ക്കീപ്പൂസായ്ക്കുമായി എഴുന്നെള്ളിയ മ്ശിഹാതമ്പുരാനെ, ഞങ്ങളുടെ അപേക്ഷകേട്ട് ഞങ്ങളുടെ ആത്മാക്കൾമേൽ കരുണ ചെയ്യണമേ.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

മരിക്കേണ്ടി വന്നാലും തള്ളിപ്പറകയില്ല എന്നു ഉറപ്പുനല്കിയവൻ - ഞാൻ അറിയുന്നില്ല - എന്നു മൂന്നു പ്രാവശ്യം ആണയിട്ടു ശപിച്ചു പറഞ്ഞു. മാനുഷീകരീതിയിൽ തള്ളിപ്പറയുവാൻ അവൻ നിർബന്ധിതനായി. അങ്ങനെ തള്ളിപ്പറഞ്ഞില്ലായിരുന്നുവെങ്കിൽ കർത്താവിനോടൊന്നിച്ച് അവനെയും അവർ ക്രൂശിക്കുമായിരുന്നു. ക്രൂശാരോഹണത്തിൽ നമ്മുടെ കർത്താവിന് അവൻ കൂട്ടുകാരനാകാതിരിപ്പാൻ തക്കവണ്ണം ഞാൻ അവനെ അറിയുന്നില്ല, എന്ന് തള്ളിപ്പറഞ്ഞു കൊണ്ട് അവൻ ഓടിപ്പോയി.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

ക്രൂശിക്കപ്പെട്ടവൻ ഏകനാകുന്നു. തന്നോടൊരുമിച്ച് വേറൊരുവൻ ആവശ്യമില്ല. ശെമഓൻ തള്ളിപ്പറഞ്ഞുകൊണ്ട് സത്യവാനെപ്പോലെ ഓടിപ്പോയി. തള്ളിപ്പറഞ്ഞില്ലായിരുന്നുവെങ്കിൽ സ്വന്തം നാഥന്റെ സ്ഥലം കൈവശപ്പെടുത്തി തന്നോടൊന്നിച്ചു സ്ക്കീപ്പായിലേക്ക് കരേറുവാൻ ആവശ്യപ്പെടുന്ന അഹങ്കാരി ആകുമായിരുന്നു. ക്രൂശിക്കപ്പെടുവാനുള്ളവൻ തന്നെക്കാൾ വലിയവനായിരുന്നുവന്ന് സ്വയം അറിഞ്ഞിരുന്നുതുകൊണ്ട് അവൻ തന്നെ തള്ളിപ്പറയുകയും സ്വയം കാത്തുകൊള്ളുകയും ചെയ്തു.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

ശപിക്കപ്പെട്ടവനും അന്യനുമായിത്തിരുവാനും സ്ക്കീപ്പൂസായിൽ പുത്രനു സഖിയായിത്തീരാതിരിക്കാനും ആയി അവൻ തുനിഞ്ഞു. അവനെക്കാൾ വലുതായ പരിമാണത്തിൽ നില്ക്കുവാൻ അവനു ആവശ്യമായിരുന്നില്ല. ഗോഗുൽത്തായിൽ രക്ഷകനോടൊന്നിച്ചു അവൻ തറയ്ക്കപ്പെടുവാൻ പാടില്ലായിരുന്നു. അവന്റെ വായിൽനിന്ന് ചെളി പുറപ്പെട്ട് അവനിൽ പുരണ്ടു. അവന്റെ മിഴികളിൽനിന്ന് കണ്ണുനീർ ഒഴുകി. അതു അവന്റെ ശരീരത്തെ കഴുകി. അവന്റെ സൗന്ദര്യം നഷ്ടപ്പെട്ടുവെങ്കിലും അത്യുച്ചത്തിൽ കരഞ്ഞ് അതിനെ കണ്ടെത്തി. അവൻ തന്റെ കരുണയെ സ്തോത്രം ചെയ്കയും ചെയ്തു.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

ശെമഓനെ പുത്രനു ശ്ലീഹായാക്കിത്തീർത്ത പിതാവിനു സ്തുതി. തള്ളിപ്പറഞ്ഞതിനുശേഷം കണ്ണുനീർ മൂലം അവനെ കൈക്കൊണ്ട പുത്രന് വന്ദനം. സിംഹാസനം നൽകി അവനെ പ്രധാനിയാക്കി തീർത്ത റൂഹായ്ക്കു സ്തോത്രം. സംക്ഷേപിക്കാവതല്ലാത്ത മ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

കർത്താവേ! നിന്റെ കഷ്ടാനുഭവത്തിൽ ആകാശവും ഭൂമിയും കഷ്ടത ധരിച്ചു. നീ എത്രയും താഴ്ത്തപ്പെട്ടതിനാൽ ഈറേന്മാരും മനുഷ്യരും അത്ഭുതപ്പെടുകയും ചെയ്തു.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

### ദുഃഖ വെള്ളിയാഴ്ച പാതിരാത്രിയുടെ നാലാം കൗമാ

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
പ്രഹരം വിധിയിൽ ദാസനിൽനിന്നേറ്റോനേ
വിധിനാളൻപാലടിയാരിൽ ദയചെയ്ക

ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
മ്ശീഹൊ ദെസ്കാപ്പാഹ്ബ്ദീനൊ മെൻ അബ്ദെ
ഹുൻലാൻബ്‌യും ദീനോക് വെസറാഹാമേലൈൻ

ന്യായവിസ്താരത്തിൽ തന്റെ ദാസനിൽനിന്ന് കവിളത്ത് അടിയേറ്റവനായ മിശിഹാ! നിന്റെ ന്യായ വിസ്താര ദിവസത്തിൽ കൃപയോടെ ഞങ്ങളോട് കരുണ ചെയ്യണമേ.

നാഥാ! തേ സ്തുതിയും മാനം താതന്നും
മഹിമാ, വന്ദനകൾ ശൂദ്ധാ-ത്മാവിനും
ഉണ്ടാ, കുൾകൃപ പാ, പികളാം ഞങ്ങളിലും
മേലാ, മൂറിശ്ലേം വാതിൽ - ക്കുള്ളിൽ നിൻ
സിംഹാ, സനമണയണ മിപ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ
നിത്യം ശരണവുമേ സ്തോത്രം; ബാറക്മോർ

ലൊക്മോർ തെശുബുഹത്തൊ, ലാബൂക് ഈഓക്കോറോ
വൽറൂഹൊദക്കുദിശൊ സെഗ്ത്തൊ, റുമറോമൊ
വാലായിൻ ഹാത്തോയെ, റഹമെ വഹനോനൊ
നെസ്പ, സഹൂൻതറഐ ഊറി, ശിലേംദലഎൽ
നേലോൻ സ്ലാവോസാൻ; കിദൊംബിം ദംശീഹോ,
ശുബ്ഹോ, ലൊക്മോറാൻ ശുബ്ഹോ, ലോക്മോറാൻ
ശുബ്ഹോ, ലൊക്സബറൻലഓലം; ബാറെക്മോർ

എന്റെ കർത്താവേ! നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും കൃപയും ഉണ്ടായി രിക്കണമേ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മ്ശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ ശരണമേ! എന്നേയ്ക്കും നിനക്ക് സുതുതി. ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

## <u>കോലോകൾ</u>

ഈ രാത്രിയിൽ നമ്മുടെ കർത്താവു ന്യായസ്ഥലത്തേക്കു പ്രവേശിച്ച് വംശത്തലവനായ ആദാ മിന്റെ ന്യായത്തിർപ്പിനെ നീക്കിക്കളഞ്ഞു. എന്നാൽ ഹന്നാൻ ഇരിക്കുകയും കയ്യാപ്പാ ന്യായം വിധിക്കു കയും ജനം ഇവൻ മരണയോഗ്യനാകുന്നു എന്ന് അട്ടഹസിക്കുകയും ചെയ്യുന്നു. ദൈവപുത്രൻ ഇവ യെല്ലാം അക്രമജനത്തിൽനിന്നും സഹിച്ചു.

*ബാറക്മോർ*

അസൂയ എത്രയും കൈപ്പുള്ളതും അതിന്റെ സ്നേഹം കഷ്ടവും ആകുന്നു. അതിനോടൊന്നിച്ചു വേല ചെയ്യുന്നവനു രണ്ടു ലോകത്തിലും കഷ്ടം എന്നു യൂദാ സാക്ഷിക്കുന്നു. യൂദാ അതനോടൊ ന്നിച്ചു വേല ചെയ്തപ്പോൾ ഏതു കൂലി പ്രാപിച്ച് പുറപ്പെട്ടുപോയി? ശ്ലീഹാസ്ഥാനത്തിനു പകരം തൂങ്ങി മരണവും നിത്യജീവനു പകരം കെട്ടുപോകാത്തതായ അഗ്നിയും അവൻ പ്രാപിച്ചു.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## <u>വീണ്ടും കോലോകൾ</u>

അന്ധകാരപുത്രന്മാർ നീതിയുടെ സൂര്യനെ വീശിപ്പിടിക്കേണ്ടതിന് രാത്രിയിൽ പുറപ്പെട്ടു. തന്റെ പ്രഭയിൽ അവർ ഭ്രമിച്ചു വീണു. നിർമ്മലനായ താൻ അവരോട് സംസാരിച്ചു. അവർ ശക്തിപ്രാപിച്ച് നിലത്തുനിന്ന് എഴുന്നേറ്റു. വഞ്ചകനായ യൂദാ അടുത്തുചെന്നു ഗുരുവേ, സമാധാനം എന്നു പറഞ്ഞു. അവർ തന്റെ മേൽ കൈവച്ചു. ആ അക്രമികൾക്കു യാതൊരു പരിഭ്രമവും ഉണ്ടായില്ല.

*ബാറക്മോർ*

മഹാസമുദ്രത്തിനു മണലാൽ താൻ അതിർ നിശ്ചയിച്ചിട്ട് പ്രബല തിരമാലകൾ ഉയർന്നാലും അതിനെ ലംഘിക്കാതിരിക്കുന്നു. അധർമ്മികളായ വഞ്ചകന്മാർ ബലമായി തന്നെ പിടിപ്പാൻ പുറപ്പെട്ടു. തന്റെ മഹാശക്തി പുറപ്പെട്ട് അവരെ നിലത്തു പതിപ്പിച്ച് അവരുടെ കൈകളിൽ തന്നത്താൻ ഏല്പിച്ചു കൊടുത്തു.

## ബോത്തെദ്ഹാശോ

കർത്താവേ, ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവവും ഞങ്ങളെപ്രതിയുള്ള നിന്റെ താഴാഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

ന്യായാധിപന്മാരുടെ ന്യായാധിപൻ ഈ രാത്രിയിൽ ന്യായസ്ഥലത്തേക്കു പ്രവേശിച്ചു. സകല സ്ഥലവും തന്റേതായിരിക്കുന്നവനും തന്റെ സ്ഥാനത്തുനിന്നു താൻ വാഴ്ത്തപ്പെട്ടവനാകുന്നു എന്ന് ക്രൂബേന്മാർ അട്ടഹസിക്കുന്നവനും ആയ തന്നോട് നിന്റെ സ്ഥലം ഏതാകുന്നു എന്നു പുരോഹിതന്മാർ ചോദിച്ചു.

ഈ രാത്രിയിൽ മൺപൂഴിയായവൻ ഇരിക്കുകയും ദൈവം അതിന്റെ മുമ്പാകെ നില്ക്കുകയും ചെയ്തു. താൻ ചോദ്യം ചെയ്യപ്പെടുകയും കുറ്റം കൂടാതെ സർവ്വ സൃഷ്ടികളുടേയും രക്ഷകനായ താൻ തല കുനിക്കുകയും ചെയ്തു.

സ്രോപ്പേന്മാർ തന്നിൽ സൂക്ഷിച്ചുനോക്കുവാൻ കഴിയാതെ തങ്ങളുടെ മുഖങ്ങൾ മൂടുന്നു എന്നവനെ ജനത്തിന്റെ പ്രധാനികൾ വിധിച്ച് ശിക്ഷിച്ചു. ശപിക്കപ്പെട്ട യൂദജനം ന്യായസ്ഥലത്തുവച്ച് തന്റെ മുഖത്തു തുപ്പുകയും ചെയ്തു.

കാരുണ്യവാനും ദയവാനും ആയ തന്നെ പിതാവിനോടും പരിശുദ്ധ റൂഹായോടും കൂടെ നാമെല്ലാവരും ഏറ്റം സ്തുതിക്കണം. വിവേകപ്രകൃതിയും ഏക ശ്രേഷ്ഠതയുമാകുന്ന തന്നെ സർവ്വ സൃഷ്ടിയും വന്ദിക്കുന്നു.

കർത്താവേ! നിന്നെ വിധിച്ച ജനത്തെ നീ വിധിക്കുമ്പോൾ ഞങ്ങളോടൊന്നിച്ചു ന്യായവിധിക്കായി നീ പ്രവേശിക്കരുതേ.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## മോർ അപ്രേമിന്റെ ബൊവൂസാ

ഞങ്ങളുടെ കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ വലിയ കഷ്ടനുഭവം മൂലം ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളുമായിത്തീരണമേ.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

രക്ഷകനെ ദുഷ്ടന്മാർ പിടിച്ചു ന്യായസ്ഥലത്തേക്കു പ്രവേശിപ്പിച്ച് ബന്ധിച്ചു. ശെമഒാൻ സ്വഗുരുവിനെ തള്ളിപ്പറയുന്ന സമയം അടുത്തു. ഈ രാത്രിയിൽ മുന്നു പ്രവശ്യം നീ എന്നെ തള്ളിപ്പറയുമെന്നു കർത്താവു പറഞ്ഞ വചനം വ്യർത്ഥമായിപ്പോകുവാൻ പാടില്ലായിരുന്നു. വാതിൽ കാവൽക്കാരിയായ ബാല്യക്കാരി അവന്റെ നേരെ വന്നു നീയും യേശുവിന്റെ ശിഷ്യനല്ലയോ എന്നു ചേദിച്ചു. ശെമഒാൻ ഉത്തരമായിട്ട് ഈ മനുഷ്യനെ ഞാൻ കണ്ടിട്ടില്ല എന്നു ആണയിട്ട് തള്ളിപ്പറഞ്ഞു.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

ദൈവമേ! നിന്റെ കൃപ എത്രയോ അത്ഭുതകരമാകുന്നു. നിന്നെ സ്തോത്രം ചെയ്യുവാൻ ഞങ്ങൾക്കു പ്രാപ്തിയില്ല. ഞങ്ങൾക്കുവേണ്ടി ദാസനിൽനിന്നു നീ അടിയേറ്റു. ശപിക്കപ്പെട്ട ദാസനായ ഹന്നാനേ! സ്വസൃഷ്ടാവിനെ നിന്ദിച്ച അരിഷ്ട ദാസാ! നീ രണ്ടു മരണം മരിക്കുന്നതിനാൽ നീ മനുഷ്യനല്ലയോ? നിന്റെ ദാസ്യത്വം മുഴുവനായും ശപിക്കപ്പെട്ടതാകുന്നു. നിന്റെ അഹങ്കാരത്താൽ ക്രോധം നിന്റെ മേൽ ഇരിക്കുന്നു. ശപിക്കപ്പെട്ട ദാസനേ, നിനക്കു കഷ്ടം! നീ രണ്ടു യജമാനന്മാർക്കു കീഴ്പ്പെട്ടുപോയി. സ്വാഭാവികമായ ഒരു ദാസ്യത്തിനും സാത്താന്റെ ദാസ്യത്തിനും തന്നെ. മനുഷ്യവർഗ്ഗത്താൽ നീ ശപിക്കപ്പെട്ടവനാകുന്നു. നിനക്കു എന്നേക്കും ദുരിതം.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

ഞങ്ങളുടെ കർത്താവേ ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ വലിയ കഷ്ടാനുഭവം മൂലം ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളുമായിത്തീരണമേ.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

ഹാലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ, ദൈവമേ! നിനക്കു സ്തുതി
ഹാലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ, ദൈവമേ! നിനക്കു സ്തുതി
ഹാലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ, ദൈവമേ! നിനക്കു സ്തുതി

148, 149, 150 മസ്മൂർകൾ

**ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റു സ്തുതിപ്പിൻ**

(148)ആകാശത്തിൽനിന്നു കർത്താവിനെ സ്തുതിപ്പിൻ; അത്യുന്നതങ്ങളിൽ, തന്നെ സ്തുതിപ്പിൻ.

തന്റെ സകല മാലാഖമാരുമേ! തന്നെ സ്തുതിപ്പിൻ; തന്റെ സകല സൈന്യങ്ങളുമേ തന്നെ സ്തുതിപ്പിൻ;

ആദിത്യ ചന്ദ്രന്മാരെ തന്നെ സുതിപ്പിൻ, പ്രകാശമുള്ള സകല നക്ഷത്രങ്ങളുമെ! തന്നെ സ്തുതിപ്പിൻ.

ആകാശങ്ങളുടെ ആകാശങ്ങളും, ആകാശങ്ങൾക്കു മീതെയുള്ള വെള്ളവുമെ! തന്നെ സ്തുതിപ്പിൻ; അവ കർത്താവിന്റെ നാമം സ്തുതിക്കട്ടെ!

എന്തെന്നാൽ താൻ അരുളിച്ചെയ്തു; അവ ഉണ്ടായി. താൻ കൽപ്പിച്ചു; അവ സൃഷ്ടിക്കപ്പെട്ടു.

താൻ എന്നേക്കുമായി അവയെ സ്ഥിരപ്പെടുത്തി. താൻ ഒരു നിയമം നിശ്ചയിച്ചു. അത് അഴിയുന്നതുമല്ല.

ഭൂമിയിൽനിന്നു മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും, അഗ്നിയും, കൽമഴയും, മഞ്ഞും, ഹിമകണങ്ങളും, തന്റെ വചനപ്രകാരം പ്രവർത്തിക്കുന്ന കാറ്റുകളും, കൊടുങ്കാറ്റുകളും

പർവ്വതങ്ങളും, സകല മലകളും, ഫലവൃക്ഷങ്ങളും, സകല കാരകിലുകളും, മൃഗങ്ങളും, സകല കന്നുകാലികളും, ഇഴജന്തുക്കളും, പക്ഷികളും, പറവകളും!

ഭൂമിയിലെ രാജാക്കന്മാരും, സകല ന്യായിധപതിമാരും; ശിശുക്കളും, കന്യകകളും, വൃദ്ധന്മാരും, യൗവ്വനക്കാരും, ആയുള്ളോരേ! കർത്താവിനെ സ്തുതിപ്പിൻ; ഇവർ കർത്താവിന്റെ നാമം സ്തുതിക്കട്ടെ.

എന്തെന്നാൽ തന്റെ നാമം മാത്രം വലുതാകുന്നു. തന്റെ മഹത്വം ആകാശത്തിലും ഭൂമിയിലും വ്യാപിച്ചിരിക്കുന്നു.

സ്വജനത്തിന്റെ കൊമ്പിനെയും, തന്റെ സകല നീതിമാന്മാർക്കും സ്വജനമായ ഇസ്രായേൽക്കാർക്കും മഹത്വത്തേയും ഉയർത്തുന്നു.

(149) കർത്താവിനു ഒരു പുതിയ പാട്ടും, നീതിമാന്മാരുടെ സഭയിൽ തന്റെ സ്തുതിയും പാടുവിൻ. ഇസ്രായേൽ തന്റെ സ്രഷ്ടാവിൽ സന്തോഷിക്കയും, സെഹിയോൻ പുത്രന്മാർ അവരുടെ രാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

അവർ തപ്പുകളാലും, ചതുരതപ്പുകളാലും തന്റെ നാമം സ്തുതിക്കുകയും, വീണകൾ കൊണ്ടു തനിക്കു പാടുകയും ചെയ്യട്ടെ.

എന്തെന്നാൽ കർത്താവു തന്റെ ജനത്തിൽ ഇഷ്ടപ്പെടുന്നു. ദരിദ്രന്മാർക്ക് രക്ഷകൊടുക്കുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ പ്രബലപ്പെടും. അവർ സ്വന്ത കട്ടിലുകളിന്മേൽ തന്നെ സ്തുതിക്കയും, അവരുടെ കണ്ഠങ്ങൾ കൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

വിജാതികൾക്കു പ്രതിക്രിയയും, സ്വജനത്തിനു ശിക്ഷയും ചെയ്യാനും, അവരുടെ രാജാക്കന്മാരെ ആലാത്തുകൾ കൊണ്ടും, മാന്യന്മാരെ ഇരുമ്പു ചങ്ങല കൊണ്ടും ബന്ധിപ്പാനും, എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെമേൽ നടത്തുവാനും, സകല നീതിമാന്മാർക്കും മഹത്ത്വം ഉണ്ടാകുവാനുമായിട്ട് അവരുടെ കൈകളിൽ ഇരുമുനവാൾ ഉണ്ട്.

(150) കർത്താവിനെ വിശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ; തന്റെ ശക്തിയുടെ ആകാശത്തട്ടിൽ തന്നെ സ്തുതിപ്പിൻ.

തന്റെ വല്ലഭത്വത്തിൽ തന്നെ സ്തുതിപ്പിൻ. തന്റെ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ തന്നെ സ്തുതിപ്പിൻ. കാഹള ശബ്ദത്താൽ തന്നെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും തന്നെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരതപ്പുകളാലും തന്നെ സ്തുതിപ്പിൻ. രസമുള്ള കമ്പികളാൽ തന്നെ സ്തുതിപ്പിൻ. നാദമുള്ള കൈത്താളങ്ങളാൽ തന്നെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും തന്നെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

(116) സകലജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമെ! തന്നെ മഹത്വപ്പെടുത്തുവിൻ.

എന്തെന്നാൽ തന്റെ കൃപ നമ്മുടെ മേൽ വർദ്ധിച്ചിരിക്കുന്നു. താൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

ത്രിത്വത്തിനു സ്തുതി. ത്രിത്വത്തിനു സ്തുതി. സ്തുതിക്കപ്പെട്ടതും ഉണ്മയായതും ആദിയുമന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ! എല്ലാ നേരത്തും സ്തുതി നിനക്കു യോഗ്യമാകുന്നു.

## കോലോകൾ

പീലാത്തോസിന്റെ ഭാര്യ ആളയച്ചു പറഞ്ഞതെന്തെന്നാൽ: നീ വിധിക്കുന്ന മനുഷ്യൻ ന്യായാധിപന്മാരുടെ ന്യായധിപനാകുന്നു. അവൻ വന്നു നിന്നെ വിധിപ്പാനുള്ളവനാകകൊണ്ട് നീ അവനെ വിധിക്കരുത്. നിന്റെ പ്രാണൻ അവന്റെ കൈകളിൽ ഇരിക്കുന്നു. അവന്റെ രക്തം നിന്നോടു ചോദിക്കും. വെള്ളമെടുത്ത് നിന്റെ കൈകൾ കഴുകി, അവന്റെ രക്തത്തിൽ നിന്നും നീ മോചനം നേടിക്കൊള്ളുക. അവന്റെ രക്തം കയ്യാപ്പായുടെ മേലും അവനെ ഒറ്റിക്കൊടുത്ത യൂദായുടെ മേലും ഇരിക്കട്ടെ.

*ബാറക്മോർ*

വഞ്ചകനായ യൂദാ, സങ്കടത്തോടും ദുഃഖത്തോടും പറഞ്ഞതെന്തന്നാൽ: ഞാൻ ഉന്നതരാജ്യത്തിൽ നിന്നു നരകത്തിലേക്കു തള്ളപ്പെട്ടിരിക്കുകയാൽ എനിക്ക് കഷ്ടം! ഞാൻ ദൈവപുത്രന്റെ വിലയായ മുപ്പതു വെള്ളിക്കാശ് മഹാപുരോഹിതന്മാരിൽ നിന്നു പ്രാപിച്ചു. എന്റെ സഖിമാർ ലോകത്തെ വിധിപ്പാനായി ആസനസ്ഥരാകുമ്പോൾ എനിക്കു കഷ്ടം! ഞാൻ എന്റെ ഉന്നത സിംഹാസനത്തിലേക്കു സൂക്ഷിച്ചു നോക്കുകയും അതിന്മേൽ എനിക്ക് ഇരിക്കുവാൻ ഇടയാകാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് എനിക്കു കഷ്ടം!

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## വീണ്ടും കോലോകൾ

പീലാത്തോസിനോടു അവന്റെ ഭാര്യ ആളയച്ചു പറയിച്ചത്: നിനക്ക് ആ നീതിമാനോട് ഒന്നും ഉണ്ടാകരുത്, ഞാൻ രാത്രിയിൽ ഉറങ്ങിക്കിടക്കുമ്പോൾ സൈന്യങ്ങളും പെരുമ്പാമ്പുകളും എന്നെ വളയുന്നതായും എന്നെ നശിപ്പിക്കുവാൻ വായ് തുറക്കുന്നതായും നിന്റെ മുമ്പാകെ വിധിക്കപ്പെടുന്നവൻ കൈ നീട്ടി അവയെ തടയുന്നതായും ദർശനം കണ്ടിരിക്കുന്നു. അവന്റെ രക്തത്തിനു നിന്റെ കൈ നീട്ടരുത്.

*ബാറക്മോർ*

ന്യായാധിപൻ വെള്ളം വരുത്തി കൈകൾ കഴുകി. ഈ നീതിമാന്റെ രക്തത്തിൽനിന്നു ഞാൻ ഒഴിഞ്ഞിരിക്കുന്നു എന്നു പറഞ്ഞു. എല്ലാവരും അട്ടഹസിച്ച് അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും ഇരിക്കട്ടെ എന്നു പറഞ്ഞു. അവരെ ഉന്മൂലനാശം ചെയ്തു ചിതറിക്കുയും തെറ്റിപ്പോയിരുന്ന ജാതികളെ വിളിച്ചു രാജ്യത്തിനവകാശികളാക്കി തീർക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

## ബോത്തെദ്ഹാശോ

കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവവും ഞങ്ങളെപ്രതിയുള്ള നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

ആദാമിനു വസ്ത്രം ഉണ്ടാക്കിക്കൊടുത്തവനെ അശുദ്ധന്മാർ പരിഹാസവസ്തം ധരിപ്പിച്ചു. ആദാമിനെ മരണത്തിൽ നിന്നു സ്വാതന്ത്രപ്പെടുത്തിയവന് അവർ മുൾക്കിരീടം ഉണ്ടാക്കിക്കൊടുക്കുകയും ശപിക്കപ്പെട്ട ദാസൻ ചെകിട്ടത്തടിക്കുകയും ചെയ്തു.

കോൽ കൊണ്ടു അവർ തന്നെ അടിക്കുകയും നമ്മുടെ തലയെ ഉയർത്തിയ ഉത്തമനായ തന്റെ തലയിൽ ഇടിക്കുകയും ചെയ്തു. തന്റെ ശബ്ദത്താൽ മരിച്ചവരെ എഴുന്നേല്പിക്കുകയും വചനത്താൽ സമുദ്രത്തെ പ്രളയപ്പെടുത്തുകയും ചെയ്യുന്ന തന്റെ മേൽ നിന്ദയും പരിഹാസ വചനങ്ങളും അവർ വർഷിച്ചു.

വാഴ്ത്തപ്പെട്ട പുത്രനും ഉത്തമനാഥനുമായുള്ളോവേ, നിന്റെ കരുണയ്ക്കു സ്തുതി. സ്നേഹം മൂലം ബന്ധനവും ദണ്ഡനവും വിധിയും ഞങ്ങൾക്കുവേണ്ടി നീ സഹിച്ചു. നിനക്കും നിന്നെ അയച്ച പിതാവിനും വിശുദ്ധ റൂഹായ്ക്കും സ്തുതി.

കർത്താവേ! നിന്നെ വിധിച്ച ജനത്തെ നീ വിധിക്കുമ്പോൾ ഞങ്ങളോടൊന്നിച്ച് ന്യായവിധിക്കായി നീ പ്രവേശിക്കരുതേ.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## മോർ യാക്കോബിന്റെ ബോവൂസാ

കഷ്ടാനുഭവത്തിനും മരണത്തിനു സ്ക്കീപ്പൂസായ്ക്കുമായി എഴുന്നെള്ളിയ മ്ശിഹാതമ്പുരാനേ, ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ അത്മാക്കൾമേൽ കരുണ ചെയ്യണമേ.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

ഈ രാത്രിയിൽ ഇടയൻ ആടുകളെ പ്രതി അടിയേറ്റു. അവനെ അനുഗമിച്ചിരുന്ന കുഞ്ഞാടുകളെല്ലാം ചിതറിപ്പോയി. ഈ രാത്രിയിൽ മത്തായിയെ കാണുന്നില്ല. തോമ്മാ ഓടിപ്പോടിയിരിക്കുന്നു. യാക്കോബും മറഞ്ഞിരിക്കുന്നു. ശെമഒൻ തള്ളിപ്പറയുന്നു. പുത്രനോ മൗനമായിരിക്കുന്നു.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

മഹാസ്നേഹത്താൽ അന്യായക്കാരിൽനിന്ന് കഷ്ടതയും നിന്ദയും എല്ലാ തിന്മകളും സഹിച്ചവനായുള്ളോവേ, നിനക്കു സ്തുതി. കർത്താവേ നിന്റെ കഷ്ടാനുഭവത്താൽ നിന്റെ മണവാട്ടിയായ സഭ നിന്നോടെന്നിച്ചു കഷ്ടം അനുഭവിച്ചിരിക്കുന്നു. നിന്റെ പുനരുത്ഥാന ദിവസത്തിൽ അതിന്റെ മക്കളെ നിന്റെ രാജ്യത്തിൽ സന്തോഷിപ്പിക്കുണമേ.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

കർത്താവേ! നിന്റെ കഷ്ടാനുഭവത്തിൽ ആകാശവും ഭൂമിയും കഷ്ടത ധരിച്ചു. നീ എത്രയും താഴ്ത്തപ്പെട്ടതിനാൽ ഈറേന്മാരും മനുഷ്യരും അത്ഭുതപ്പെടുകയും ചെയ്തു.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

## മാലാഖമാരുടെ സ്തുതിപ്പ്

അത്യുന്നതങ്ങളിൽ സ്വർഗ്ഗത്തിലെ മാലാഖമാരും പ്രധാന മാലാഖമാരും സ്തുതിക്കുന്നതുപോലെ ബലഹീനരും മണ്മയരുമായ ഞങ്ങളും സ്തുതിച്ച് പറയുന്നു.

എല്ലാക്കാലവും എല്ലാസമയത്തും ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും, ഭൂമിയിൽ സമാധാനവും നിരപ്പും,മനുഷ്യമക്കൾക്കു നല്ല ശരവുമുണ്ടായിരിക്കട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കയും വാഴ്ത്തുകയും വന്ദിക്കുകയും ചെയ്യുന്നു; സ്തുതിയുടെ ശബ്ദം നിനക്കു ഞങ്ങൾ കരേറ്റുന്നു.

സർവ്വശക്തിയുള്ള പിതാവായ ദൈവവും സ്വർഗ്ഗീയ രാജാവും സ്രഷ്ടാവുമായ കർത്താവേ! നിന്നെയും, യേശുമിശിഹായായ ഏകപുത്രനായിരിക്കുന്ന ദൈവമായ കർത്താവേ! പരിശുദ്ധ റൂഹായോടുകൂടെ നിന്നെയും, നിന്റെ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ സ്തുതിക്കുന്നു.

പിതാവിന്റെ പുത്രനും വചനവും ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനുമായ ദൈവത്തിന്റെ കുഞ്ഞാടായ ദൈവമായ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യണമേ.

ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനും തന്റെ പിതാവിന്റെ വലതുഭാഗത്തു മഹത്വത്തോടുകൂടി ഇരിക്കുന്നവനായുള്ളോവേ! നിന്റെ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈകൊണ്ട് ദയതോന്നി ഞങ്ങളോടു കരുണ ചെയ്യണമേ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു. പിതാവായ ദൈവത്തിന്റെ മഹത്വത്തിനു പരിശുദ്ധ റൂഹായോടുകൂടെ യേശുമിശിഹായായ നീ മാത്രം കർത്താവുമാകുന്നു. ആമ്മീൻ.

എല്ലാക്കാലത്തും ഞങ്ങൾ ജീവനോടിരിക്കുന്ന ദിവസങ്ങളൊക്കെയും നിന്നെ വാഴ്ത്തുകയും എന്നേക്കും വാഴ്ത്തപ്പെട്ടതും നിത്യത്വമുള്ളതുമായ നിന്റെ പരിശുദ്ധ നാമത്തെ സ്തുതിക്കയും ചെയ്യും.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ! നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ നാമം മഹത്ത്വമുള്ളതും നീ എന്നേക്കും മഹത്ത്വങ്ങളിൽ പ്രഭാവമുള്ളവനുമാകുന്നു.

സ്തുതി നിനക്കു യോഗ്യമാകുന്നു; മഹത്ത്വം നിനക്കു യുക്തമാകുന്നു. സകലത്തിന്റെയും ദൈവവും, സത്യത്തിന്റെ പിതാവുമായവനേ! നിനക്കും ഏകപുത്രനും ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും പുകഴ്ച ചേർച്ചയാകുന്നു. അതു ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

**ഞങ്ങളുടെ കർത്താവായ യേശുമിശിഹാ!** നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ നീ അടയ്ക്കരുതേ. കർത്താവേ! ഞങ്ങൾ പാപികളാകുന്നു; എന്നു ഞങ്ങൾ ഏറ്റുപറയുന്നു; ഞങ്ങളോടു കരുണയുണ്ടാകണമേ.

കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തുനിന്ന് ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കികൊണ്ട് വന്നു; ഞങ്ങളോടു കരുണ ചെയ്യണമേ.

**ദുഃഖ വെള്ളിയാഴ്ച പാതിരാത്രിയുടെ മാലാഖമാരുടെ സ്തുപ്പിനുശേഷമുള്ള കൗമാ**

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
തള്ളിയശെമഓനേകീ നീ ഋണമുക്തി
നിന്നിൽ ശരണപ്പെട്ടോനെന്മേൽ കൃപ ചെയ്ക
ശെമഊൻദക് ഫർബോക് ഹാസീത്ത് ലേഹൗബൗ
മേനൊ ദ്തെപ്പ്സെസ് ബോക് എസറാഹാമ്മേലൈൻ

നിന്നെ ഉപേക്ഷിച്ചവനായ ശെമഓന്റെ കുറ്റങ്ങളെ നീ പരിഹരിച്ചതുപോലെ നിന്നിൽ സങ്കേതം പ്രാപിച്ചിരിക്കുന്നവനോയ എന്നോട് കരുണ ചെയ്യണമേ.

നാഥാ! തേ സ്തുതിയും മാനം താതന്നും
മഹിമാ, വന്ദനകൾ ശൂദ്ധാ-ത്മാവിനും
ഉണ്ടാ, കുൾകൃപ പാ, പികളാം ഞങ്ങളിലും
മേലാ, മൂറിശിലേം വാതിൽ - ക്കുള്ളിൽ നിൻ
സിംഹാ, സനമണയണ മിപ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ
നിത്യം ശരണവുമേ സ്തോത്രം; ബാറക്മോർ

ലൊക്മോർ തെശുബുഹത്തൊ, ലാബൂക് ഈക്കോറോ
വൽറൂഹൊദക്കുദിശൊ സെഗ്ത്തൊ, റുമറോമൊ
വാലായിൻ ഹാത്തോയെ, റഹമെ വഹനോനൊ
നെസ്പ, സഹൂൻതറഐ ഊറി, ശിലേംദലഎൽ
നേലോൻ സ്ലാവോസാൻ; കിദൊംബിം ദംശീഹോ,
ശുബ്ഹോ, ലൊക്മോറാൻ ശുബ്ഹോ, ലോക്മോറാൻ
ശുബ്ഹോ, ലൊക്സബറൻലഓലം; ബാറെക്മോർ

എന്റെ കർത്താവേ! നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും കൃപയും ഉണ്ടായിരിക്കണമേ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മ്ശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ ശരണമേ! എന്നേയ്ക്കും നിനക്ക് സുതുതി. ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

ദുഃഖ വെള്ളി പ്രഭാത നമസ്ക്കാരം

## പ്രാരംഭ സ്തുതി

✠

✠*പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യേക ദൈവത്തിന്റെ തിരുനാമത്തിൽ,* തനിക്കു സ്തുതി. നമ്മുടെമേൽ തന്റെ കരുണയും മനോഗുണവും എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

*ആകാശവും ഭൂമിയും തന്റെ സ്തുതികൾ കൊണ്ട് നിറഞ്ഞിരിക്കുന്ന* ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി.

*ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ* വന്നവനും വരുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു; ഉയരങ്ങളിൽ സ്തുതി.

**ദുഃഖ വെള്ളിയാഴ്ച പ്രഭാതം** (തുടക്കത്തിലും അവസാനത്തിലും)

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ

പീഡാതാഴ്ചകളാൽ നമ്മെ വീണ്ടോനാം മ്ശിഹാ-യേ
വാഴ്ത്തി നമിക്കാം പുലർകാലേ
ബ് ഏദോനൊ-ദു സഫറോനൗദേനെസ്ഗുദ്‌ലേ
ലംശീഹോ ദുപറുക്കൻബഹാശേതു മുക്കോക്കോ

തന്റെ കഷ്ടാനുഭവത്താലും താഴ്മയാലും ഞങ്ങളെ രക്ഷിച്ചവനായ മ്ശിഹായെ ഈ പ്രഭാത സമയത്ത് ഞങ്ങൾ സ്തോത്രം ചെയ്ത് വന്ദിക്കുന്നു.

നാഥാ! തേ സ്തുതിയും മാനം താതന്നും
മഹിമാ, വന്ദനകൾ ശുദ്ധാ-ത്മാവിനും
ഉണ്ടാ, കുൾകൃപ പാ, പികളാം ഞങ്ങളിലും
മേലാ, മൂറിശിലേം വാതിൽ - ക്കുള്ളിൽ നിൻ
സിംഹാ, സനമണയണ മിപ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ
നിത്യം ശരണവുമേ സ്തോത്രം; ബാറക്മോർ

ലൊക്മോർ തെശുബുഹത്തൊ, ലാബൂക് ഈക്കോറോ
വൽറൂഹൊദക്കുദിശൊ സെഗ്ത്തൊ, റുമറോമൊ
വാലായിൻ ഹാത്തോയെ, റഹമെ വഹനോനൊ
നെസ്പ, സഹൂൻതറഐ ഊറി, ശിലേംദലഎൽ
നേലോൻ സ്ലാവോസാൻ; കിദൊംബിം ദംശീഹോ,
ശുബ്ഹോ, ലൊക്മോറാൻ ശുബ്ഹോ, ലോക്മോറാൻ
ശുബ്ഹോ, ലൊക്സബറൻലഗാലം; ബാറെക്മോർ

എന്റെ കർത്താവേ! നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും കൃപയും ഉണ്ടായിരിക്കണമേ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മ്ശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ ശരണമേ! എന്നേയ്ക്കും നിനക്ക് സുതുതി. ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

## 51-ാം മസ്മൂർ

ദൈവമേ! നിന്റെ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമെ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമെ.

എന്റെ അനീതിയിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ ഞാൻ എന്റെ കുറ്റങ്ങളെ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. സന്നിധിയിൽ തിന്മകളേയും ചെയ്തു. അതിനാൽ നിന്റെ വചനത്തിൽ നീ നീതികരിക്കപ്പെടും നിന്റെ വിധികളിൽ നീ ജയിക്കും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കയും ചെയ്തു.

എങ്കിലും നീതിയിൽ നിനക്ക് തിരുവിഷ്ടമായി . നിന്റെ ജ്ഞാന രഹസ്യങ്ങൾ നീ എന്നോടറിയിച്ചു.

സോപ്പാകൊണ്ട് എന്റെ മേൽ നീ തളിക്കണമെ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെൺമയാക്കണമെ; ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തനാക്കണമെ. ക്ഷീണിച്ചിരിക്കുന്ന എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ കുറ്റങ്ങളെല്ലാം മായിച്ചു കളയണമെ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. തിരുസന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയും അരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചുതരണമേ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരികയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമെ. എന്റെ വായ് നിന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല; സമാധാനഹോമങ്ങളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം തകർന്ന ഹൃദയത്തെ നിരസിക്കയില്ല.

തിരുവുള്ളമുണ്ടായി സെഹിയോനോടു നന്മ ചെയ്യണമെ. യറുശലേമിന്റെ മതിലുകളെ പണിയണമെ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും സമാധാന ഹോമങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിൻമേൽ അവർ കാളകളെ ബലി കഴിക്കും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ
കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോട്
കരുണചെയ്യണമെ... മൊറിയോ..

## എനിയോനോ

രക്ഷിപ്പാൻ-കുറ്റക്കാരൻ പോൽ
ന്യായ-സ്ഥാനം പ്രാപിതനേ!
ദേവാ! ദയചെയ്തീടണമേ.
ദാസൻ ത-ന്നടി കന്നത്തേറ്റു
കന്മ-ഷദാസരെ വീണ്ടോനേ!
ദേവാ! ദയചെയ്തീടണമേ.
തലമേൽകോൽ-കൊണ്ടടിയേറ്റടിയാർ തൻ
പാപ-ച്ചീട്ടു പൊളിച്ചോനേ!
ദേവാ! ദയചെയ്തീടണമേ.
മന്നവരും-വിധിനാഥന്മാരും
കൊല്ലാൻ-ചതിവാലാർന്നോനേ!
ദേവാ! ദയചെയ്തീടണമേ.
നിർദ്ദോഷം-സകലവിധീശ്വരനേ!
ദോഷി-കളാൽ വിധിയേറ്റോനേ
ദേവാ! ദയചെയ്തീടണമേ.

നീതിഷാാാ! പുണ്യനിധേ! സ്വഹിതാൽ
ദ്രോഹി-കളാൽ വിധിയേറ്റോനേ!
ദേവാ! ദയചെയ്തീടണമേ.
*കുറിയേലായിസ്സോൻ*

63-ാം മസ്മൂർ

എന്റെ ദൈവമേ! നീ എന്റെ ദൈവമാകുന്നു. ഞാൻ നിനക്കായി കാത്തിരിക്കും.

ദാഹിച്ച് വരണ്ട് വെള്ളത്തിന്നായി ആഗ്രഹിച്ചിരിക്കുന്ന ഭൂമിയെപ്പോലെ എന്റെ ആത്മാവു നിനക്കായി ദാഹിച്ചിരിക്കുന്നു. എന്റെ ജഡവും നിനക്കായി കാത്തിരിക്കുന്നു.

നിന്റെ ബലവും ബഹുമാനവും കാണ്മാൻ ഇപ്രകാരം സത്യമായി ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ നിന്റെ കരുണ ജീവനേക്കാൾ നല്ലതാകുന്നു. എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും.

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം നിന്നെ പുകഴ്ത്തുകയും നിന്റെ നാമത്തിൽ എന്റെ കൈകൾ ഉയർത്തുകയും ചെയ്യും.

എന്റെ ആത്മാവ് കൊഴുപ്പും മേദസും കൊണ്ടെന്നപോലെ പുഷ്ടിയാകും. എന്റെ വായ് മഹത്വമുള്ള അധരങ്ങൾ കൊണ്ട് നിന്നെ സ്തുതിക്കുകയും ചെയ്യും.

എന്റെ ശയ്യമേൽ ഞാൻ നിന്നെ ഓർത്തു; രാത്രികളിൽ ഞാൻ നിന്നെ ധ്യാനിക്കയും ചെയ്തു.

എന്തെന്നാൽ നീ എനിക്കു സഹായകനായിത്തീർന്നു. നിന്റെ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും

എന്റെ ആത്മാവു നിന്നെ പിൻതുടർന്നു. നിന്റെ വലതുകൈ എന്നെ താങ്ങുകയും ചെയ്തു.

അവർ എന്റെ ആത്മാവിനെ നശിപ്പിപ്പാൻ അന്വേഷിച്ചു. അവർ ഭൂമിയുടെ ആഴത്തിലേക്കു പ്രവേശിക്കും.

അവർ വാളിനു ഏൽപ്പിക്കപ്പെടും കുറുനരികൾക്കു ഭക്ഷണമായിത്തീരുകയും ചെയ്യും;

രാജാവു ദൈവത്തിൽ സന്തോഷിക്കും. അവനെക്കൊണ്ട് സത്യം ചെയ്യുന്ന ഏവനും പുകഴ്ചയുണ്ടാകും. എന്തെന്നാൽ അസത്യവാദികളുടെ വായ് അടയ്ക്കപ്പെടും.

**ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.**

എനിയോനോ

*(ഹൗദ് ഉഹ്ദോനോ)*

ദേവേശാ മ്ശിഹാ! സ്വസ്നേഹത്താൽ
വിധിനിലയേ കന്നത്തടിയേ-
റ്റടിമയിൽ നിന്നും വീണ്ടോനേ!
നിന്നേ-യാർ-ന്നോൻ, കൃപ ചെയ്കന്മേൽ

ദേവേശാ! മ്ശിഹാ! - സ്ളീബായിന്മേൽ
ഞങ്ങടെ രക്ഷക്കായ് തൂങ്ങി-
ജീവൻ മൃതിയാൽ തന്നോനേ!
നിന്നേ-യാർ-ന്നേൻ കൃപ ചെയ്കന്മേൽ

ദേവേശാ! മ്ശിഹാ!-തിരുവിഷ്ടത്താൽ
സ്ലീബായും പീഡയുമേറ്റി-
ട്ടാദാമ്യരെ രക്ഷിച്ചോനേ!
നിന്നേ-യാർ-ന്നേൻ കൃപ ചെയ്കന്മേൽ

ദേവേശാ! മ്ശിഹാ-പാപത്താൽ ദോഷം
തീണ്ടാത്തോരേകാ!സ്വഹിതാൽ-
ദോഷികൾ ഞങ്ങളെ വീണ്ടിടുവാൻ
കുറ്റ-ത്തിൻ-വിധിയേറ്റോനേ!
നിന്നേ-യാർ-ന്നേൻ കൃപ ചെയ്കന്മേൽ

*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

ദേവേശാ! മ്ശിഹാ-ഞങ്ങളെ രക്ഷിപ്പാൻ
കഷ്ടതയും കുരിശും പേറി-
ക്നൂമായാലുയിർന്നോനെ!
നിന്നേ-യാർ-ന്നേൻ കൃപ ചെയ്കന്മേൽ

*കുറിയേലായിസ്സോൻ*

സങ്കീർത്ഥനം 35

***(കോലോദുശുബാഹൊ ബ്പുംമാലാഖെ)***

കർത്താവേ! എന്നോടു നീ ന്യായം നടത്തണമേ. എന്നോടു പോരാടുന്നവരോടു നീ പോരാടണമേ. ആയുധവും പരിചയും പിടിച്ച് എന്റെ സഹായത്തിനായി എഴുന്നേൽക്കണമേ.

ഇന്നാൾ നിന്നാൻ-മൗലിനമിച്ചാ-വിധിഗേഹത്തിൽ
സർവവിധീശ വിധീ-ശൻ-താൻ
തെറ്റിൽനിന്നും നമ്മെവിടുർത്താൻ മത്സരികളിൽ നി-
ന്നേറ്റാൻ ദുഷിപരിഹാ-സ-ങ്ങൾ. കുറിയേലായിസോൻ

എന്റെ ആത്മാവിനെ അന്വഷിക്കുന്നവർ ലജ്ജിച്ചുപോകട്ടെ. എനിക്കു വിരോധമായി തിന്മ വിചാരിക്കുന്നവർ പിൻതിരുഞ്ഞു നാണിച്ചുപോകട്ടെ.

ഇന്നാൾ യൂദർ-പീലാത്തോസേ! യിവനെ ക്രൂശി-
ക്കെന്നാർത്തു പറഞ്ഞു
ദ്രോഹികൾ ബാറാബായെ ചോദിച്ചുത്തമസുതനേ
നിഹനിപ്പാൻ ക്രൂശിൽ-തൂ-ക്കി. കുറിയേലായസോൻ

അവരുടെ വഴി ഇരുണ്ടുപോകട്ടെ. അതിൽ മാർഗഭ്രംശം ഉണ്ടാകട്ടെ. ദൈവത്തിന്റെ ദൂതൻ അവരെ പിന്തുടരട്ടെ. എന്തെന്നാൽ അവർ എനിക്കായി കെണികൾ മറച്ചുവയ്ക്കുകയും എന്റെ ആത്മാവിനു വേണ്ടി വലവിരിക്കകുയും ചെയ്തിരിക്കുന്നു.

ഇന്നാൾ തുപ്പലതേറ്റാനുടയോൻ പറുദീ-
സാദിമിനു വീണ്ടും-നൽ-കാൻ
നമ്മേ ദുഷ്കൃതദാസ്യം നീക്കിക്കാപ്പാൻ ദാസ-
പ്രഹരത്തെ ക-ന്നത്തേ-റ്റാൻ കുറിയേലായസോൻ

കള്ള സാക്ഷികളെഴുന്നേറ്റ് ഞാനറിയാതിരുന്നതിനെ എന്നോടു ചോദിച്ചു. നന്മയ്ക്കു തിന്മ അവർ പ്രതിപകരം ചെയ്യുകയും, മനഷ്യരുടെ ഇടയിൽനിന്ന് എന്റെ ജീവനെ അവർ നശിപ്പിക്കുകയും ചെയ്തു.

ഇന്നാൾ ശിഷ്യന്മാരുടെ കൂറു തണുത്തിട്ടോടിയകന്നു ഗുരുവിനെ വിട്ട്
പാച്ചിലിനേ ശരണം-തേ-ടി
ക്രൂശകമദ്ധ്യേ സത്യത്തിൻ ഗുരുനാഥൻ തനിയേ
വ്യഥയും പീഢയുമേ-ൽക്കു-ന്നു. കുറിയേലായിസോൻ

എന്റെ സങ്കടത്തിൽ അവർ കൂട്ടം കൂടുകയും എനിക്കെതിരായി സന്തോഷിക്കുകയും ചെയ്തു. ദീർഘകാലത്തേക്ക് എനിക്കെതിരായി അവർ കൂട്ടം കൂടി; ഞാനോ അവരുടെ അഹങ്കാരം അറിഞ്ഞില്ലായിരുന്നു. അവർ ആക്ഷേപിച്ചുകൊണ്ട് എന്റെ നേരെ പല്ലുകടിക്കുകയും ചെയ്തു.

ഇന്നാൾ യൂദർ അട്ടഹസിച്ചു, പീലാത്തോസേ!
മൂശാതൻ നിയമ-ത്തേയും
ശാബതിനേയും ജനതതിയേയും തെറ്റിക്കുന്നോ-
രീമാനുഷനേ ക്രൂ-ശി-ക്ക. കുറിയേലായിസോൻ

## സങ്കീർത്തനം 59

*(ശ്മാഹോദേകുലഹൂൻ ആമ്മേ)*

എന്റെ ഹൃദയത്തിന്റെ തകർച്ചയെ നീ സൗഖ്യപ്പെടുത്തി ശക്തീകരിക്കണമേ

വിദ്വേഷികൾ ചെയ്തെന്തെന്നു-കേൾക്കുവിനെല്ലാ ജാതികളും
സൃഷ്ടികൾ തന്നധിനായകനേ-
നിന്ദ്യസ്ലീബാമേൽ തൂക്കീ
വന്നിടുവീൻ-തന്നെ നമിച്ചീടാം കുറിയേലായിസോൻ

അവരുടെ മേശ കെണിക്കായും അവരുടെ പ്രതികാരം വിരുദ്ധത്തിനായും തീരട്ടെ.

ഭൂവാസികളേ! ശ്രദ്ധിപ്പീൻ-ദുഷ്ടർ കൊലയാളിയെ-യേറ്റു
സൃഷ്ടിഗണത്തിന്നുടയോനേ-
വൈരത്താൽ ക്രൂശിൽ, തൂക്കി-
വന്നിടുവീൻ-തന്നെ നമിച്ചീടാം കുറിയേലായിസോൻ

കോപവും ക്രോധവും അവരുടെമേൽ ചൊരിയണമേ.

ചന്ദ്രാർക്കന്മാർ വാനേ ഇരുളാർന്നു, കേഴുന്നു സൃഷ്ടികളും
സൃഷ്ടികൾ സ്രഷ്ടാവോടൊപ്പം-
ഖേദിച്ചീടുന്നതുയുക്തം-
വന്നിടുവിൻ-തന്നെ നമിച്ചീടാം കുറിയേലായിസോൻ

എന്തെന്നാൽ നീ ദണ്ഡിപ്പിച്ചവന്റെ പിന്നാലെ അവർ പോയിരിക്കുന്നു.

കൈപ്പേറിയതാം കാടിയവ-ന്നവരേകീ ദാഹിച്ചപ്പോൾ
ലിഖിതം നിഖിലം നിറവായെ-
ന്നോതീട്ടതു പാനം ചെയ്താൻ
വന്നിടുവിൻ-തന്നെ നമിച്ചീടാം കുറിയേലായിസോൻ

ജീവന്റെ പുസ്തകത്തിൽ നിന്ന് അവർ മായിക്കപ്പെടട്ടെ. നിന്റെ നീതിമാന്മാരോടു കൂടി അവർ എഴുതപ്പെടാതിരിക്കട്ടെ.

തന്നേയെതിരേല്പ്പാനെത്തി-പരിശുദ്ധന്മാർ മൃതിഗതരും
സത്യം കർത്താവിനാണെ-
ന്നുരചെയ്താർ ജനതാമദ്ധ്യേ—
വന്നിടുവിൻ-തന്നെ നമിച്ചീടാം. കുറിയേലായിസോൻ

സ്തോത്രത്തോടെ ദൈവത്തിന്റെ നാമത്തെ ഞാൻ സ്തുതിക്കും, സ്തോത്രത്തോടെ അവനെ മഹത്വപ്പെടുത്തുകയും ചെയ്യും.

മ്ളേച്ഛന്മാരാൽ ദൂഷിതമാം-ആലയമതിൽനിന്നും റൂഹാ
നീങ്ങിയതായ് താൻ ചീന്തിയതാം-
തിരശീലയഹോ സാക്ഷിച്ചു
വന്നിടുവിൻ-തന്നെ നമിച്ചീടാം
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*
യൂദന്മാരേയോർത്തിടുവിൻ-തരുവിന്മീതേ തൂക്കിയവൻ
ദൈവം - ദൈവതനൂജൻ താൻ
നിങ്ങളെ നിർമ്മൂലം നീക്കും
വന്നിടുവിൻ-തന്നെ നമിച്ചീടാം കുറിയേലായിസോൻ

## സങ്കീർത്തനം 54

**(യൗമ്മോനോ)**

കർത്താവേ! നിന്റെ നാമത്താൽ എന്നെ നീ രക്ഷിച്ചുകൊള്ളണമെ. എന്തു കൊണ്ടെന്നാൽ അന്യ ജാതിക്കാർ എനിക്കു വിരോധമായി എഴുന്നേറ്റിരിക്കുന്നു.

കഷ്ടതയാൽ-മരണനുകത്തേ-യഴിവാക്കി-
ത്തനുവിൻ ത്യാഗത്താൽ;
ദുഷ്ടാത്മാക്കളെ ലജ്ജിപ്പിച്ചോരീശോ ധന്യൻ
നിൻഹാശായിൽ-കഷ്ടതയാൽ പ്രഭ-നേടണമെങ്ങൾ

കുറിയേലായിസോൻ

കർത്താവേ! നിന്റെ നാമത്തെ ഞാൻ സ്തോത്രം ചെയ്യും! എന്തെന്നാൽ അതു നല്ലതാകുന്നു. സകല സങ്കടങ്ങളിൽ നിന്ന് നീ എന്നെ വിടുവിച്ചിരിക്കുന്നുവല്ലോ.

തിരുസഭയെ-പ്രതികഷ്ടതയേ-റ്റടിയാരെ-
ത്തെറ്റിൽ നിന്നും വീണ്ടോനേ
ദുർഭിന്നതയും കലഹവുമതിൽ നിന്നകലത്താക്കീ-
ട്ടന്ത്യം വരെ നിൻ-ശാന്തിയതിൻ സുതരിൽ-മേവണമേ

കുറിയേലായിസോൻ

അധർമ്മവും, കുരളയും വഞ്ചനയും അതിന്റെ ഉള്ളിലുണ്ട്. അതിന്റെ തെരുവുകളിൽ നിന്നും പകയും വഞ്ചനയും ഹനിക്കപ്പെടുന്നില്ല.

വിധിനിലയേ-രക്ഷകനിന്നാൾ-പാതകിയെ
പ്പോൽ നി-ന്നെങ്ങൾക്കായ്-
മൃതികൈക്കൊണ്ടിഹ ശാശ്വതജീവൻ നൽകിയനേരം
സൃഷ്ടികളഖിലം-വ്യസനംപൂണ്ടധികം-വിലപിച്ചു

കുറിയേലായിസോൻ

എന്തുകൊണ്ടെന്നാൽ അവർ എന്നോടു ശണ്ഠകൂടിയിരിക്കുന്നു. ദൈവം കേട്ടിട്ട് അവരെ താഴ്ത്തി ക്കളുയുമാറാകട്ടെ.

യൂദന്മാർ-ഗോഗുൽത്താമേൽ-രക്ഷകനെ-
ക്കുരിശി-ച്ചൊരു നാളിൽ
അടിനിലയിളകി, കൂരിരുളേറി, മൃതിഗതരുണർന്നു..
സൃഷ്ടികളഖിലം-സങ്കടവും വ്യഥയും-പ്രാപിച്ചു

കുറിയേലായിസോൻ

## സങ്കീർത്തനം 22

***(ബ്ഹോനോയൗമോ ക്അവ്ഗുദേ )***

എന്റെ ദൈവമേ! എന്റെ ദൈവമേ! നീ എന്നെ കൈവിട്ടതെന്തിന്? ഭോഷത്വമായ എന്റെ വചന ങ്ങൾ നിമിത്തമായി എന്റെ രക്ഷ എന്നിൽ നിന്നും അകറ്റിക്കളഞ്ഞതുമെന്ത്?

ഇന്നാൾ സ്രാപ്പികൾ-കാദീശ്, കാദീശ്-
എന്നേവം കീർത്തിപ്പോനേ
തൂക്കുക, തൂക്കുക-യെന്നാർത്തു-കയ്യാപ്പഗണം

കുറിയേലായിസോൻ

എന്റെ ദൈവമേ! പകൽ സമയത്തു ഞാൻ നിന്നെ വിളിച്ചു. നീ എന്നോട് ഉത്തരമരുളുകയില്ല. രാത്രിയിലും ഞാൻ നിന്നെ വിളിച്ചു; നീ എന്നെ കാത്തുകൊള്ളുകയുമില്ല.

ഇന്നാൾ ക്രോബകൾ-മഹിതം ബഹുമതി-
താവകമെന്നാർക്കുന്നോനേ

നീക്കുക, നീക്കുക-യെന്നലറി-ശപ്തജനങ്ങൾ

കുറിയേലായിസോൻ

അവരുടെ അധരങ്ങൾകൊണ്ടു ഗോഷ്ടി കാണിക്കുകയും അവരുടെ തലകൾ കുലുക്കുകയും ചെയ്തു.

ഇന്നാളംബര-മേദിനി തന്നിൽ
നിറയുന്നോനാം നാഥനോടായി-
ചോദിച്ചാൻ നാ-ടേതെന്നാ-നിന്ദ്യൻ ഹാനാൻ

കുറിയേലായിസോൻ

തനിക്ക് അവനോട് തിരുമനസ്സു തോന്നുന്നെങ്കിൽ അവനെ രക്ഷിക്കട്ടെ

ഇന്നാൾ-പീലാത്തോസൊടു ജനമാ-
ർത്തീശോയെ-നിഹനിച്ചീടാൻ
ബാറാബായേ-വിട്ടവനെ-തൂക്കുക തരുവിൽ

കുറിയേലായിസോൻ

ബാശാൻ കൂറ്റൻമാർ എന്നെ വളഞ്ഞിരിക്കുന്നു

ഇന്നാളാരുടെ-ബലമഹിമാവീ-
സൃഷ്ടികളെത്താങ്ങീടുന്നു
അവനെത്തരുവിൽ-കുരിശിച്ചാർ-ഗോഗുൽത്തായിൽ

കുറിയേലായിസോൻ

വെള്ളം പോലെ ഞാൻ തൂകപ്പെട്ടിരിക്കുന്നു.

ഇന്നാൾ മണ്ണാ-ലാദാമിനെ നി
ർമ്മിച്ചോര-തൃക്കൈരണ്ടിൽ
ആണിതറച്ചാർ-സ്കീപ്പാമേൽ-തരുവിന്മീതേ

കുറിയേലായിസോൻ

എന്റെ കൈകളും കാലുകളും അവർ തുളച്ചിരിക്കുന്നു. എന്റെ അസ്ഥികളൊക്കെയും വിലപിച്ചു.

ഇന്നാളുടയോൻ-തരുവിന്മീതേ-
ദാഹത്താൽ-ജലമർത്ഥിയ്ക്കെ
പാരാവാരം-കൂറ്റൻപോ-ലാരവമേറ്റി

കുറിയേലായിസോൻ

സിംഹത്തിന്റെ വായിൽ നിന്ന് എന്നേയും ആഹങ്കാരപ്രേമത്തതയിൽ നിന്ന് എന്റെ താഴ്മയേയും രക്ഷിക്കണമെ.

ഇന്നാൾ ശാസ്ത്രി-പരീശന്മാരും
ശപ്തന്മാർ പട്ടക്കാരും
ധാർമ്മികനെപ്രതി-സത്യംചൊ-ന്നില്ലുൾപ്പകയാൽ
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

ഇന്നാൾ കഷ്ടം-സീയോനേ! ദൈ-
വാത്മജനെ-ക്രൂശിപ്പോളേ
സഭയേ! ഭാഗ്യം-നീയവനെ കൊണ്ടാടുകയാൽ

സ്തൗമൻകാലോസ് കുറിയേലായിസോൻ

## <u>പ്രുമിയോൻ</u>

## കോലോ - കൂക്കോയോ

വെള്ളിയതാം നാളുഷസ്സിങ്കൽ-ജഗതി-രക്ഷകനാം
ദൈവാത്മജനെക്കുരിശിപ്പാ-ന്നവരുൽ-സുകരായി
പ്രകൃതി വിറച്ചു-ഭൂമിതലം ഞെട്ടി
പാറ തകർന്നു-കൊടുമുടികൾ പതറീ
കബറുകൾ വീണ്ടു മൃതന്മാരും-നിർഗ-തരായെത്തി;
നാഥാത്മജനേ ക്രൂശിച്ച-ശപ്തരെ നിന്ദിച്ചു
ഹാലേലുയ്യാ-ദുരിതമവർക്കെന്നും-ബാറെക്മോർ
*(ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ - ഹാലേലുയ്യാ*

ദൈവത്തിൻ ജീവാത്മജനാം-ജഗതീ-പാലകനേ
ഗോഗുൽത്താമേൽ സ്കീപ്പായിൽ-ദുഷ്ടജനം തൂക്കി
മുൾമുടി ശിരസ്സിൽ! നിഷ്കരുണം ചാർത്തി;
കൈകൾ തറച്ചി-ട്ടവർ പുളിവീഞ്ഞേകി
ലിഖിതംപോലെ പിളർത്തി വിലാ-വയ്യോ കുന്തത്താൽ
ഗതിലോകർക്കരുളും നീരും-നിണവും പ്രവഹിച്ചു
ഹാലേലുയ്യാ - തൻകൃപസംസ്തുത്യം
*മൊറിയോറാഹേമേലെൻ ഉ ആദാറൈൻ*

## എന്ത്രോ

## വീണ്ടും കോലോ

***(ബ്സഫാറോ കൊംവോ ബെസ്ദീനോ)***
***ബ്തറഓക്മോറാൻ***

രാവിലെ നിന്നാൻ-സൃഷ്ടികളേ-
വിധി ചെയ്യുന്നോൻ-വിധിയിൻ നിലയത്തിൽ;
ചോദ്യം ചെയ്താനീറയർ തൻ-പതിയൊടു ദാസൻ
സ്തുതിയാദാമിന്നവകാശം-നൽകാനേവം-
കഷ്ടപ്പെട്ടോനേ-
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*
മയ്യലിലുടയോ-നേറ്റാൻ വിധി
പീലാത്തോസ്സാൽ-മരണാർഹനു തുല്യം
തൂക്കുക, തൂക്കുക നസറായൻ-യേശുവിനെ നീ-
നീക്കീടുക, ബാറാബായെ-മോചിപ്പിക്കുക-
യെ-ന്നാർത്തു യൂദർ

***അല്ലങ്കിൽ - ഗദ്യം***

സൃഷ്ടികളെ വിധിക്കുന്ന ന്യായാധിപൻ പ്രഭാതത്തിൽ ന്യായസ്ഥലത്തു നിന്നു. ഈറേന്മാരുടെ നാഥൻ ദാസനാൽ ചോദ്യം ചെയ്യപ്പെട്ടു. ആദാമിനെ അവന്റെ അവകാശത്തിലേക്കു തിരിക്കുവാൻ ഇവയെല്ലാം സഹിച്ച തനിക്കു സ്തുതി.
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*
പ്രഭാതത്തിൽ മരണയോഗ്യനെപ്പോലെ കർത്താവ് പീലാത്തോസിനാൽ വിധിക്കപ്പെട്ടു. നസ്രായക്കാരനായ യേശുവിനെ ക്രൂശിക്ക, ക്രൂശിക്ക, ബാറാബായെ വിട്ടുതരിക എന്നു യൂദജനം അട്ടഹസിച്ചു.

## ബോത്തേദ് ഹാശോ

(ബ്രിക് മോർ ഹാശോക് ദഹ്‌വോ ഹ് ലോഫൈൻ
ബ്രിക് മൂക്കോക് ദ് മേത്തൂലോസാൻ )

ഞങ്ങൾക്കായ് നീ-യേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ

മുഴുരാ-വവനേ-വൈദിക സംഘം
ശോധിച്ചുദയേ-പീലാത്തോസ്സിൻ
മുമ്പിൽ ചേർത്താൻ-തൻ വിധി കേൾപ്പാൻ
ഹാ!-യേശുവിനേ നിഹനിച്ചീ-ടാൻ
ജനമൊന്നാകെ-ഘോഷിച്ചാർത്തു

പീലാത്തോസിൻ-സതി ചൊന്നേവം
പാവനരക്തം-അങ്ങേൽക്കാതെ
ക്രൂശകരീന്നും-വിടുവിക്കവനെ
കഴിയാഞ്ഞതിനാൽ-ക്രൂശകരൊപ്പം
വിധിയേൽക്കായ്-വാൻ-കഴുകിയവൻ കൈ

മരണാർഹൻതാ-നിവനെന്നൊപ്പം
പീലാത്തോസോ-ടാർത്താൻ, ഹസ്തം
ശോഷിച്ചോനും-രോഗാർത്തർക്കും
ശാബതുനാളിൽ-ശാന്തികൊടുത്താൻ
മരണത്തിനിവൻ-യോഗ്യൻ നൂനം

ദൈവാത്മജൻ-താനെന്നോതുന്നോനേ,
തൂക്കൂക, തൂക്കെ-ന്നാർത്താരേറ്റം
സ്തുത്യഫലത്തെ-യാരാഞ്ഞാർന്നോ-
രവകാശമെഴും-താതാത്മജനേ
യവരന്ധതയാൽ-ദർശിച്ചില്ല.

(മോ ദ്ദൊയ്നത് ലേ ല്ആമൊ ദ് ദോനുക്
ല് ദീനോ ആമാൻ മൊർ ലോ തേവൂൽ

നിൻവ-ധി ചെയ്തോർ വിധിയേ-ൽക്കുമ്പോൾ
വിധിചെയ്യരുതേ-ഞങ്ങളെയീശാ
*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

**മോർ അപ്രേം**

മോറാൻ എസ്രാഹേം അലൈൻ
ബ്ഹാശൊക് റാബൊ ദഹ് ലോഫൈൻ
ബ്ഹാശൊക് നെഹ് വെ ഹോശുശെ
വബ്മൽകൂസൊ യോറൂസെ
ആളോഹൻ റാഹേം അലൈൻ
മോറാൻ എസ്റാഹേം അലൈൻ
ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ
ദേവാ ദയയുണ്ടാ-കേണം
നാഥാ കൃപ തോന്നണമൻപാൽ

തിരുനിണവില നിലെ വീണതിനാൽ
പരിശുദ്ധാഗാരം ഞെട്ടി
തൽ ശുശ്രൂഷ സമാപിപ്പാൻ
അവസരമായെന്നതു കണ്ടു
വൈദികപദവീ ഭ്രംശത്താൽ
പൂജകരെ പ്രതി വിലപിച്ചു
ശ്വാശത ശൂന്യത വന്നതിനാൽ
ബലി പീഠങ്ങൾ മാഴ്കിയഹോ
പീലാത്തോസ് കൈകൾ കഴുകി
യേശുവിനെ പ്രതിജനമാർത്തു
തൻരക്തം സന്തതിനിരയിൽ
പിൻതലമുറകളിലേക്കേറ്റാൻ

ദേവാ ദയയുണ്ടാ-കേണം
നാഥാ കൃപ തോന്നണമൻപാൽ

ഉദയേശോഭന വസനത്താൽ
വാനത്തേ നീ ചമയിച്ചു
ഉദയേ വൈരിജനം നിന്നേ
നിന്ദാവസ്ത്രമുടുപ്പിച്ചു
മഹിതം ബഹുമതി താവകമെ-
ന്നുദയേ ക്രോബകളാർക്കമ്പോൾ
അഗ്ന്യാത്മയന്മാരീറേർ
കാദീശാഘോഷിക്കുമ്പോൾ
നീക്കുക, നീക്കുക, ഭൂമിയിൽനി-
ന്നുയിരുള്ളോരിൽ നിന്നവനേ
എന്നുദയേ വിധിപതി സവിധം
തേവടിയാൾ ബഹളം കൂട്ടി

ദേവാ ദയയുണ്ടാ-കേണം
നാഥാ കൃപ തോന്നണമൻപാൽ

അഗ്രിമമാം പെരുന്നാളാകും
കഷ്ടതനിറയും വെള്ളിയിതിൽ
ക്ഷണികമതാമിപ്പുലർകാലേ
നിൻ ശ്രേഷ്ഠത നിർമ്മിച്ചോരീ
സർവത്തീന്നും പ്രഭയേറും
മ്ശിഹായേ! സ്തുതിയങ്ങേക്കായ്
സർവാനന്ദദമുദയം നീ
യൂദയങ്ങളിലെല്ലാം സ്തുതിതേ
നിർമ്മാതാവിനെ വിധിചെയ്-വാൻ
മണ്ണാങ്കട്ടയിരുന്നദയേ
പ്രഭയേറും പുലർകാലം നീ
പുലർവേളയിലെല്ലാം സ്തുതി-തേ

ദേവാ ദയയുണ്ടാ-കേണം
നാഥാ കൃപ തോന്നണമൻപാൽ

പൂക്കൾക്കും പുൽക്കൊടികൾക്കും
കമനീയത നീയരുളുന്നു
ബലഹീനർക്കഖിലം വടിയും
തുണയതുമായോനേ! സ്തുതി തേ!
കരുണാനായകനേ! സ്തുതി തേ!
പതിനായിരമായി സ്തുതി തേ!
നിഖിലവിധീശ വിധിനാളിൽ നീ
വിധിനിലയത്തിൽ നിന്നതിനാൽ

ആയിരമുരുവോടായിരമായി
സർവാധീശ്വരനേ! സ്തുതി തേ!
സ്തുതിതേ! പ്രേഷകജനകന്നും
പ്രോന്നതി പാവന റൂ-ഹായ്ക്കും
ദേവാ ദയയുണ്ടാ-കേണം
നാഥാ കൃപ തോന്നണമൻപാൽ
ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ
ദേവാ ദയയുണ്ടാ-കേണം
നാഥാ കൃപ തോന്നണമൻപാൽ

## മശിഹോ ദമിലാക്നുഹോമ്മോ

വെള്ളിയതാം നാൾ ബന്ധിതനായ്-
കടലിനെ മണലാൽ ബന്ധിച്ചോൻ
മരണനുകത്തെ തകർത്തവനേ
തരുവതിലേറ്റി ക്രൂശിച്ചാർ

വെള്ളിയതാംനാൾ പീലാത്തോസ്
മൂഢജനത്താൽ വിധിയെഴുതി
വെള്ളിയതാം നാൾ വിധിയേറ്റു
ദൈവത്തെ ക്രൂശിച്ചോരും

വെള്ളിയതാംനാൾ കുന്തത്താൽ
തൻപാർശ്വത്തെ ഭേദിച്ചു;
സകലജഗൽ പുണ്യപ്രദമാം
ശോണിതവും ജലവും തൂ-കി

വെള്ളിയതാം നാൾ മൃതി കേണു
ഓടിപ്പോയി, ദുഷ്ടക്കൂട്ടം
ഇവരുടെ കൊള്ള കവർന്നോനാ
ഉയിരോനെ കണ്ടാർ മൃതരിൽ

വെള്ളിയതാംനാൾ നിയമിച്ചാ
നുടയോനവനെ-പൂങ്കാവിൽ,
അന്നാളിൽ താൻ മത്സരിയായ്
നഗ്നത പാപത്താ-ൽ പൂണ്ടു

വെള്ളിയതാംനാൾ പറുദീസിൽ
ചേർത്താനുടയോ-നാദമിനേ
വെള്ളിയതാംനാൾ ലജ്ജിതനാ
യംബരമായിലയേ-ചാർത്തി

വെള്ളിയതാംനാൾ കേട്ടാദാം
തിന്നും നാൾമൃ-തനാമെന്ന്;
നിന്നാജ്ഞയെ ലംഘിച്ചീട്ടും
മൃതിപൂണ്ടില്ലുൾ-കൃപമൂലം

വെള്ളിയതാംനാൾ കനിതിന്നോ
നാദാം സ്വപദം-കൈവിട്ടു;
വെള്ളിയതാം നാൾ തരുവിൽ നി
ന്നീശനിറങ്ങീ മൃ-തനായി

വെള്ളിയതാംനാളാദിനരൻ
തൻ പ്രഭയറ്റോനവനായി;
വെള്ളിയതാംനാൾ തരുവിട്ടാൻ
അണിയിച്ചോൻ ദ്രുതിയാദത്തെ

വെള്ളിയതാം നാളവനേദൻ
വിട്ടൂഴിയൽ വൈദേശികനായ്
വെള്ളിയതാം നാളാദിമരും
അന്തിമരും ഭേദം പൂണ്ടു

വെള്ളിയതാം നാളീശകര
നിർമ്മിതനാദം പൂണ്ടഭിമാനം
വെള്ളിയതാംനാൾ ദേവേശൻ
മൃതിനായിക്കബറിൽ പാർ-ത്തു

വെള്ളിയതാംനാൾ മൃഗജാലം
വരുമാദത്തെക്കണ്ടരുകിൽ;
വെള്ളിയതാംനാൾ പാതാളേ
രക്ഷകഭാസ്സാൽ മൃതരേറ്റു.

വെള്ളിയതാംനാൾ വിധിനാഥൻ
മൃതിവിധിയാദാ-മിന്നേകി;
വെള്ളിയതാംനാളമ്പുടയോൻ
താണുമൃതന്മാർക്കു-യിരേകി

വെള്ളിയതാം നാൾ പാനം-ചെ
യ്താദാം ദ്രുതമാർന്നൊരു കാസാ;
വെള്ളിയതാംനാൾ പാനം ചെ
യ്തുടയോൻ തിരുവിഷ്ടക്കാ-സാ

വെള്ളിയതാംനാൾ പണിചെയ്-വാൻ
ഭാഗ്യരാമേ-ചെന്നാദാം;
വെള്ളിയതാംനാൾ മൃതഗേഹം
ദോഷിസമം ജീവദനാർ-ന്നു

വെള്ളിയതാംനാൾ പരദേശ
പ്പാർപ്പാൽ ദുഷ്ടൻ - വിഹസിച്ചു
വെള്ളിയാതാംനാൾ മൃതമദ്ധ്യേ
അന്യനുതുല്യം വാ-ണീശൻ

വെള്ളിയതാം നാളാദത്തേ
ദുഷ്ടൻ താഴ്ത്തീ-ടാനാഞ്ഞു
വെള്ളിയതാംനാൾ നീതിസുതൻ
വഞ്ചകശീർഷം ധൂ-ളിച്ചു

വെള്ളിയതാംനാൾ മൃതതുല്യം
നാഥൻ പാതാ-ളം പൂകി
മുടിമാറ്റിയ മന്നവനൊപ്പം
ചതിവൻ തന്നൊളിവാ-രായ്-വാൻ

വെള്ളിയതാംനാൾ കൈവിട്ടാൻ
ശോഭനവസന-ത്തേയാദാം
വെള്ളിയതാം നാളവർ നീക്കി
സുതനുടെ മോഹനമാം - വസ്ത്രം

വെള്ളിയതാം നാൾ ശിഷ്യന്മാർ
പകലോൻ മറവായെന്നാർത്തു
ഞായർദിനത്തിൽ ശാശ്വതമാം
സൂര്യൻ ജീവൻ പ്രാപിച്ചു.

## സുമ്മോറൊ

നീതിമാന്മാരുടെ കൂടാരത്തിൽ മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദമെന്നു ദാവീദു മുഖാന്തിരം പരിശുദ്ധറൂഹാ പാടി.

## പ്രഭാത വായനകൾ

ലേവ്യ 4: 1 - 7, സംഖ്യ 19 : 1 - 11, 2 രാജാക്കന്മാർ 19 : 20 - 29, സഖറിയ 13 : 7 - 14 : 5
ഹബക്കൂക്ക് 1 : 1 - 12, ഹസ്ക്കിയേൽ 13 : 17 - 22,

അപ്പോ. പ്ര. 22 : 30 - 23 : 16, 1 കോരി 1 : 18 - 31

## ഏവൻഗേലിയോൻ

*പെസ്ഗോമോ*

ഹാലേ... ഹാലേ... ഞാനറിയിക്കും മൽപാദുകമേദോമിൽ
ഞാനട്ടഹസിക്കും പലസ്തീനിൽ ഹാ ..

| | | | |
|---|---|---|---|
| വി. മത്തായി | 27 : 1 - 10, | വി. മർക്കോസ് | 15 : 1 - 10 |
| വി. ലൂക്കോസ് | 22 : 66 - 71, | വി. യോഹന്നാൻ | 18 : 28 - 40 |

കർത്താവേ! നിനക്ക് സ്തോത്രം ചെയ്യുന്നതും ഉന്നതമായ നിന്റെ നാമത്തിനു പാടുന്നതും പ്രഭാതകാലത്ത് നിന്റെ കൃപയേയും രാത്രികാലങ്ങളിൽ നിന്റെ വിശ്വാസത്തേയും അറിയിക്കുന്നതും എത്ര നല്ലതാകുന്നു. കർത്താവേ! പ്രഭാതസമയത്ത് എന്റെ ശബ്ദം നീ കേൾക്കണമേ. കർത്താവേ! പ്രഭാതസമയത്ത് ഞാൻ ഒരുങ്ങി നിനക്ക് കാണപ്പെടുമാറാകണമേ.

കർത്താവേ! നിന്റെ ജനത്തോടു കരുണ ചെയ്യണമേ. കർത്താവേ! ഞങ്ങളെല്ലാവരുടേയും പാപങ്ങളെ പരിഹരിച്ച് ക്ഷമിക്കണമേ. പരിശുദ്ധനായുള്ളോവേ! നിന്റെ വലതുകൈ ഞങ്ങളുടെ മേൽ ആവസിപ്പിച്ച് നിന്റെ തിരുനാമം നിമിത്തം ഞങ്ങളുടെ രോഗങ്ങളിൽനിന്ന് ഞങ്ങളെ സുഖപ്പെടുത്തണമേ.

**ദുഃഖ വെള്ളിയാഴ്ച കൗമ**

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
പീഡാതാഴ്ചകളാൽ നമ്മെ വീണ്ടോനാം മിശിഹാ
യെ വാഴ്ത്തി നമിക്കാം പുലർകാലേ

ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
ബ് ഏദോനൊ-ദു സഫറോനൗദേനെസ്ഗുദ്‌ലേ
ലംശീഹോ ദുപറുക്കൻബഹാശേതു മുക്കോക്കോ

തന്റെ കഷ്ടാനുഭവത്താലും താഴ്മയാലും ഞങ്ങളെ രക്ഷിച്ചവനായ മിശിഹായെ ഈ പ്രഭാത സമയത്ത് ഞങ്ങൾ സ്തോത്രം ചെയ്ത് വന്ദിക്കുന്നു.

നാഥാ! തേ സ്തുതിയും മാനം താതന്നും
മഹിമാ, വന്ദനകൾ ശുദ്ധാ-ത്മാവിനും
ഉണ്ടാ, കുൾകൃപ പാ, പികളാം ഞങ്ങളിലും
മേലാ, മൂറിശിലേം വാതിൽ - ക്കുള്ളിൽ നിൻ
സിംഹാ, സനമണയണ മിപ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ
നിത്യം ശരണവുമേ സ്തോത്രം; ബാറക്മോർ

ലൊക്മോർ തെശുബുഹത്തൊ, ലാബൂക് ഈക്കോറോ
വൽറൂഹൊദക്കുദിശൊ സെഗ്ത്തൊ, റുമറോമൊ
വാലായിൻ ഹാത്തോയെ, റഹമെ വഹനോനൊ
നെസ്പ, സഹൂൻതറഐ ഊറി, ശിലേംദലഎൽ
നേലോൻ സ്ലാവോസാൻ; കിദൊംബിം ദംശീഹോ,
ശുബ്ഹോ, ലൊക്മോറാൻ ശുബ്ഹോ, ലോക്മോറാൻ
ശുബ്ഹോ, ലൊക്സബറൻലഓലം; ബാറെക്മോർ

എന്റെ കർത്താവേ! നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും കൃപയും ഉണ്ടായിരിക്കണമേ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മ്ശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ ശരണമേ! എന്നേയ്ക്കും നിനക്ക് സുതുതി. ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

## ദുഃഖ വെള്ളി  മൂന്നാം മണി നമസ്ക്കാരം

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ചോദ്യം നിജദാസനിൽ നിന്നേറ്റോൻ മിശിഹാ
വിധിനാളൻപാലടിയാരിൽ ദയചെയ്ക

ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
മ്ശീഹൊ ദേശ്ത്തായൽബ്ദീനൊമെൻ അബ്ദെ
ഹുൻലാൻ ബ്യ്യൂം ദീനോക് വെസറാഹാമ്മേലൈൻ

ന്യായവിസ്താരത്തിൽ തന്റെ ദാസനാൽ ചോദ്യം ചെയ്യപ്പെട്ടവനായ മിശിഹാ! നിന്റെ ന്യായവിസ്താര നാളിൽ കൃപയോടെ ഞങ്ങളോട് കരുണചെയ്യണമേ.

നാഥാ! തേ സ്തുതിയും മാനം താതന്നും
മഹിമാ, വന്ദനകൾ ശുദ്ധാ-ത്മാവിനും
ഉണ്ടാ, കുൾകൃപ പാ, പികളാം ഞങ്ങളിലും
മേലാ, മൂറിശിലേം വാതിൽ - ക്കുള്ളിൽ നിൻ
സിംഹാ, സനമണയണ മിപ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ
നിത്യം ശരണവുമേ സ്തോത്രം; ബാറക്മോർ

ലൊക്മോർ തെശുബുഹത്തൊ, ലാബൂക് ഈഔക്കോറോ
വൽറൂഹൊദക്കുദിശൊ സെഗ്ത്തൊ, റുമറോമൊ
വാലായിൻ ഹാത്തോയെ, റഹമെ വഹനോനൊ
നെസ്പ, സഹൂൻതറഐ ഊറി, ശിലേംദലഎൽ
നേലോൻ സ്ലാവോസാൻ; കിദൊംബിം ദംശീഹോ,
ശുബ്ഹോ, ലൊക്മോറാൻ ശുബ്ഹോ, ലോക്മോറാൻ
ശുബ്ഹോ, ലൊക്സബറൻലഒാലം; ബാറെക്മോർ

എന്റെ കർത്താവേ! നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും കൃപയും ഉണ്ടായിരിക്കണമേ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മ്ശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ ശരണമേ! എന്നേയ്ക്കും നിനക്ക് സുതുതി. ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

## 51-ാം മസ്മൂർ

ദൈവമേ! നിന്റെ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമെ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമെ.

എന്റെ അനീതിയിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ ഞാൻ എന്റെ കുറ്റങ്ങളെ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. സന്നിധിയിൽ തിന്മകളേയും ചെയ്തു. അതിനാൽ നിന്റെ വചനത്തിൽ നീ നീതികരിക്കപ്പെടും നിന്റെ വിധികളിൽ നീ ജയിക്കും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കയും ചെയ്തു.

എങ്കിലും നീതിയിൽ നിനക്ക് തിരുവിഷ്ടമായി . നിന്റെ ജ്ഞാന രഹസ്യങ്ങൾ നീ എന്നോടറിയിച്ചു.

സോപ്പാകൊണ്ട് എന്റെ മേൽ നീ തളിക്കണമെ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെൺമയാക്കണമെ; ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തനാക്കണമെ. ക്ഷീണിച്ചിരിക്കുന്ന എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ കുറ്റങ്ങളെല്ലാം മായിച്ചു കളയണമെ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. തിരുസന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയും അരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചുതരണമേ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരികയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമെ. എന്റെ വായ് നിന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല; സമാധാനഹോമങ്ങളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം തകർന്ന ഹൃദയത്തെ നിരസിക്കയില്ല.

തിരുവുള്ളമുണ്ടായി സെഹിയോനോടു നന്മ ചെയ്യണമെ. യറുശലേമിന്റെ മതിലുകളെ പണിയണമെ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും സമാധാന ഹോമങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിൻമേൽ അവർ കാളകളെ ബലി കഴിക്കും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ
കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോട്
കരുണചെയ്യണമെ... മൊറിയോ..

<u>എനിയോനൊ</u>

*( അൽമൊറിയോ റൗബോ ആക്കീം )*

പ്രതിവാദത്താൽ യൂദന്മാർ-
ബഹളം കൂട്ടീട്ടുടയോനേ
തരുവിന്മീതെ ക്രൂ-ശി-ച്ചു

ദൈവം വിധി നിലയെ നിന്നു-
ദോഷികളാൽ നിന്ദിതനായി
മൃതിയാലുലകം രക്ഷിച്ചു

മിസ്രയിമീന്നും രക്ഷിച്ച
മ്ശിഹായെ തൂക്കുക തൂക്കുക
വിധികർത്താ-എന്നലറീ-വേശ്യാ

മത്സരബുദ്ധികൾ മ്ശിഹായെ
ക്കൊണ്ടിഹപോയ് വാദം ചെയ്തു
വിധിയേകീ കൊലചെയ്-തീ-ടാൻ

ആദാമിനെ നിർമ്മിച്ചോൻ തൻ-
തൃക്കൈകാലുകളിൻമീതെ
യാണിയടിച്ചു ദുഷ്ടന്മാർ
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

ഞങ്ങൾക്കായൂഴിയിലെത്തി-
സ്വേഷ്ടത്താൽ നരനായവനാം
ദേവാ! നിൻദയ സം-സ്തു-ത്യം

*സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ*

<u>പ്രുമിയോൻ</u>

<u>കോലോ - കൂക്കോയോ</u>

ജഗതീശിൽപ്പിതൻ-ആദ്യസുതൻ വെള്ളി-ദിനേമൂന്നാം
മണിനേരത്തു പുറപ്പെട്ടാൻ സീയോ-നിൽ നിന്നും
സൃഷ്ടിഗണത്തിൽ - രക്ഷാദായകനെ
ഗോഗുൽത്തായിൽ സ്കീപ്പാ-യ്മീതേ
നിഹനിപ്പാൻതൻ തോളിന്മേൽ സ്കീപ്പാ-യേ വച്ചാർ
സ്തുതിദൈവാത്മജ, ലോകത്തേമൃതിയാൽ - കാത്തോനേ
ഹാലേലുയ്യാ - ഉ ഹാലേലുയ്യാ, ബാറെക്മോർ
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

സ്ലീബായിൻ തരുവിന്മീതേ ലോക-ത്തിൻ പ്രഭയാം
നീതിയതാകും പകലോനെ തിരുസ-ഭ ദർശിച്ചാൾ
മുറിവുകൾ കൈമേൽ-ആണി, വിലാവിൻമേൽ
ചവളമതും ക-ണ്ടധികം വ്യസനിച്ചാൾ
തിരുസവിധത്തിലടുത്തേവം ചൊന്നാ-ളുത്തരമായ്
ഞങ്ങളെയോർത്തു മരിച്ചതിനാൽ ഞാനും-മമസുതരും
ഹാലേലുയ്യാ ... നിന്നെ വണങ്ങുന്നു

## വീണ്ടും കോലോ

(സൊഹദേ പ്താഹ്ഗോസൈക്കൂൻ)

സകലജനങ്ങളുമേ കേൾപ്പിൻ
ക്രൂശിച്ചോൾ ചെയ്തെന്തെന്നു
ഭൂവാസികളേ ശ്രദ്ധിപ്പിൻ
നാഥനെയവൾ തൂക്കി തരുവിൽ
കുന്തം കുത്തി വിലാവുതുറ-
ന്നൊഴുകി ശോണിതവും നീരും
ഹാലേ... ഹാലേ.. നൽകും വിശ്വവിമോചനവും
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*
ഈ നയവാൻ തൻ രക്തത്തിൽ
താൻ കുറ്റമൊഴിഞ്ഞോനെന്നോതി
സുതനേ വിസ്താരം ചെയ്തോൻ
വെള്ളം വാങ്ങി കൈകഴുകീ
ഇവനുടെ രക്തം ഞങ്ങളിലും
സുതരിലുമെന്നൊന്നായാർത്താർ
ഹാ... ഹാ..... അവരെ വഹിച്ചോൻ സംസ്തുത്യൻ

***അല്ലങ്കിൽ - ഗദ്യം***

സകല ജാതികളുമേ ഇതു കേൾപ്പിൻ, സകല ഭൂതല വാസികളുമേ ശ്രദ്ധിപ്പിൻ. ക്രൂശിച്ചവർ മരത്തിന്മേൽ അവരുടെ നാഥനെ തൂക്കുകയും കുന്തത്താൽ തന്റെ വിലാവിനെ തുറക്കുകയും ലോകം ഒക്കെയുടെ വിമോചനത്തിനായി രക്തവും വെള്ളവും അതിൽനിന്നൊഴുക്കുകയും ചെയ്തു.

*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

പുത്രനെ വിധിച്ച ന്യായാധിപൻ വെള്ളം വാങ്ങി കൈകൾ കഴുകി, ഞാൻ ഈ നീതിമാന്റെ രക്തത്തിൽ നിന്നു കുറ്റമൊഴിഞ്ഞവനായിരുക്കും എന്നു പറഞ്ഞു. അവരെല്ലാവുരം അട്ടഹസിച്ച് അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ സന്തതികൾമേലും ഇരിക്കട്ടെ എന്നു പറഞ്ഞു.

## ബോത്തേദ് ഹാശോ

ഞങ്ങൾക്കായ് നീ-യേറ്റൊരു പീഡാ
താഴ്ചകളേറ്റം-ധന്യം നാഥാ
താതയുതം ദ്യോ-വു വിരിച്ചോനെ
ചമ്മട്ടിവിരി-ച്ചവർ താഡിച്ചു
നിന്ദ്യസ്കീപ്പാ-യേൽപ്പാനേകീ-
ലോകധർമ്മം-മോചിച്ചീടാൻ
അവനേ ഗോഗുൽ-ത്താമേൽ തൂക്കി

ആദാംഹവ്വാ-യെന്നിവർക്കേകീ
പറുദീസിൽ താൻ-തേജോവസ്ത്രം
തൻ തൂകിൽ ചീന്തി-യാദാംമക്കൾ
പറുദീസായിൻ-നന്മക്കെതിരായ്
ചീട്ടിട്ടാർതൻ-വസ്ത്രത്തിന്നായ്

സൽസേവകരാം-സഭയുടെ മക്കൾ
ഉചിതസ്തുതിരാ-ജാവിന്നേകും
പ്രതിഫലമേകാൻ-അവരെ ചേർത്തു
മൂന്നാംമണിയിൽ തരുവിന്മീതേ
തൻഹാശായേ-സ്തോത്രം ചെയ്-വാൻ
നിൻവിധി ചെയ്തോർ-വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ-ഞങ്ങളെയീശാ
*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## മോർ അപ്രേം

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായൽ കഷ്ടതയാൽ
നേടണമവകാശം രാ-ജ്യേ
   ദേവാ! ദയയുണ്ടാകേണം-
   നാഥാ! കൃപതോന്നേണമൻപാൽ
വെള്ളിദിനേ ദോഷികളൊപ്പം
ദുഷ്ടജനം നിന്നെത്തൂക്കി
ഉടയവനെ ക്രൂശിൽക്കണ്ടു
സൃഷ്ടിഗണം കൂരിരുളാണ്ടു
അട്ടഹസിച്ചാൻ തരുവിന്മേൽ
ശ്രദ്ധിച്ചു സൃഷ്ടികളെല്ലാം
ചെറിയൊരു വീടതിലെന്നോണം
ധരണിയിലെങ്ങും കേട്ടവരും
ഗോഗുൽത്തായിന്നുപരിതലേ
നാദത്തെ ശ്രദ്ധിച്ചപ്പോൾ
മിണ്ടാപ്രകൃതികൾ ചൊന്നേവം
ശപ്തജനത്തിനു ഹ! കഷ്ടം
   ദേവാ! ദയയുണ്ടാകേണം-
   നാഥാ! കൃപതോന്നേണമൻപാൽ
വെള്ളിദിനേ ദോഷികളൊപ്പം
ദുഷ്ടജനം നിന്നെ തൂക്കി
മാധുര്യത്തിൻ നീരുറവ-
യ്ക്കേകി കയ്പും പുളിവീഞ്ഞും
മന്നോർമുടി മുടയുന്നോനേ
മുള്ളുകളാൽ മുടിയണിയിച്ചാർ
ഏദൻ ചവളമൊഴിച്ചോന്റെ
ഹൃത്തുപിളർന്നു ചവളത്താൽ
ക്രൂശകരതി നിന്ദാപൂർവ്വം
ഘോഷിച്ചാർ നീ ദൈവത്തിൻ
നന്ദനനെങ്കിൽ-സ്ലീബായിൻ
തരുവിൽ നിന്നുമിറങ്ങി വരൂ
മൃതരാഗതരായി-ദ്രോഹികളെ
ശാസിപ്പാൻ കൽപ്പന നൽകി
   ദേവാ! ദയയുണ്ടാകേണം-
   നാഥാ! കൃപതോന്നേണമൻപാൽ
ഈശോ നൃപതേ! ജേതാവേ!
സ്തോത്രം തേ ത്രിത്വത്തിനായ്
കഷ്ടത തീണ്ടിടാത്തൊരു നിൻ
നിത്യസ്ഥിതിയതിനായ് സ്തേത്രം
നിൻ ശ്രേഷ്ഠത വെളിവാക്കിയൊരാ
ജഡധാരണമതിനായ് സ്തോത്രം
നിന്മഹിമാവിന്നുന്നതിയെ-
ത്താഴ്ത്തിയ കരുണയ്ക്കാ...യ്-സ്തോത്രം.
   ദേവാ! ദയയുണ്ടാകേണം-
   നാഥാ! കൃപതോന്നേണമൻപാൽ

പിഴയാമിരുളിൽ നിന്നും നീ
ഹാശായാൽ സഭയേ കാത്തു
പീഡാതീത പ്രകൃതത്തിൽ
പീഡകൾ ജഡമതിലേറ്ററിവാൻ
താതാത്മയുതം നീ വാഴു-
ന്നത്യുന്നതിയിലനാദ്യന്തം
നീയുണ്ടാക്കിയ പറുദീസിൽ
ചേർന്നാദാം മൂന്നാം മണിയിൽ;
മൂന്നാം മണിയിൽ തരുവിന്മേൽ
ശപ്തന്മാർ നിന്നേ-തൂ...ക്കി
ദേവാ! ദയയുണ്ടാകേണം-
നാഥാ! കൃപതോന്നേണമൻപാൽ
സ്കീപ്പുസായിൻ മുറിവുകളാൽ
നീ കാത്തോരിടവക നിന്നെ
ഹാലേലുയ്യാ ഗീതികളാൽ
വാഴ്ത്തുന്നു മൂന്നാംമണിയിൽ
പ്രേഷകതാതന്നുന്നതിയും
ന്നതി പരിശൂദ്ധാത്മാ-വിന്നും
ദേവാ! ദയയുണ്ടാകേണം-
നാഥാ! കൃപതോന്നേണമൻപാൽ
ഞങ്ങൾക്കായുളവായൊരു നിൻ
ബഹൂകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായൽ കഷ്ടതയാൽ
നേടണമവകാശം രാ-ജ്യേ
ദേവാ! ദയയുണ്ടാകേണം-
നാഥാ! കൃപതോന്നേണമൻപാൽ

## കുംപൗലോസ്

സകലം മോചിച്ച-കുഞ്ഞാടതിധന്യൻ
സ്തുതിയഖിലം രുധിരാൽ-വിടുവിച്ചോനേ!

നിർമ്മലമായീടും-ജീവനയാഗത്തിൻ
സ്കീപ്പായെക്കാണ്മാൻ-ജനത തിരിച്ചു.
പ്രവചിക്കുക മ്ശിഹാ-നിന്നെയടിച്ചോനാ-
രെന്നിവരുൽഘോഷി-ച്ചാക്ഷേപിച്ചു
കുത്തും താഡനവും-ക്ഷമയൊടു കൈക്കൊണ്ടാൻ
ശാന്തനെ നിന്ദിച്ചാർ-കോപമവ-ന്നുണ്ടാ-യില്ല
അത്ഭുതകുഞ്ഞാടിൻ-കാഴ്ചയ്ക്കായ് ചെന്നു
ഉത്സവമെന്നോണം-തരുസവിധത്തിൽ

സ്കീപ്പാതോളിന്മേ-ലേന്തീടുന്നോനെ
യേരുശലേംകാരാം-നരികൾ കണ്ടു
ഉയിരോടാനന്ദം-ചേർത്തീടുന്നോനായ്
വിലപിച്ചീടാനായവ-രാരംഭിച്ചു
നൃപനേ! കൊണ്ടെങ്ങേ-യെങ്ങിഹപോകുന്നു
രക്ഷകനേയേന്തി-ന്നിത്തരു നീ-പേറീ-ടുന്നു
ദാവീദിൻ ഗീതം-തംബുരുനാദത്തോ-
ടവരാലാപിച്ചീ-ട്ടഴലൊടു കേണു

സ്കീപ്പായേന്തീടു-ന്നവനെക്കണ്ടപ്പോൾ
സ്ത്രീജനമത്യന്തം-മാലൊടു കേണു
അവരുടെനേരെ താ-നങ്ങുതിരിഞ്ഞോതി
നാരികളെയേന്തി-ന്നിതികേഴുന്നു
യേരുശലേമിന്നായി-മുറവിളി, കാന്തന്മാർ
ക്കാധിതനൂജർക്കായ്-നിലവിളി-ഞാൻ നിർമ്മാതാവാം
യേരുശലേമേ! നിൻ-നാശമിതാസന്നം
നിൻസുതർ ദാസ്യത്താൽ-ചിതറും നൂനം

സൃഷ്ടിസമൂഹത്തെ-യേന്തീടും വീരൻ
വന്നെത്തിച്ചേർന്നു-ഗോഗുൽത്തായിൽ
സീമകളേ ശക്ത്യാ-സംസ്ഥാപിച്ചോനേ
ഗോഗുൽത്തായിൻമേൽ-ശപ്തജനങ്ങൾ
തരുവാം സ്കീപ്പായേ-നാട്ടിയവർ തൂക്കി
പാണിയുഗത്തിൻമേൽ-ധർമ്മവിഹീ-നന്മാര-യ്യോ!
കാലുകളിന്മേലും-ആണിയടിച്ചേറ്റി
തരുവിന്മേൽ തന്നെ-നഗ്നം തൂക്കി

സൃഷ്ടികളിൻ നാഥൻ-ക്രൂശിതനായ് തീർന്നു
സ്ലീബാത്തരുവിന്മേൽ-തൂക്കപ്പെട്ടു
എഴുതി തന്മീതേ-യിവനിസ്രായേലിൻ
മന്നൻ രക്ഷകനാ-മീശോയെന്നായ്
വീണിഹ വന്ദിച്ചാർ-ഹിതമല്ലെന്നാലും
ദൈവികമായീടും-മാനമവൻ-പേർക്കർപ്പിച്ചാർ
പിഴയാലന്ധതയെ-പൂണ്ട ജനത്തിന്റെ
തൽബഹുമാനത്തെ-നീതി ഗ്രഹിച്ചു

## വൊയ്ലെക്സെഹിയൂൻ

വൊയ് ലെക് സെഹ്യൂൻ ദസ്ലബ്തീ വ്മ്ശിഹോ
തൂബൈക് ഈത്തോ ദ്റൊം കോലേക് ബ്തെശ്ബുഹത്തോ

സീ...യോനേ കഷ്ടം-മ്ശിഹായേ ക്രൂശിച്ചോളേ!
ഭാഗ്യം സഭയെ ഉച്ചത്തിൽ സ്തുതിചെയ്ക!

ഏ-റ്റാനടി മൗനം വിധിഗേ-ഹേ വിമലൻ
പൈശൂന്യത്താ-ലീശോയെ-പ്രതിയാർത്തു
വിധിനാഥാ-ഞങ്ങളെ നിന്ദിക്കും
യൗസേപ്പിൻ-സുതനെ തൂക്കിടുക
സൗഖ്യദനെ-ത്തള്ളുകയാൽ-ഭൂവധികം ഭ്രമമാർന്നു

താനടിയേറ്റ-പ്പോൾ ലെഗിയോൻ-വിറപൂണ്ടു
സ്രഷ്ടാവിനെ ധി-ക്കാരികൾ നി-ന്ദിച്ചതിനാൽ
ചിറകു വിടർ-ത്താറവരെച്ചുടുവാൻ
ജനകാംഗ്യം-ശമനമവർക്കേകി
സ്വഹിതൊമൊടെദുഷിയേറ്റാൻ-തീപൂണ്ടോർ ശമമാർന്നു

വിധികർത്താ! വാ-യിക്കുക നോ-ക്കുക നിയമം
കൊന്നീടുന്നി-ല്ലൊരുനാളും ധാർമ്മികനെ
പ്രതിദാനം-കണ്ണിനു കണ്ണല്ലോ

കുരുടർക്കായ്-കാഴ്ചകൊടുത്തീശോ
കാണിച്ചീടുക നിയമം-ചൊല്ലുന്നെന്തിഹ നീതി

ഘാതകനെങ്കിൽ-നിയമത്താ-ലെന്തുളവാം
പ്രാണപ്രദനാ-ണെന്നാലെ-ന്തരുളുന്നു
ലാസറസേ!-വിധിവാ നന്ദനനേ!
പ്രഭുസുതയാം-ബാലികയേ! വരുവിൻ
ഉയിർപൂണ്ടോ-രാംമൃതരേ-നിന്ദിപ്പിൻ-ക്രൂശകരേ

കുറ്റംചെയ്താ-നാദാം സു-ന്ദരരൂപൻ
ദാസനുവേണ്ടി-അടികൊള്ളാൻ-ഗുരുനിന്നു
അടിയേറ്റാൻ-ദാസൻ പ്രതികർത്തൻ
സ്വാതന്ത്ര്യം-ദാസൻ പ്രാപിച്ചു
ദോഷിയെസം-രക്ഷിപ്പാൻ-ധർമ്മപരൻ ഹിതമാർന്നു

പാവന നിണമാണു ക്രൂശകരേ-ഞെട്ടിടുവിൻ
വീരൻമാർ തൻ-പുരിയതിനാ-ലഴിവാകും
പ്രബലപുരി-യേരുശലേമിന്റെ
സ്ഥാപനകൾ-ക്കറുതിയടുത്തയ്യോ!
സ്കീപ്പായാൽ-നിന്നെ-നശി-പ്പിക്കും നിൻ വിധിയേറ്റോൻ

നീതിവിധി നാ-ഥനു നീ കാ-ണിച്ചിടുക
അന്യായത്തോ-ടുത്തമനേ-പിടികൂടി
കായേന്യർ-ദോഷികൾ പാവനമാ-
മാടിൻ ര-ക്തത്തിനു ദാഹിച്ചു
വിധിനാഥാ! ദോഷികളൊ-ത്തഴിയായ്-വാൻ കരുതിടുക

നാഥാ! നീ രക്ഷിച്ചോരാ-നാവുകളും
വാകളുമങ്ങേ-സ്നേഹത്തേ-വാഴ്ത്തുന്നു.
സ്തോത്രം തേ-മാനവനായോനേ!
സ്തോത്രം തേ-സ്ലീബായേറ്റോനേ!
സ്തോത്രമുയിർത്താരോഹാൽ-വിമലതയെച്ചേർത്തോനെ

<u>സുഗീസോ</u>

*(ശുബഹോ ലോക്മോർ ത്ലൊക്സാഗ്ദോൻ)*

ഘാതക ധിക്കാരിയെ വെന്നോൻ
മ്ശിഹാ ധന്യൻ ക്രൂശകിയാം
സെഹ്യോനേ വീഴ്ത്തി സ്നേഹാൽ
ചേർത്താൻ വിശ്വാസ്തന്മാരെ

കൊന്നിടുമണലിക്കുഞ്ഞുങ്ങൾ
പെസഹായിൽ കൂട്ടംകൂടി
തൻപ്രിയ ശാന്തി പ്രദനെതിരായ്
ഗൂഢം തന്ത്രം ചിന്തിച്ചാർ

പൈശൂന്യമതാം തീ കൂട്ടി
മതിചലനത്താലാളിച്ചു
ചിന്തകളാകും കരുതീർത്തു
ചതി നിർമ്മിച്ചു രക്ഷകനായ്

സുതനേ നഗ്നം തരുവിൻമേൽ
ക്രൂശിച്ചതു ദർശിച്ചപ്പോൾ
ആടിക്കേണേരുശലേമിൻ
നാരികൾ രോദിപ്പതു കേട്ടേൻ

നാഥ-സുതൻ തന്നാക്ഷേപം
കണ്ടു സഹിപ്പാൻ കഴിയാതെ
സൂര്യൻ മങ്ങി പ്രഭ മാഞ്ഞു
രക്തനിറം ചന്ദ്രൻ പൂണ്ടു

കീറിയ പാണികൾ കണ്ടപ്പോൾ
മുറവിളികൂട്ടിക്കേണേറ്റം
നാരികൾ കണ്ണീർക്കടലോടെ
രോദനഗേഹം പ്രാപിച്ചു

പുളിവീഞ്ഞും കയ്പും ചേർത്തോ-
രക്കൈ ഹാ ശോഷിച്ചില്ല
ദാഹമവർക്കും തീർപ്പോനായ്
കാടിയതും കയ്പും നൽകി

അഴലൊടു ശിഷ്യന്മാർ പോയി-
തായും യൗസേപ്പും കേണു
പട്ടക്കാർ നിന്ദാപൂർവം
വടിയാൽ തന്നെത്താഡിച്ചു

അക്ഷികൾ വാനത്തേക്കേറ്റീ-
ട്ടട്ടഹസിച്ചാൻ താതനൊടായ്
ഹൈക്-ലാ പൂകീടാനാത്മം
തൃക്കൈകളിലർപ്പിക്കുന്നേൻ

മന്ദിരമറയെ-താൻ കീറി
തൻമെയ് കുന്തത്താൽ കീറി
കബറീന്നും നിർഗതരെത്തി
ധിക്കാരികളെ ശാസിച്ചു

വിധിനാഥാ കല്ലറ കാപ്പാൻ
നിൻഭടരോടാജ്ഞാപിക്ക
എന്നിഹ പീലാത്തോസോടായ്
നിണമോഹികളുൽഘോഷിച്ചു

കഷ്ടത മെയ്യിൽ കയ്യേറ്റ
വചനമതാം സ്വയമുൽഭൂതൻ
കുരിശിൽ തൂക്കപ്പെട്ടോൻ തൻ
രുധിരത്തിന്നായ് പക വീട്ടി

തൻ ഗാത്രത്തിൻ മേലേറ്റം
ധാർഷ്ട്യം ശപ്തന്മാർ കാട്ടി
തൻ നഗരത്തെ നിശേഷം
തൻ ക്രോധം വിദ്ധ്വംസിച്ചു

## ഏവൻഗേലിയോൻ

*( പെസ്ഗോമോ )*

ഹാലേ.. ഹാലേ.. എന്നെ കൃപവരയ്യോ തീറ്റി
തന്നു കുടിപ്പാൻ കൈപ്പേറ്റം പാനീയം - ഹാലേ...

| | | | |
|---|---|---|---|
| വി. മത്തായി | 27 : 26 - 30, | വി. യോഹന്നാൻ | 19 : 5 - 11, |
| വി. മർക്കോസ് | 15 : 21 - 27, | വി. ലൂക്കോസ് | 23 : 26 - 31 |

**ദുഃഖ വെള്ളിയാഴ്ച മൂന്നാം മണി അവസാന കൗമാ**

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
ദണ്ഡം - നിജദാസനിൽനിന്നേറ്റോൻ മിശിഹാ
വിധിനാളൻപാലടിയാരിൽ ദയ ചെയ്ക
മ്ശീഹൊ ദെസ്നാഗദ്ബ്ദീനൊമെൻഅബ്ദെ
ഹുൻലാൻ ബ് യും ദീനോക് വെസറാഹാമ്മേലൈൻ

ന്യായ വിസ്താരത്തിൽ തന്റെ ദാസനാൽ അടിയ്ക്കപ്പെട്ടവനായ മിശിഹാ! നിന്റെ ന്യായവിസ്താരത്തിൽ കൃപയോടെ ഞങ്ങളോട് കരുണചെയ്യണമേ.

നാഥാ! തേ സ്തുതിയും മാനം താതന്നും
മഹിമാ, വന്ദനകൾ ശുദ്ധാ-ത്മാവിനും
ഉണ്ടാ, കുൾകൃപ പാ, പികളാം ഞങ്ങളിലും
മേലാ, മൂറിശ്ലേം വാതിൽ - ക്കുള്ളിൽ നിൻ
സിംഹാ, സനമണയണ മിപ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ
നിത്യം ശരണവുമേ സ്തോത്രം; ബാറക്മോർ

ലൊക്മോർ തെശുബുഹത്തൊ, ലാബൂക് ഈക്കോറോ
വൽറൂഹൊദക്കുദിശൊ സെഗ്ത്തൊ, റുമറോമൊ
വാലായിൻ ഹാത്തോയെ, റഹമെ വഹനോനൊ
നെസ്പ, സഹൂൻതറഐ ഊറി, ശിലേംദലഎൽ
നേലോൻ സ്ലാവോസാൻ; കിദൊംബിം ദംശീഹോ,
ശുബ്ഹോ, ലൊക്മോറാൻ ശുബ്ഹോ, ലോക്മോറാൻ
ശുബ്ഹോ, ലൊക്സബറൻലഓലം; ബാറെക്മോർ

എന്റെ കർത്താവേ! നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും കൃപയും ഉണ്ടായിരിക്കണമേ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മ്ശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ ശരണമേ! എന്നേയ്ക്കും നിനക്ക് സുതുതി. ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ദാസൻ വിധി സമയത്താക്ഷേപിച്ചോനെ
മിശിഹാ വിധി ദിവസേ കനിവാൽ കൃപചെയ്ക
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
മ്ശിഹൊ ദെസ്ബാസാഹ്ബ്ദീനോ
ഹുൻലാൻ ബ് യും ദീനോക് വെസറാഹാമ്മേലൈൻ
ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ന്യായവിസ്താരത്തിൽ തന്റെ ദാസനാൽ ചോദ്യം ചെയ്യപ്പെട്ടവനായ മിശിഹാ!
നിന്റെ ന്യായവിസ്താര നാളിൽ കൃപയോടെ ഞങ്ങളോട് കരുണചെയ്യണമേ.

നാഥാ! തേ സ്തുതിയും മാനം താതന്നും
മഹിമാ, വന്ദനകൾ ശൂദ്ധാ-ത്മാവിനും
ഉണ്ടാ, കുൾകൃപ പാ, പികളാം ഞങ്ങളിലും
മേലാ, മൂറിശിലേം വാതിൽ - ക്കുള്ളിൽ നിൻ
സിംഹാ, സനമണയണ മിപ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ
നിത്യം ശരണവുമേ സ്തോത്രം; ബാറക്മോർ

ലൊക്മോർ തെശുബുഹത്തൊ, ലാബൂക് ഈഠക്കോറോ
വൽറൂഹൊദക്കുദിശൊ സെഗ്ത്തൊ, റുമറോമൊ
വാലായിൻ ഹാത്തോയെ, റഹമെ വഹനോനൊ
നെസ്പ, സഹൂൻതറഐ ഊറി, ശിലേംദലഎൽ
നേലോൻ സ്ലാവോസാൻ; കിദൊംബിം ദംശീഹോ,
ശുബ്ഹോ, ലൊക്മോറാൻ ശുബ്ഹോ, ലോക്മോറാൻ
ശുബ്ഹോ, ലൊക്സബറൻലഗാലം; ബാറെക്മോർ

എന്റെ കർത്താവേ! നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും കൃപയും ഉണ്ടായിരിക്കണമേ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മ്ശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ ശരണമേ! എന്നേയ്ക്കും നിനക്ക് സുതുതി. ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

## 51-ാം മസ്മൂർ

ദൈവമേ! നിന്റെ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമെ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമെ.

എന്റെ അനീതിയിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ ഞാൻ എന്റെ കുറ്റങ്ങളെ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. സന്നിധിയിൽ തിന്മകളേയും ചെയ്തു. അതിനാൽ നിന്റെ വചനത്തിൽ നീ നീതികരിക്കപ്പെടും നിന്റെ വിധികളിൽ നീ ജയിക്കും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കയും ചെയ്തു.

എങ്കിലും നീതിയിൽ നിനക്ക് തിരുവിഷ്ടമായി . നിന്റെ ജ്ഞാന രഹസ്യങ്ങൾ നീ എന്നോടറിയിച്ചു.

സോപ്പാകൊണ്ട് എന്റെ മേൽ നീ തളിക്കണമെ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെൺമയാക്കണമെ; ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തനാക്കണമെ. ക്ഷീണിച്ചിരിക്കുന്ന എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ കുറ്റങ്ങളെല്ലാം മായിച്ചു കളയണമെ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. തിരുസന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയും അരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചുതരണമേ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരികയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമെ. എന്റെ വായ് നിന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല; സമാധാനഹോമങ്ങളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം തകർന്ന ഹൃദയത്തെ നിരസിക്കയില്ല.

തിരുവുള്ളമുണ്ടായി സെഹിയോനോടു നന്മ ചെയ്യണമെ. യറുശലേമിന്റെ മതിലുകളെ പണിയണമെ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും സമാധാന ഹോമങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിൻമേൽ അവർ കാളകളെ ബലി കഴിക്കും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ
കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോട്
കരുണചെയ്യണമെ... മൊറിയോ..

## എനിയോനൊ

*( ഹൗ ദഹവോ ബുക്റോ )*

സ്ലീബായും പീഡകളും പേറീ-മുള്ളിൻ
മുടികയ്യേറ്റോനേ-ദേവാ! ദയചെയ്തീടണമേ

ആദത്തെ-യും സുതരേയും കാപ്പാൻ
സ്വഹിതാൽ-തരുവതിലാരൂഢാ...
ദേവാ! ദയചെയ്തീടണമേ
പരിഹാസം ചെയ്-വാൻ തൻതലയിൽ-
മുള്ളിൻ-മുടിയവരണിയിച്ചു
ദേവാ! ദയചെയ്തീടണമേ
സ്കീപ്പാമേൽ തന്നെക്കണ്ടപ്പോൾ
പകലോ-നിരുളാൽ പ്രഭ നീക്കി
ദേവാ! ദയചെയ്തീടണമേ
സ്ലീബായാൽ മർത്യരെ രക്ഷിപ്പാൻ
താണോ-രുന്നതനേ സ്തോത്രം
ദേവാ! ദയചെയ്തീടണമേ

## പ്രുമിയോൻ

( കോലോ )

*( മ്ശിഹോ നാതർ ലൗഊത്തോക് )*

ദൈവം സ്കീപ്പാമേൽ തൂങ്ങി-സൃഷ്ടികളതി സങ്കടമാർന്നു-
ആകാശത്തിലെ സൈന്യങ്ങൾ-ഭയമൊടുവിഹ്വരരായ് മേവി പീലാത്തോ
-സിൻ സന്നിധിയിൽ-
മൗലി വണങ്ങിയ സുതനെക്കണ്ടപ്പോൾ
നിന്ദിത നാഥനെ സൂക്ഷിച്ചാ-സൂര്യൻ രശ്മികളെ നീക്കി
സൃഷ്ടികളേയെല്ലാ-മേന്തുന്നോനെപ്പിഴയന്യേ-

നിന്ദിത മണ്ണു വിധിച്ചപ്പോൾ
ആഴികളും ഭൂമിതലവും സംഭ്രമമാർന്നു
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

പാർത്താലത്യന്തം ശ്രേഷ്ഠം-സത്യം മോഷക വിശ്വാസം
ആണികൾ പാണിതലങ്ങളിലും - പാദങ്ങളിലും പേറുമ്പോൾ
ക്രൂശിതനാമുടയോനായ് പാപവിമോചനമർത്ഥിച്ചാൻ
സത്യം ചെയ്താൻ കീപ്പാ ഞാ-നവനേയറിയുന്നില്ലെന്നായി
പ്രതി, യോഹന്നാനും - ശിഷ്യന്മാരും വിട്ടോടി
നാഥാ! രാജ്യേ നിൻ വരവിൽ-
സ്മൃതിചെയ്യണമെന്നേ-യെന്നാ ഘാതകനാർത്തു
*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

അല്ലങ്കിൽ - ഗദ്യം

കർത്താവേ! നീ ദുഷ്ടന്മാരുടെ കൈകളാൽ സ്കീപ്പായിൽ തറയ്ക്കപ്പെട്ടിരിക്കുന്നതിനെ മേലുള്ള ഈറേന്മാർ കണ്ട സമയത്ത് അവർ കൂട്ടംകൂട്ടമായി പരസ്പരം ചേർന്ന് ആ ദുഷ്ടന്മാരുടെ മേൽ ഇറങ്ങി അവനെ ക്രൂശിക്ക എന്നട്ടഹസിച്ച ശപിക്കപ്പെട്ടവരെ നശിപ്പിക്കാൻ തിരക്കു കൂട്ടി
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*
മൺകട്ട സിംഹാസനത്തിൽ ഇരുന്ന് വമ്പു ഭാവിച്ചു. ന്യായാധിപന്മാരുടെ ന്യായാധിപനെ വിസ്തരിച്ചു. ജനത്തിന്റെ സപ്രേന്മാർ - ബാറാബായെ - അഴിച്ചു വിടുക. മരണയോഗ്യനായ യേശുവിനെ ക്രൂശിക്കൂ, എന്നട്ടഹസിച്ചു. അവരുടെ ഒർമ്മ ഇനിയും ഉണ്ടാകാതവണ്ണം അവരെ മായിച്ചു കളഞ്ഞവൻ വാഴ്ത്തപ്പെട്ടവനാകുന്നു.
*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

<u>എത്രോ</u>

<u>വീണ്ടും കോലോ</u>

***(ഹൗ സഫ്റോ റാബോ )***

അപ്പുലരിയിൽ നിന്നെ - സ്കീപ്പാമേൽ ദുഷ്ടർ
തൂക്കുന്നതു കണ്ടാർ - വാനിലെയീറേന്മാർ
ശപ്തജനം തൂക്കെ-ന്നട്ടഹസിച്ചപ്പോൾ
ചെന്നദ്ദ്രോഷികളെ-സംഹാരം ചെയ്യാൻ.. ഹലേ...
സംഘത്തോടൊന്നായ് ചേർന്നഭ്യർത്ഥിച്ചാർ

സിംഹാസനപീഠേ-പൂഴഞ്ഞെളിഞ്ഞേറി
വിധിനായകപതിയെ-വിസ്താരം ചെയ്തു
തൂക്കുകമരണത്തി-ന്നർഹൻ യേശുവിനെ
ബാറാബാസിനെ വിടുകെ-ന്നാർത്തു സപ്രേന്മാർ ഹാലേലുയ്യാ...
തൻസ്മൃതി മായിച്ചോൻ വാഴ്ത്തപ്പെട്ടോനാം

<u>ബോത്ത്ദ് ഹാശോ</u>

ഞങ്ങൾക്കായ് നീ-യേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ

ഇരുളിൻ സുതരാം-മൂഢാത്മാക്കൾ
ദൈവികനാകും-കുഞ്ഞാടിനെയാ
സ്കീപ്പൂസായിൽ - തരുവിൽ തൂക്കി
ബഹുവാകുംതൻ-നന്മയ്ക്കെതിരായ്
കയ്പ്പേറിയതാം-പുളിവീഞ്ഞേകി

യീഹൂദിലെ-ദാ-രുണകൃത്യം ക-ണ്ട്
പൊട്ടിക്കീറി-പാറക്കൂട്ടം
   ഏദനിലാദാ-മ്മിനെ നിർമ്മിച്ച
പാണികളിന്മേ-ലാണി തറയ്ക്കെ
ഖേദം യൂദർ-ക്കുണ്ടായില്ല

സിംഹക്കുട്ടി - തരുവിൽ ഗർജ്ജിച്ചു
ഇരുളിൻ സുതരാം - ജംബുകരോടി
   ദുഷ്ടാത്മാക്കൾ - വിസ്മയമാർന്നു
തന്നുടെ മകുടം - നിപതിച്ചതിനാൽ
പാപാധിപനാം - സാത്താൻ കേണു
നിൻവിധി ചെയ്തോർ - വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ - ഞങ്ങളെയീശാ
*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## മോർ യാക്കോബ്

മ്ശിഹോ ദേസൊ ല്ഹാശൊ മൗതോ വസ്കീഫുസോ
ശ്മാ ബോവുസാൻ വാബെദ് റഹ്മെ അൽ നഫ്ശോസാൻ
ആളോഹൻ റാഹേം അലൈൻ കുറിയേലായിസ്സോൻ

മ്ശിഹാ -സ്കീപ്പാമൃതി കഷ്ടതകൾക്കായ് വന്നോനേ!
പ്രാർത്ഥനകേ-ട്ടിട്ടാത്മാക്കളിലമ്പുണ്ടാ-കേണം
            ദേവാ! ദയയുണ്ടാ-കേണം-നാഥാ!
            കൃപ തോന്നണമൻപാൽ

ബലിപീഠത്തിൽ ചെന്നാനീശൻ കുഞ്ഞാടായി
യജ്ഞം ചെയ്-വോരാചാര്യന്മാർ ക്രൂശിപ്പോരും
ഗോഗുൽത്തായിൽ കുരിശിൽ പീഠം നാട്ടി നിറുത്തി
കോണിൻ ശിലയെ ദുർദാസന്മാരേറ്റിയതിന്മേൽ
വാനും ഭൂവും ചേരും സ്ഥാനേസ്തംഭം നാട്ടി
ഉലകിൻഭാരം പേറാൻ വീറോടുതാനും നിന്നു
            ദേവാ! ദയയുണ്ടാ-കേണം-നാഥാ!
            കൃപ തോന്നണമൻപാൽ
മദ്ധ്യാഹ്ന-ത്തിൽ കൂരിരുളാലുലകം മൂടി
ജ്യോതി-സിന്മേലവനധികാരിയെന്നതിനാൽ തേറി
വെള്ളിയിൽ-വെട്ടം തേജസിയെ വാഴ്ത്തീടാൻ മാഞ്ഞു
സ്ലീബായേ-റ്റോൻ ദൈവാത്മജനെന്നുലകം-കണ്ടു
മദ്ധ്യഹ്ന-ത്തിൽ വൃക്ഷഫലത്തേയാദാം-തിന്നു
ലജ്ജാപൂർവ്വം തൻ മൂഢതയിൽ കമ്പംപൂണ്ടാൻ..
            ദേവാ! ദയയുണ്ടാ-കേണം-നാഥാ!
            കൃപ തോന്നണമൻപാൽ
വസ്ത്രം സർ-പ്പം റാഞ്ചീടുകയാൽ നൃപനേ-ചാർത്താൻ
പകലിന്നു-ള്ളിൽ രാവുകരേറി സ്ഥാനം-നേടി
നഗ്നതപൂ-ണ്ടോരുടയോനെ കണ്ടടിയാൻ-സൂര്യൻ
ഘോരാ-ക്ഷേപം കാണായ്-വാൻ തൻ നയനം ചിമ്മി
നോഹിൻനാ-ഥൻതൻ നഗ്നതകാ-ണായ്-വാൻ ശേമും
യാഫേത്തും-പോൽ രവിയും മതിയും വദനം-മൂടി
            ദേവാ! ദയയുണ്ടാ-കേണം-നാഥാ!
            കൃപ തോന്നണമൻപാൽ

സ്കീപ്പാ-യിന്മേൽ നീതിമഹാസൂര്യൻ മേവീ-ടുമ്പോൾ
സൃഷ്ടികളിൽ ഞാനെങ്ങനുദിക്കും ചൊന്നാൻ-സൂര്യൻ
ചോരകമ-ദ്ധ്യേ നാഥനെ നഗ്നം ദർശിച്ച-പ്പോൾ
തൻതേജ-സ്-സിനെയെങ്ങിനെ പകലോൻ വെളിവാക്കീടും
ജ്യോതിർവ്യൂ-ഹത്താൽ പൂർണ്ണമതാം തേജോ-ഗോളം
വൃക്ഷത്തി-ന്മേൽ നാഥനെ ദർശിച്ചന്ധത-പൂണ്ടു
ദേവാ! ദയയുണ്ടാ-കേണം-നാഥാ!
കൃപ തോന്നണമൻപാൽ
മദ്ധ്യാഹ്നേ-നഗ്നതയാർന്നാൻ പുജത്രൻ സ്കീ-പ്പാമേൽ
ആദത്തെ-ക്കൊന്ന മഹാസർപ്പം പേടിച്ചാർത്തു
ദൃഷ്ടാന്തങ്ങൾ തൻ രഹസ്യം നിറയും ഹാശാ-വെള്ളി
നിൻ വൃത്താ-ന്തം വർണ്ണിപ്പാനെൻ വദനം-പോരാ
ആറാം നാളിൽ പറുദീസിൽ നിന്നാദാം-നീങ്ങി
അന്നാളിൽ-താൻ ദേവതനൂജൻ സ്കീപ്പാ-യേറി
ദേവാ! ദയയുണ്ടാ-കേണം-നാഥാ!
കൃപ തോന്നണമൻപാൽ
(ഓ യൂദോയെ ഹോ മെശ്ത്ബെക് ല്കൂൻ ബൈത്കൂൻ ഹർബോ
ലോ മൽകൂമ്പോ ഉലോ കൊഹ്നൂസോ ലൊ ന്ബീയൂസോ)

പൗരോ-ഹിത്യം രാജ്യം പ്രവചനമെന്നിവ-യെന്യേ
യൂദന്മാരേ! നിങ്ങടെ നിലയം സർവം ശൂന്യം

<u>(വൊയ്ലെക്സെഹിയൂൻ)</u>

സീ..യോനെ കഷ്ടം-മ്ശിഹായേ ക്രൂ...ശിച്ചോളേ!
ഭാ..ഗ്യം സഭയേ.. - ഉച്ചത്തിൽ സ്തുതി ചെയ്ക

തേ...ജോ നാഥൻ - സ്ലീബായിൻ...മേലേറി
പാ..വനനെക്കൊ-ന്നീടാൻ ക്രൂശകരാർത്തു
നാശകരാം-ചെന്നായ്ക്കൾ ചുറ്റി
നിർമ്മല കൂ-ഞ്ഞാടതിനെച്ചീന്തി
ഹിതമൊടു-വേ-ദനയേറ്റ-വരെയും വീ-ണ്ടാൻ കുരിശാൽ

തേ...ജസുതരാം-ശിഷ്യന്മാർ പാഞ്ഞോടി
കൂ..രിരുളുകൾ തേ-ജോമയനെപ്പിടികൂടി
ദ്വേഷത്താൽ കയ്യാപ്പതാനും
ഹന്നാനും-വാമവശാധിപനാം
യൂദായും-വലഭാ-ഗാധിപനെ ക്രൂശിച്ചു.

ചൊ..ല്ലുന്നുമരം-കഷ്ടമെനിക്കെന്തുളവായ്
സ്യ...ഷ്ടീശനെയെൻ-മീതെ ഹാ! കുരിശിച്ചാർ
മഴമഞ്ഞെ-ന്നിവയാലവനെന്നെ
പോറ്റി, ഞാ-നപകാരം ചെയ്തു
മശിഹാതൻ-ക്രൂശകരാം-യൂദന്മാരേ കഷ്ടം

നാ..ഥാ! മകനേ! കുരിശിച്ചാരിത്തരുവിൽ
ഉന്നതസുതനേ!-ദ്വേഷിച്ചെന്തിനു പകയർ
സകലർക്കും-നന്മകൾ നീയരുളീ
ആരോഗ്യം നിഖിലർക്കും നൽകി
പ്രതിഫലമായി-സ്കീപ്പാമേ-ലെന്തിന്നി-പ്പരിഹാസം

ദോ..ഷം ചെയ്തെ-ന്തേരുശലേം പുത്രികളെ!
എൻപുത്രൻ കാ-ന്തർക്കുപകാരം ചെയ്തു
തുപ്പലിനാൽ-കാഴ്ചകൊടുത്തന്ധർ
ക്കരുളാൽകു-ഷ്ഠാർത്തർക്കമലതയും
കാന്തസുത-ന്മാരവനെ പ്രതിഫലമായ് താഡിച്ചു

നാഥാ! മകനേ! - എങ്ങനെ ഞാൻ കേഴേണം
തോഴികളും പാ-വനമാം സംഘവുമെന്യേ
സ്കീപ്പായേ-ഘാതകർ ചൂഴുന്നു
ദ്വേഷികൾ നിൻ-മൃതിയതിനൂഴറുന്നു
മൂകമതാം-സൃഷ്ടിക്കേ-കുക കേഴുനാരാവം

മൂ..കതയോ നിർ-മ്മലരക്തം വീണധരേ!
ചേലയെഴുന്നോ-ർക്കുൾഭ്രമമേറ്റുക വലുതാം
പാറകളേ! ആർക്കുക കല്ലുകളേ!
ശാസിപ്പിൻ ക്രൂശകരേ നിങ്ങൾ
താൻ നഗ്നൻ പ്രകൃതികളേ! ആംഗ്യത്താ-ലിളകിടുവിൻ

ഓ! എഴുന്നേൽപ്പിൻ-സൃഷ്ടികളേ-പിതൃഭവന-
ത്തായകളേ കേ-ഴിൻ മൃതിപൂകുംസുതനായ്
സുതനേകൻ-തമ്മിലിളക്കിടുവിൻ
തിരുമഹിമാ-വേറ്റം നിരസിച്ച
ക്രൂശകരേ-ഭീകരമാം-നെടുവീർപ്പാൽ-ശാസിപ്പാൻ

ഉഗ്രന്മാരാ-മുജ്വല ദൂതന്മാരേ
തൻ നഗ്നത ക-ണ്ടെന്തെരിയാതമരുന്നു
നിങ്ങളിൽ ര-ണ്ടാളുകൾ സോദോമിൽ
നിന്ദിതരായ്-തൽപുരി തീയ്ക്കിരയായ്
വാനവരെ! ക്ഷമയരുതേ-ദുഷിയേറ്റീടുന്നുടയോൻ

സ്കീപ്പായേച്ചു-ഴുന്നോരാം ദ്രോഹികളിൽ
അത്യുന്നതരേ!-വൈരാഗ്യത്തീചൊരിവിൻ
രക്ഷകനെ-തൂക്കിയ ജനതയ്ക്കായ്
ചിറകുകളിൽ-തീക്കനലേന്തീടുവിൻ
വാനവരേ! തന്നാഗ്യം-രോധിച്ചോ-ക്ഷമയെന്ത്?

<u>ഏവൻഗോലിയോൻ</u>

***(പെസ്ഗോമാ)***

ഹാലേ.. ഹാലേ... എന്നെ കയ്പ്പവരയ്യോ തീറ്റി
തന്നു കൂടിപ്പാൻ കയ്പേറും പാനീയം ഹലേ...

വി. യോഹന്നാൻ 19 ; 15 - 22 വി.മത്തായി 27 : 38 - 44
വി. മർക്കോസ് 15 : 29 -32 വി.ലൂക്കോസ് 23 ; 34 - 43

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ

നാഥാ നിൻവരവിൻ മഹിമാദിവസത്തിൽ
അടിയാരേയോർക്കുക കള്ളനെയെന്നതുപോൽ

ബദുമുസ്ഗായൊസൊബ്റഹമൈ എസ്ദകറൈൻ
മോറാൻ ബ്ഹൗയൗമൊ ശ്ബീഹൊദുമേസിസോക്

കർത്താവേ! നിന്റെ വരവിന്റെ മഹത്ത്വമുള്ള ദിവസത്തിൽ ആ കള്ളനെപ്പോലെ കരുണയോടെ ഞങ്ങളേയും ഓർക്കണമേ.

നാഥാ! തേ സ്തുതിയും മാനം താതന്നും
മഹിമാ, വന്ദനകൾ ശൂദ്ധാ-ത്മാവിനും
ഉണ്ടാ, കുൾകൃപ പാ, പികളാം ഞങ്ങളിലും
മേലാ, മൂറിശിലേം വാതിൽ - ക്കുള്ളിൽ നിൻ
സിംഹാ, സനമണയണ മിപ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ
നിത്യം ശരണവുമേ സ്തോത്രം; ബാറക്മോർ

ലൊക്മോർ തെശുബുഹത്തൊ, ലാബൂക് ഈക്കോറോ
വൽറൂഹൊദക്കുദിശൊ സെഗ്ത്തൊ, റുമറോമൊ
വാലായിൻ ഹാത്തോയെ, റഹമെ വഹനോനൊ
നെസ്പ, സഹൂൻതറഐ ഊറി, ശിലേംദലഎൽ
നേലോൻ സ്ലാവോസാൻ; കിദൊംബിം ദംശീഹോ,
ശുബ്ഹോ, ലൊക്മോറാൻ ശുബ്ഹോ, ലോക്മോറാൻ
ശുബ്ഹോ, ലൊക്സബറൻലഓലം; ബാറെക്മോർ

എന്റെ കർത്താവേ! നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും കൃപയും ഉണ്ടായിരിക്കണമേ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മ്ശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ ശരണമേ! എന്നേയ്ക്കും നിനക്ക് സുതുതി. ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!

## ദുഃഖ വെള്ളി ഒൻപതാം മണി

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
സ്കീപ്പായാൽ ക്രൂശകയെമായിച്ചോനേ
മ്ശിഹാ കോട്ടയമഭയവുമാം നിൻ സ്ലീബാ

ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
മ്ശിഹൊ ദ്ബസ്കീപ്പെ അക്കറൊലസോലുബുത്തൊ
സ്ലീബോക്നെഹവേലൻശുറൊ ബെസ് ഗൗസൊകുരിശിൽ തൂക്കിയ പട്ടണത്തെ തന്റെ

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
സ്ക്കീപ്പായാൽ നിർമ്മുലമാക്കിയവനായ മിശിഹാ!
നിന്റെ സ്ലീബാ ഞങ്ങൾക്ക് കോട്ടയും അഭയസ്ഥാനവും ആയിരിക്കണമേ.

നാഥാ തേ സ്തുതിയും

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!

## 51-ാം മസ്മൂർ

ദൈവമേ! നിന്റെ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമെ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമെ.

എന്റെ അനീതിയിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ ഞാൻ എന്റെ കുറ്റങ്ങളെ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. സന്നിധിയിൽ തിന്മകളേയും ചെയ്തു. അതിനാൽ നിന്റെ വചനത്തിൽ നീ നീതികരിക്കപ്പെടും നിന്റെ വിധികളിൽ നീ ജയിക്കും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കയും ചെയ്തു.

എങ്കിലും നീതിയിൽ നിനക്ക് തിരുവിഷ്ടമായി . നിന്റെ ജ്ഞാന രഹസ്യങ്ങൾ നീ എന്നോടറിയിച്ചു.

സോപ്പാകൊണ്ട് എന്റെ മേൽ നീ തളിക്കണമെ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെൺമയാക്കണമെ; ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തനാക്കണമെ. ക്ഷീണിച്ചിരിക്കുന്ന എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ കുറ്റങ്ങളെല്ലാം മായിച്ചു കളയണമെ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. തിരുസന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയും അരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചുതരണമേ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരികയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമെ. എന്റെ വായ് നിന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല; സമാധാനഹോമങ്ങളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം തകർന്ന ഹൃദയത്തെ നിരസിക്കയില്ല.

തിരുവുള്ളമുണ്ടായി സെഹിയോനോടു നന്മ ചെയ്യണമെ. യറുശലേമിന്റെ മതിലുകളെ പണിയണമെ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും സമാധാന ഹോമങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിൻമേൽ അവർ കാളകളെ ബലി കഴിക്കും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ
കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോട്
കരുണചെയ്യണമെ... മൊറിയോ..

## ബസ്ക്കീഫോ അം ആവോലെ

സന്ദർശിപ്പാനാഗതനാം -
സൽസുതനെ ദ്രോഹികളൊപ്പം
ദോഷികളെണ്ണീ സ്കീ-പ്പാ-മേൽ

ദേവേശനു ദാഹിച്ചപ്പോൾ-
പുളിവീഞ്ഞും കയ്പും നൽകി
നിറവേറീ നിബിതൻ വാ-ക്യം

മന്നൻ ദാവീദോതിയപോൽ-
തൻവസ്ത്രത്തെപ്പങ്കിട്ടാർ
ചീട്ടിട്ടാർ തന്ന-ങ്കിക്കായ്-

വിശ്വസ്ത സഭാമക്കൾക്കായ്-
സ്ലീബാ കെൽപിയലും വലുതാം
ആയുധമായ് തീർത്തോൻ ധ-ന്യൻ

ദുഷ്ടൻ തൻ സേനകളിവയിൽ
വിശ്വാസിനിയാം വിമലസഭ -
യ്ക്കേകട്ടെ സ്ലീബാ-കോ-ട്ട
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

സ്ലീബായാൽ സഭ രക്ഷിതയായ്-
സ്ലീബായേ വെടിയാത്തതിനാൽ
സ്ലീബായതിനെകാ-ക്കുന്നു
*സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ*

<u>പ്രുമിയോൻ</u>

<u>കോലോ - കൂക്കോയോ</u>

മൃതിയെ രുചിച്ചാൻ ദേവേശൻ-സ്ലീബാമേലേറി
പാതാളക്കോട്ട തകർത്താൻ-മൃതലോകം പൂകി
കതകുകളും ചെ-മ്പോടാമ്പലുമൊപ്പം
അഴകറ്റോനാ-മാദാമിനു ജീവൻ
നൽകിത്തന്നുത്ഥാനത്തെ-നമ്പിടുമാദാമിൻ
സുതർയാനം ചെയ്യേണ്ടോരാ-ക്കബറീന്നും പറുദീസ്
ഹാലേലുയ്യാ-പൂകും വഴികാട്ടി
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

ജഗതീനാഥൻ ദൈവസുതൻ-സ്കീപ്പാ - യിന്മേൽ
മൗലിനമിച്ചാത്മത്തെത്തൻ - പിതൃപാണിയിലേകീ
പാറകൾ കീറി - കല്ലറകൾ വീണ്ടു
സൃഷ്ടികളെല്ലാ-മാശ്ചര്യം പൂണ്ടു
ദൈവസുതന്റെ വിലാവയ്യോ-യൂദൻമാർ ചീന്തി
പുണ്യം ലോകത്തിനു നൽകും-ജലവും ശോണിതവും
ഹാലേലുയ്യാ - പ്രവഹിച്ചതിൽ നിന്നും

<u>വീണ്ടും കോലോ</u>

<u>തൂബൈക് ഈത്തോ</u>

വൃക്ഷത്തിന്മേൽ പാണിപദങ്ങളിലാണിയടി
ച്ചുടയോൻ ക്രൂശിതനായപ്പോൾ മോചനമർത്ഥിച്ചൊരു ചോരൻ
തൻ വിശ്വാസം ബഹുശ്രേഷ്ഠം-ചൊന്നാൻ - പോക്കുക മമദോഷം
ശീമോൻ കണ്ടുനിഷേധിച്ചാൻ നിന്നാൻ യൂഹാനോനകലെ
ഘോഷിച്ചാൻ ചോരൻ നാഥാ-ഓർക്കണമെന്നേ നിൻരാ-ജ്യേ
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

തരുവിൽ തൂങ്ങി തസ്കരരിടയിൽ വിടർന്നവനാം!
സുതനെക്കണ്ടഗ്ന്യാത്മീയർ-തൻനിവഹം-വിസ്മയമാണ്ടു
തൻനഗ്നതയെ കാണായ്-വാൻ കതിരോൻ കതിരുകളേമൂടി
ആംഗ്യത്താൽ മാനത്തേയും-വീര്യത്താലിക്ഷിതിയേയും
തീർത്തോൻ തൻനഗ്നതയെക്ക-ണ്ടൂഴിയുംമംബരവും ഞെട്ടി

***അല്ലങ്കിൽ - ഗദ്യം***

കള്ളന്റെ വിശ്വാസം ഏറ്റവും വലുതും യഥാർത്ഥവുമായിരുന്നു. മരത്തിൽ തൂക്കപ്പെട്ടിരിക്കുന്ന അവന്റെ നാഥനോട് അവൻ പാപപരിഹാരം യാചിച്ചു. അവന്റെ കൈകളും കാലുകളും ആണികളാൽ തറയ്ക്കപ്പെട്ടു. എന്റെ അകൃത്യം ക്ഷമിക്കണമേ എന്നവൻ പറഞ്ഞു. ശെമഓൻ തന്നെ ഉപേക്ഷിച്ചു പറഞ്ഞു. യൂഹാനോൻ അകലെ നിന്നു. നിന്റെ രാജ്യത്തിൽ നീ എന്നെ ഓർക്കണമേ എന്നു കള്ളൻ അട്ടഹസിച്ചു പറഞ്ഞു.

*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

മരത്തിന്മേൽ തൂക്കപ്പെട്ടും കള്ളൻമാരുടെയിടയിൽ വധിക്കപ്പെട്ടും കിടക്കുന്ന പുത്രനിൽ അഗ്നിമയന്മാരും ആത്മമയന്മാരുമായ ഈറേന്മാരുടെ കൂട്ടങ്ങൾ അത്ഭുതപ്പെട്ടു. സൂര്യൻ അതിന്റെ കിരണങ്ങൾ തന്റെ നഗ്നത കാണാതിരിക്കത്തക്കവണ്ണം മറച്ചുകളഞ്ഞു. സ്വശക്തിയാൽ ഭൂമിയെ രൂപപ്പെടുത്തുകയും ആംഗ്യത്താൽ ആകാശത്തെ വിരിക്കുകയും ചെയ്തവൻ വസ്ത്രം ഉരിഞ്ഞും നഗ്നനായും കിടക്കുന്നതു ആകാശവും ഭൂമിയും കണ്ടപ്പോൾ ഇളകിപ്പോയി

## ബോത്തേദ് ഹാശോ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ!

ഉരുകിപ്പോയല്ലാണികൾ-കയ്യിൽ
വെന്തില്ലേതും നിൻ ഹന്താക്കൾ
  സ്വയമേ താണൊരു-സിംഹക്കുട്ടി
ഏദനിൽ മൃതനാ-മാദാ-മിന്നുയിർ
നൽകാൻ പീഡാമൃതി നീയേറ്റു

ക്രൂശിൽ മൃതിയേറ്റോനുച്ചത്തിൽ
ഘോഷിച്ചപ്പോൾ ശിലകൾ വീണു
  തീയേറ്റതുപോൽ-കല്ലുകൾ കീറി
ബഹുസംഭ്രമമോടലറീ ഭൂമി
പെൺസിംഹംപോൽ സൃഷ്ടികൾ ചീറി

പ്രഭയാലും പൂക്കൾക്കായ് പകരം
ദാഹിച്ചപ്പോൾ കടുവീഞ്ഞേകി
  റോസാ-പുഷ്പ-ങ്ങൾക്കായ് പകരം
അവിവേകത്താ-ലാദുഷ്ടന്മാർ
മുള്ളിൻ മുടിതൻ തലയിൽ ചാർത്തി

പാടേറ്റോനേ! ജീവാത്മജനെ!
റൂഹാസഹിതം താതനിലേകാ!
  സ്തുതിതേ സ്തുതിയാ-താരും സർവ-
സ്തോത്രപ്പൂവിൻ കുലയും തേജോ
മകുടത്തിന്മേലണിയിക്കുന്നു

നിൻവിധി ചെയ്തോർ - വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ-ഞങ്ങളെയീശാ.

## മോർ യാക്കോബിന്റെ ബോവൂസോ

മ്ശിഹാസ്കീ-പ്പാ മൃതി കഷ്ടതകൾക്കായ് വ-ന്നോനേ
പ്രാർത്ഥന കേ-ട്ടിട്ടാത്മക്കളിലമ്പുണ്ടാ-കേണം
ദേവാ! ദയയുണ്ടാകേണം - നാഥാ! കൃപ തോന്നണമൻപാൽ

ചൊന്നാൾ ദുഃ-ഖധ്വനിയോടേവം ഞാൻ ശ്ര-ദ്ധിച്ചു
ചൊല്ലുന്നോരാ-വചനമതെന്തന്നറിവാ-നായി
നാഥാ! സീ-യോൻകോട്ട തകർക്കട്ടേ നിൻ സ്ലീബാ
നിന്നെദ്വേ-ഷിച്ചോരുകണ്ണുകളന്ധതപൂ-കട്ടെ ദേവാ!

പാടേറ്റോ-നേ പാടിനു വിട്ടൊരു താതൻ-സ്തുത്യൻ
പീഡാ ഹീ-നാസ്തുതി ഞങ്ങൾക്കായ് പാടേ-റ്റോനെ
റൂഹ്ക്കുദിശാ! പീഡാമൃതിഹീനാ! വന്ദിക്കുന്നേൻ-
ത്രിത്വപ്രഭ-യാമേക പ്രകൃതത്തിനായ്-സ്തോത്രം ദേവാ!

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാർന്നു ദേവാ!

## കുംപൗലോസ്

ധന്യൻ തൻ മൃതിയാൽ-മരണത്തെക്കൊന്നു
പാതാളസ്ഥർക്കായ്-വിടുതൽ കൊടുത്തോൻ

സൃഷ്ടികളേയെല്ലാം-കൈകളിലേന്തിക്കൊ-
ണ്ടുടയോൻ നിന്നാന-ക്കാൽവറി മീതേ
വീഴ്ച ഭവിച്ചോനാ-മാദാമിൻ പേർക്കായ്
രക്ഷകനായ് പാരിൻ-നടുവിലുദിച്ചാൻ
സഷ്ടികളേ ജീവ-ദ്ധ്വനി കമ്പിപ്പിച്ചു
തിരുമഹിമാവോതാൻ-പരിശുദ്ധന്മാർ-ക്കുയിരേകി
ഭൂസ്വർഗങ്ങൾ തൻ-മദ്ധ്യേ ക്രൂശിതനായ്
സ്കീപ്പായാലെങ്ങും-ശാന്തി പരന്നു

സ്കീപ്പായിയ്ക്കാർന്നോ-രേകസുതൻ തന്നെ
യേരുശലേംകാരാം-സ്ത്രീകൾ ദുഷിച്ചു
അറിയാതെന്നാലും-പ്രവചന വാക്യത്തിൽ
ശാപത്തെ ഘോഷി-ച്ചധികം കേണു
ഘാതകഖണ്ഡഗത്തോ-ട്ടടിമത്വത്തിന്നായ്
പോയീടുന്നതിനാ-ലേവം പാ-രം രോ-ദിച്ചു
നിരുപമസന്തോഷം-നൽകിയവന്നായ്
നാരികളേ കേഴു-ന്നെന്തിനു നിങ്ങൾ

സ്പർദ്ധാധിക്യത്താൽ-ഹതനാം കർത്താവേ!
ഡംഭികൾ നിൻ-മൃതിയിൽ-വെന്തീടട്ടെ
സ്കീപ്പായിന്മീതേ-ഹതമാം തേജസേ
വഞ്ചകരേ കൽപി-ച്ചില്ലാതാക്കൂ
സൃഷ്ടികളിൽ വാക്കും-പ്രഭയും ചേർപ്പോനേ!
ഏറ്റം താണതിനാ-ലവ നിന്നെ-ക്കീ-ർത്തി-ക്കട്ടെ
തിരുബഹുമാനത്തെ-നിരസിച്ചോരാകും
ജനതയ്ക്കായ് ശാപം-ഘോഷിക്കട്ടെ

സൃഷ്ടിസമൂഹത്തിൻ-പതിയെ ക്രൂശിതനായ്
സ്ലീബാവൃക്ഷത്തിൽ-ദർശിച്ചപ്പോൾ
ആത്മീയന്മാർ തൻ-നിവഹം ക്ഷോഭിച്ചു
അഗ്നിമയന്മാരും സംഭ്രമമാണ്ടു
ക്രൂശക വൃന്ദത്തേ-ചെന്നു നശിപ്പിപ്പാൻ
ഗബ്റീയേൽനോക്കീ-തോഴൻ മീ-ഖാ-യേൽ-താനും
തിരുവുള്ളത്താൽതാൻ-തരുവിൽ ക്രൂശിതനായ്
അഗ്നിമയൻമാരേ! ക്ഷോഭിക്കേണ്ട.

ഏകതനുജൻ തൻ - മഹിമയെയേറ്റോതി
സ്തോത്രം ഘോഷിച്ചാൻ-മോഷ്ടാവിനാൾ
അതിഭാസ്സോ ടീശാ-നീ നിൻ രാജ്യത്തിൽ
വന്നീടുന്നേര-ത്തോർക്കണമെന്നേ
എൻവരവോളം നീ-കാക്കേണ്ടെന്നോതി-
ട്ടുയിർഗതിയാകുന്നോ-രച്ചാര-ത്തെ-ത്താ-നേ-കി
മാമകതത്വത്തെ-നമ്പിയ മർത്ത്യ! നീ
ഈ ദിനമെത്തീടും-പറുസായിൽ

ധർമ്മവിഹീനന്മാർ-തരുവിൽ-ക്രൂശിച്ചോ-
രുടയോനെക്കണ്ടി-ട്ടടിയാൻ സൂര്യൻ
കതിരുകളേ നീക്കി-സ്കീപ്പായിന്മീതെ
ഭൂപതിയർഹിക്കും-ബഹുമതി നൽകി
അന്ധത പൂണ്ടീടും-ജനനിവഹത്തിന്മേ
ലെങ്ങനയാ സൂര്യൻ-സ്വപ്രഭയേ ശോഭി-പ്പിക്കും
ക്രൂശകവൃന്ദത്തി-ന്നൊളി നൽകീടായ്-വാൻ
രശ്മികളേയർക്കൻ-നിഷ്പ്രഭമാക്കി

ജീവമയൻ ജീവൻ-മൺമയനേകീടാൻ
സ്ലീബായിൻമീതേ-മരണം പൂണ്ടു
സാക്ഷിച്ചീടുന്നു-തൽമൃതിയേ വെള്ളം
ഘോഷിക്കുന്നേറ്റം-ജീവനെ രക്തം
ദൈവിക കുഞ്ഞാടേ!-നിൻമൃതി സത്യം ഞാൻ
ഉന്നതപുത്രാ നീ-ജീവനെഴുന്നോൻ-സത്യം താൻ
ഉയിരുടയോനാം നീ-മൃതനായ് വാഴുന്നു
ഭൂമിയിലും മേലും-സീമയിലെങ്ങും

<u>കുലകുൻ ആമ്മേ</u>

കള്ളന്മാരുടെ സംവാദം

ഭൂജാതികളെ! വന്നെത്തി
ത്തസ്ക്കര നാദം ശ്രദ്ധിപ്പിൻ
ചോരന്മാർ തൻ സംവാദം..
നേരയാരാഞ്ഞീക്ഷിപ്പിൻ

മദ്ധ്യേ കർത്താവിൻ സ്കീപ്പാ...
ചായാത്തൊരു ന്യായാധിപനായ്
സത്യമെഴും ത്രാസെന്നോണം
തദ്വചനം നന്നായി തൂക്കി

നിഖിലേശനൊടോതി ചോരൻ
നിൻവരവിൻ നാളോർക്കെന്നേ

അനശ്വരരാജ്യേ കാരുണ്യം-
തടവെന്യേ ഞാൻ കാണട്ടെ.

ഇടതുവശത്തായ് ക്രൂശേറ്റോൻ-
തോഴൻ കേട്ടേവം ചൊന്നാൻ
എന്തിനിവൻ രാജാവെങ്കിൽ
നിന്ദ്യസ്കീപ്പാമേലേറി

വിശ്വാസത്താൽ ചേർന്നവനിൽ ഞാൻ
സ്ലീബായാൽ നാം വേർപെട്ടു
വെൺമയണിഞ്ഞോൻ രക്തത്താൽ
ഉയിരരുളി ധൈര്യം പൂണ്ടേൻ

നമ്മെപ്പോലാണികളേന്തി...
പ്പാടേൽപ്പതു കാണുന്നില്ലേ
രാജ്യം തരുവോനാമെങ്കിൽ
സ്വയമൊഴിവാകട്ടേ നമ്പാം

കർത്തൃവചസ്സാം താക്കോലാൽ
ഏദൻതോട്ടം പൂകും ഞാൻ
നീ തെറ്റിപ്പോയി തെറ്റവനിൽ-
ചൊന്നെന്നെ തെറ്റിക്കേണ്ടാ

തരുവിൽ നമ്മെപ്പോൽ തൂങ്ങി
കഷ്ടത നമ്മേക്കാളേറ്റാൻ
രാജാവെങ്കിൽ തൻ സൈന്യം
വന്നവനെ രക്ഷിക്കട്ടെ

ഈശോ പാരിൽ തരുവിന്മേൽ
വാനത്തഗ്നിത്തേരിന്മേൽ
പ്രകൃതികളുടയോനേയേറ്റു-
തൻക്രൂശേറ്റത്താൽ വെമ്പി

നിൻ ഗുരുവിനെ നീ സൂക്ഷിക്കാ-
മുതുകിൽ ചാട്ടപ്പാടില്ലേ
നീ മഹിമയവന്നോതുന്നു
നിൻവാക്കിനേയാർ മാനിക്കും

ആദാമിൻശാപം പോക്കാൻ-
മൺമുള്ളുകളെത്തൻമുള്ളാൽ
നീക്കിയോരീശോ നൃപനല്ലാ
താർക്കും കഴിവില്ലതു ചെയ്യാൻ

അരുളിയപോൽ സ്കീപ്പായേറ്റോൻ
പറുദീസ നിനക്കേകട്ടെ
നീ കാണാത്തോരേദനിലേ
ക്കെങ്ങനെയവനേറ്റും നിന്നെ

ഈ മരണം പാതാളത്തിൻ
കെട്ടുകളേ ഭേദിച്ചു

അതിനെത്തൻ നാദം വീഴ്ത്തി-
ധൂളിപ്പാൻ താൻ പൂകുന്നു

ഞെങ്ങിഞെരുങ്ങിപ്പാടേറ്റാൻ-
കയ്പുകൂടിച്ചു കുത്തേറ്റു
കഷ്ടത നിറയുന്നോനേ ഞാ-
നെങ്ങിനെ രാജാവെന്നോതും

പാറകൾ പിളരും നാദത്തേ-
ശ്രദ്ധാപൂർവം കേട്ടാലും
സിദ്ധാസ്ഥികളൊന്നിക്കുന്നു-
എന്തിനവിശ്വാസം തോഴാ!

സൃഷ്ടികളിളികീ ഭൂതങ്ങൾ
ഞെട്ടീ നീ കൂസുന്നില്ല
കല്ലുകൾ ചിന്നീ വ്യാജം വി-
ട്ടേറ്റു പറഞ്ഞേൽക്കുക ജീവൻ

ആരാഞ്ഞാൽ തൻ മാഹാത്മ്യം-
പലതും നിന്നോടോതീടും
സൃഷ്ടികളവനേ സാക്ഷിപ്പൂ-
ഇളകുന്നഖിലം തൻ പാടിൽ

ലിഖിതം മൂലം രാജാവെ-
ന്നിവനെ വിളിച്ചാൻ പീലാത്തോസ്
സാക്ഷികൾ പോലവരാർത്തതിനാൽ-
നൃപനെന്നോതി-യിടയേണ്ട

നമ്മൾക്കിടയിൽ സ്കീപ്പായ-
ങ്ങതിരാം കുഴി നീയേറീടാ
വാമസുതാ! നിൻ സ്ഥലമേൽക്ക-
വലതുവശം മാമകമല്ലോ

സ്ലീബ തുറന്നു പാതാളം
സൂര്യനിരിണ്ടു ക്ഷിതി ഞെട്ടി
രണ്ടായി കീറി തിരശ്ശീല
സർവം സാക്ഷിച്ചുടയോനെ

ഭൂ മരുവും സൃഷ്ടകളെല്ലാ-
മുഴറും ധ്വനിയും നീ കേൾക്ക
തൻ ശബ്ദത്താൽ ഭീയാർന്നീ-
ഭൂ ഭിത്തികളാടീടുന്നു

പാതാളത്തീന്നെത്തീടും-
മൃതർ തന്നാരവം തോഴാ കേൾ
ഞാൻ നമ്പിയ ജീവപ്രദനാം
മേശുവിനേ നീ കണ്ടാലും

ആദാമുണരാൻ മൃതിയേറ്റാൻ-
മൃതിഗതരവനേ നോക്കുന്നു

അവനാദത്തേ വിടുവിക്കൂ-
ന്നേദനിലെന്നേയേറ്റുന്നു

ഹാ! സ്വഹിതത്താൽ മൃതിയേറ്റ-
പരസുതനെ ദുഷിച്ചീടുന്നോ?
പൊത്തുക ദുഷിയേറും വായ് നീ-
ഞാൻ നമ്പിയ സ്ലീബാ ധന്യം

പറുദീസിൽ തന്നൊടുകൂടെ
ചോരനുമേറാൻ ചൊന്നോനേ
നാഥാ നിന്നേയേറ്റോരാം
ഞങ്ങളെ വരവിൻ നാളോർക്ക

<u>ഏവൻഗേലിയോൻ</u>

*( പെസ്ഗോമോ )*

ഹാ - ഹാ. ഏവരുമെന്നേ നിന്ദിച്ചു
ചുണ്ടുമലർത്തി തലയവരാട്ടി ഹാ...

| | | | |
|---|---|---|---|
| വി. മത്തായി | 27 : 45 - 56 | വി. മർക്കോസ് | 15 ; 33 - 41 |
| വി. ലൂക്കോസ് | 23 : 44 - 49 | വി. യോഹന്നാൻ | 19 : 23 - 30 |

**ദുഃഖ വെള്ളിയാഴ്ച ഒൻപതാം മണി അവസാന കൗമാ**

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
മൃതിയാലടിയാരുടെ മൃതിപോക്കിയ മ്ശിഹാ
മൃതരായോർക്കുയിരും ഞങ്ങൾക്കരുൾ കൃപയും (മൂന്നു പ്രാവശ്യം)

ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
മ്ശീഹൊ ദബ്മൗത്തെ ആഹീമീസുസാൻ
നാഹേം ല ആനീദൈൻ വെസറാഹാമ്മേലൈൻ ,,

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ജീവിപ്പിച്ചവനായ മിശിഹാ! ഞങ്ങളുടെ മരിച്ചുപോയവരെ ഉയിർപ്പിക്കുകയും ഞങ്ങളോട് കൃപയുണ്ടാകുകയും ചെയ്യണമേ.

നാഥാ! തേ സ്തുതിയും മാനം താതന്നും
മഹിമാ, വന്ദനകൾ ശുദ്ധാ-ത്മാവിനും
ഉണ്ടാ, കുൾകൃപ പാ, പികളാം ഞങ്ങളിലും
മേലാ, മൂറിശിലേം വാതിൽ - ക്കുള്ളിൽ നിൻ
സിംഹാ, സനമണയണ മിപ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ
നിത്യം ശരണവുമേ സ്തോത്രം; ബാറക്മോർ

ലൊക്മോർ തെശുബുഹത്തൊ, ലാബൂക് ഈക്കോറോ
വൽറൂഹൊദക്കുദിശൊ സെഗ്ത്തൊ, റുമറോമൊ
വാലായിൻ ഹാത്തോയെ, റഹമെ വഹനോനൊ
നെസ്പ, സഹൂൻതറഐ ഊറി, ശിലേംദലഎൽ
നേലോൻ സ്ലാവോസാൻ; കിദൊംബിം ദംശീഹോ,
ശുബ്ഹോ, ലൊക്മോറാൻ ശുബ്ഹോ, ലോക്മോറാൻ
ശുബ്ഹോ, ലൊക്സബറൻലഓലം; ബാറെക്മോർ

എന്റെ കർത്താവേ! നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു

വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും കൃപയും ഉണ്ടായിരിക്കണമേ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മ്ശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ ശരണമേ! എന്നേയ്ക്കും നിനക്ക് സുതുതി. ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!

## സ്ലീബാ ആരാധന

*ഒന്നാം പ്രദിക്ഷണ ഗീതം*

*( കദ് നോഫെക്മെൻ ഗൗ കർകോ )*

സ്ലീബാ തോളിന്മേൽ താങ്ങി
ക്കോട്ടയെ വിട്ടു പുറപ്പെട്ടാൻ
നെടുവീർപ്പൊടു നിലവിളി കൂട്ടാൻ
മേളിച്ചെബ്രായാംഗനമാർ
അറിയുന്നോരേവരുമോന്നി-
ച്ചകലത്തായ് നിന്നാൾ ജനനീ
ബഹുസങ്കടവും വ്യാകുലവും-
പൂണ്ടവൾ പ്രാവുസമം കേണു.
എങ്ങനെമകനേ! വത്സലനേ!
യെങ്ങിവർ നിന്നെ നയിക്കുന്നു?
വിദ്വേഷികളുടെ കൈകളിൽ നീ
യെന്തിനു തനിയേയേൽപ്പിച്ചു?
ഹാ മകനേ! മമവത്സലനേ!
എന്തു നിനക്കു ഭവിച്ചിന്നാൾ

ഞങ്ങൾക്കായുളവായൊരു നിൻ...
വ്യഥയും താഴ്മയുമ-തിധന്യം

*അല്ലെങ്കിൽ ഗദ്യം*

നമ്മുടെ കർത്താവ് സെഹിയോൻ കോട്ടയുടെ ഉള്ളിൽ നിന്ന് പുറപ്പെട്ടപ്പോൾ തന്റെ സ്ലീബായെ തോളിൽ വഹിച്ചു. സങ്കടത്തോടെ തന്നെക്കുറിച്ചു കരയുവാൻ എബ്രായ സ്ത്രീകൾ കൂട്ടമായി കൂടി. തന്റെ മാതാവും അവളെ അറിയുന്ന എല്ലവരും ദൂരെ നിന്നു. മാതാവ് വലിയ സങ്കടത്തോടും ദുഃഖത്തോടും കൂടെ - എന്റെ പുത്രാ, നീ എവിടേക്കു പോകുന്നു? എന്റെ വാത്സല്യവാനേ, നീ എവിടേക്കു പോകുന്നു? ഇവർ നിന്നെ എവിടേക്കു കൂട്ടിക്കൊണ്ടു പോകുന്നു. എന്നു പ്രാവിനെപ്പോലെ കുറുകിക്കരയുവാൻ തുടങ്ങി. അയ്യോ! നിഷേധികളായ ജനത്തിന്റെ കയ്യിൽ നീ നിന്നെ എന്തിന് ഏൽപ്പിച്ചു കൊടുത്തു. എന്റെ പുത്രാ എനിക്കു കഷ്ടം! എന്റെ വാത്സല്യവാനേ, എനിക്കു കഷ്ടം! ഇന്നു നിനക്ക് എന്തു സംഭവിച്ചു. ഞങ്ങൾക്കു വേണ്ടിയുണ്ടായ നിന്റെ കഷ്ടാനുഭവവും ഞങ്ങളെ പ്രതിയുള്ള നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

*അല്ലെങ്കിൽ ഗദ്യം - മറ്റൊരു പരിഭാഷ*

സെഹിയോൻ കോട്ടയിൽ നിന്നും യേശുതമ്പുരാൻ ഭാരമേറിയ ക്രൂശം വഹിച്ചും കൊണ്ട് യാത്ര പുറപ്പെട്ടു. അവന്റെ ചുറ്റും നിന്നിരുന്ന പടയാളികളിൽ നിന്നും അതിഭയങ്കരമായ പീഡകളും അവൻ ഏൽക്കുന്നുണ്ടായിരന്നു. അതു കണ്ടിട്ട് എബ്രായ സ്ത്രീകൾ വളരെ സങ്കടത്തോടുകൂടി നിലവിളിച്ചു കൊണ്ട് യേശുതമ്പുരാന്റെ പിന്നാലെ ചെന്നു.

മാതാവോ, തന്റെ പരിചയക്കാരും സ്നേഹതകളുമായ സ്ത്രീകളോടൊപ്പം യേശുതമ്പുരാനെ പിൻചെന്നു. അവൾ വളരെ മനോഭാരത്തോടും വേദന തിങ്ങുന്ന ഹൃദയത്തോടും മാടപ്രാവ് കുറുകും പോലെ കുറുകിക്കൊണ്ട് ഇപ്രകരം നിലവിളിച്ചു പറഞ്ഞു. എന്റെ മകനെ! നീ എവിടേക്കായി പോകുന്നു. എന്റെ വാത്സല്യ പുത്രാ ഇവർ നിന്നെ എവിടേക്കാണ് കൊണ്ടു പോകുന്നത്? നീ, ഈ ദുഷ്ന്മാരുടെ കൈകളിൽ നിന്നെ എന്തിനാണ് ഏല്പിച്ചു കൊടുത്തത്.

വാത്സല്യ മകനേ, ഈ ദുഷ്കർമ്മികൾ ഇത്ര കഠിനമായി നിന്നോടു പെരുമാറുവാൻ തക്കവണ്ണം നീ എന്തു തെറ്റു ചെയ്തു. എന്റെ ഓമന മകനേ! ഞാൻ ഇതുകണ്ടിട്ട് എങ്ങനെ സഹിക്കേണ്ടു. ഞങ്ങൾക്കായി നീ സഹിച്ച കഷ്ഠതകളും താഴാഴ്മയും എത്രയോ മഹനീയമാകുന്നു.

## പ്രാരംഭ പ്രാർത്ഥന

## 51-ാം മസ്മൂർ

ദൈവമേ! നിന്റെ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമെ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമെ.

എന്റെ അനീതിയിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ ഞാൻ എന്റെ കുറ്റങ്ങളെ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. സന്നിധിയിൽ തിന്മകളേയും ചെയ്തു. അതിനാൽ നിന്റെ വചനത്തിൽ നീ നീതികരിക്കപ്പെടും നിന്റെ വിധികളിൽ നീ ജയിക്കും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കയും ചെയ്തു.

എങ്കിലും നീതിയിൽ നിനക്ക് തിരുവിഷ്ടമായി . നിന്റെ ജ്ഞാന രഹസ്യങ്ങൾ നീ എന്നോടറിയിച്ചു.

സോപ്പാകൊണ്ട് എന്റെ മേൽ നീ തളിക്കണമെ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെൺമയാക്കണമെ; ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തനാക്കണമെ. ക്ഷീണിച്ചിരിക്കുന്ന എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ കുറ്റങ്ങളെല്ലാം മായിച്ചു കളയണമെ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. തിരുസന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയും അരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചുതരണമേ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരികയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമെ. എന്റെ വായ് നിന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല; സമാധാനഹോമങ്ങളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം തകർന്ന ഹൃദയത്തെ നിരസിക്കയില്ല.

തിരുവുള്ളമുണ്ടായി സെഹിയോനോടു നന്മ ചെയ്യണമെ. യറുശലേമിന്റെ മതിലുകളെ പണിയണമെ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും സമാധാന ഹോമങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിൻമേൽ അവർ കാളകളെ ബലി കഴിക്കും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ
കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോട്
കരുണചെയ്യണമെ... മൊറിയോ..

## എനിയോനൊ

*( ഹവാ ദേസ് ത്ലേബ് )*

സീയോനിൽ-തരുവിൽ ക്രൂശേറ്റോനേ
സ്ലീബായാൽ-ലോകം രക്ഷിച്ചോനേ
ദേവ! ദയചെയ്തീടണമേ,
സീയോനിൽ-തരുവിൽ ജീവരവത്താൽ
സൃഷ്ടിഗണ-ത്തെക്കമ്പിപ്പിച്ചോനേ
ദേവ! ദയചെയ്തീടണമേ,
കയ്പും കാ-ടിയുമുൾക്കൊണ്ടടിയാർ തൻ
കഷ്ടതയിൽ-കയ്പിനെമായിച്ചോനേ
ദേവ! ദയചെയ്തീടണമേ,
വിഗ്രഹവ-ന്ദനയിൽ നിന്നും നമ്മെ
കാത്തൊരു സ്ലീ-ബായേ വന്ദിച്ചീടാം
ദേവ! ദയചെയ്തീടണമേ,

മൃതരായോർ-ശോഭനമാം മോദത്തിൻ
മണവറപൂ-കീടാൻ കർത്തൃസ്ലീ-ബാ
വഴിയും-പാലവുമാകട്ടെ
ദേവ! ദയചെയ്തീടണമേ,
സ്ലീബായിൻ-പീഡകളെ കൈക്കൊണ്ടു
തൻതലയി-ന്മേൽ മുൾമുടിയേറ്റോനേ
ദേവ! ദയചെയ്തീടണമേ,
കുന്തത്താൽ-കുത്തുവിലാവതിലേറ്റു
നിണവും നീ-രും-പ്രവഹിപ്പിച്ചോനേ
ദേവ! ദയചെയ്തീടണമേ,
തിരുവുള്ള-ത്താൽ സ്വയമായേൽപ്പിച്ചു
മർത്യാത്മാ-ക്കളെ മോചിപ്പിച്ചോനേ
ദേവ! ദയചെയ്തീടണമേ,
സ്കീപ്പായി-ന്മേൽ ഈൽ, ഈൽ, എന്നാർത്തു
ഭൂമിയെയൊ-ന്നായ് വിറകൊള്ളിച്ചോനേ!
ദേവ! ദയചെയ്തീടണമേ,
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*
സ്തുതിതാതാ!-പഴകിയ രൂപം കാപ്പാൻ
ഏകാത്മ-ജനേ പ്രേഷിപ്പിച്ചോനേ!
ദേവ! ദയചെയ്തീടണമേ,

*കുറിയേലായിസ്സോൻ*

## സങ്കീർത്തനം

*( തെഹറോ റാബോ ദുമോണോ )*

*എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്തിന്*

ഗോഗുൽത്തായിൽ-സോദരരേ
ദർ-ശിച്ച മഹാശ്ചര്യത്താൽ ഞാൻ സംഭ്രമമാർന്നു
ദൈവം തരുവിൽ ക്രൂശിതനായ്-
ദൂഷി ദോഷികളീന്നേൽക്കുന്നു-വിണ്ണോരേ! മൺമയരേ
തന്നെ വാഴ്ത്തിൻ നിത്യം
*കുറിയേലായിസ്സോൻ*
*ദൈവമേ പകൽസമയത്തു നിന്നെ ഞാൻ വിളിക്കും*

സ്ലീബാത്തരുവിൽ-വചനമതാം-
ദൈ-വം വിരിവാർന്നതിനാ-ലതുപാരം ധന്യം!
നാമതിനാൽ വന്ദിച്ചീടു-ന്നാശയുമഭയവുമാം തന്നെ
ആർത്തീടാൻ-ചൊന്നേവനാം
തന്നേ വാഴ്ത്തിൻ നിത്യം
*കുറിയേലായിസ്സോൻ*

*എന്റെ കൈകളും കാലുകളും അവർ കുത്തിത്തുളച്ചു*

കർത്താവേ! നിൻ സ്ലീബായേ-
കൂ-പ്പിക്കീർത്തിച്ചതിൽ ഞങ്ങൾ ശരണം തേടുന്നു-
ദോഷിയിൽ നിന്നും രക്ഷിപ്പാൻ
ചൂടുന്നതിനെ-ലലാടത്തിൽ
സ്ലീബായിൽ-ക്രൂശിതനാം
തന്നേ വാഴ്ത്തിൻ നിത്യം
*കുറിയേലായിസ്സോൻ*

*അവർ എന്നെ സൂക്ഷിച്ചു നോക്കി*

വന്ദിക്കുക നാം-സ്ലീബായേ-
ബിം-ബാരാധനയേ നീക്കിത്തടവവെന്യേ-
യാനം ചെയ്-വാൻ
ജീവപഥത്തെക്കാട്ടിയതാം
സ്ലീബായെക്കൊണ്ടാടീടാം-
ഘോഷിക്കാം-സർവരുമേ!
തന്നെ വാഴ്ത്തിൻ നിത്യം
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

*കർത്താവേ എന്നിൽ നിന്നും നീ അകന്നു പോകരുതേ*

വന്ദിക്കുന്നോ-ർക്കായുധവും-
കോ-ട്ടയുമായും ക്രൂശിനെത്തള്ളുന്നോർ-
ക്കെല്ലാമതി വീഴ്ചയുമായും-
സ്ലീബായേ തീർത്തോൻ ധന്യൻ!
തന്നാഗമനേ ഹിതമല്ലാ
തവർതന്നെക്കൊണ്ടാടീടും

## മൗർബൊ

**(ലൂക്കോസ് 1: 46-55)**

മറിയാം പറഞ്ഞു; എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു. എന്റെ ആത്മാവു എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു. എന്തെന്നാൽ താൻ തന്റെ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടു. ഇതാ ഇപ്പോൾ മുതൽ സർവ്വ തലമുറകളും എന്നെ ഭാഗ്യവതി എന്നു കീർത്തിക്കും.

ശക്തനും തന്റെ നാമം പരിശുദ്ധവുമായിരിക്കുന്നവൻ വലിയ കാര്യങ്ങൾ എന്നിൽ പ്രവർത്തിച്ചിരിക്കുന്നു. അവന്റെ കരുണ അവനോടു ഭക്തിയുള്ളവരുടെമേൽ തലമുറതലമുറയായും വംശങ്ങളായും ഉണ്ടായിരിക്കും.

അവൻ തന്റെ ഭുജത്താൽ ജയം ഉണ്ടാക്കി; ഹൃദയ ചിന്തയിൽ അഹങ്കരിച്ചവരെ അവൻ ചിതറിച്ചു. അവൻ ശക്തരെ സിംഹാസനങ്ങളിൽ നിന്ന് തള്ളിയിടുകയും താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

വിശന്നിരുന്നവരെ നന്മകൾകൊണ്ട് സംതൃപ്തരാക്കി. സമ്പന്നരെ വ്യർത്ഥമായി അയച്ചു . നമ്മുടെ പിതാക്കന്മാരായ അബ്രഹാമിനോടും എന്നേയ്ക്കും അവന്റെ സന്തതിയോടും സംസാരിച്ച പ്രകാരം അവൻ തന്റെ ദാസനായ ഇസ്രായേലിനെ സഹായിക്കുകയും തന്റെ കരുണയെ ഓർക്കുകയും ചെയ്തു. ബാറെക്മോർ.

## ലേക്ക് ഹായോ ദൻകാലേസ്

ദേവേശാ! മ്ശിഹായേ
സ്ലീബാതൻ തരുവിൻമേൽ നീ-
ക്രൂശിതനായപ്പോൾ ഭുവനത്തേ സീ-മകളോളം
ശോഭിപ്പിച്ചതിനാൽ സ്തുത്യൻ

രക്ഷകനേ! സ്ലീബായാൽ
ദ്വേഷമെഴും ദോഷിയെവെന്നു
സ്വർഗമഹാരാജ്യവുമുയിരും നേ-ടീട്ടടിയാർ
നിൻ കൃപയേ സ്തോത്രം ചെയ്യും

ദേവേശാ! മ്ശിഹായേ
വിഗ്രഹസേവ ദുരാത്മഭയം

എന്നിവയിൽ നിന്നടിയങ്ങളെ ര-ക്ഷിച്ചതിനാൽ
നിൻ സ്ലീബായേ നമിക്കുന്നു

ഉന്നതനാം ദേവേശാ!
സ്വർഗസ്ഥാ കൃപയാൽ സഭയിൽ
പുണ്യത്തിൻ ബലിപീഠത്തെ സ്ഥാ-പിച്ചോനേ
പരിശൂദ്ധൻ നീയെന്നേക്കും

ലമ്ശ്ിഹോ ദെതിറീം

വിശ്വാസികൾ ഞങ്ങൾ-ക്കഭയമതും
രക്ഷയുമരുളാൻ-ശാപമെഴും
യൂദന്മാർ ഗോഗുൽത്തായിൽ-
തരുവിന്മേൽ ക്രൂശിച്ചവനാം-സർവർക്കും-
പ്രാണദനാകും മ്ശിഹായേ-
തന്മുലം സ്തുതി സതതം-ചെയ്തീടുന്നെങ്ങൾ

വിശ്വാസികൾ ഞങ്ങൾ-ക്കഭയമതും
രക്ഷയുമരുളാ-നേരുശലേം
ഗോഗുൽത്തായിൽ ക്രൂശേറ്റോൻ
ഗഗനത്തിൽ പകലോൻ മങ്ങി-ശിലചിതറി
മൃത്യൂഗതന്മാരുയിർ പൂണ്ടു
തന്മൂലം സ്തുതി സതതം-ചെയ്തീടുന്നെങ്ങൾ

വിശ്വാസികൾ ഞങ്ങൾ-ക്കഭയമതും
രക്ഷയുമരുളാൻ-ശാപമെഴും
യൂദന്മാരേറുശലേമിൽ
കർക്കപ്സായിൽ തരുമയമാം-സ്ലീബാമേൽ
ക്രുശിച്ചവനാം മ്ശിഹായേ
തന്മുലം സ്തുതി സതതം-ചെയ്തീടുന്നെങ്ങൾ
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

ജീവസ്ലീബായേ സ്തുതിചെയ്തും
നതിചെയ്തും സ-മ്മാനിച്ചും
സാനന്ദം ചൊല്ലുന്നടിയാർ
ക്രൂശിതനായ് ദോഷിയിൽനിന്ന-ങ്ങടിയാരെ
രക്ഷിച്ചോൻ മശിഹാ ധന്യൻ
തന്മൂലം സതതം ഞങ്ങൾ - വന്ദിച്ചീ-ടു-ന്നു

113-ാം മസ്മൂർ

**പ്രകാശത്തിന്റെ സൃഷ്ടാവിനു സ്തുതി**

കർത്താവിന്റെ ഭൃത്യന്മാരേ! സ്തുതിപാടുവിൻ. കർത്താവിന്റെ തിരുനാമം സ്തുതിപ്പിൻ.
കർത്താവിന്റെ തിരുനാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ.
സൂര്യോദയം മുതൽ അതിന്റ അസ്തമനം വരെയും കർത്താവിന്റെ തിരുനാമം വലിയതാകുന്നു.
കർത്താവ് സകല ജാതികൾക്കും മേലായി ഉന്നതനും അവന്റെ ബഹുമാനം സ്വർഗ്ഗങ്ങൾക്കു മീതെയും ആകുന്നു.
ആകാശത്തിലും ഭൂമിയിലും നമ്മുടെ ദൈവമായ കർത്താവിനോട് സദൃശ്യൻ ആരുള്ളു
താൻ ഉയരത്തിൽ വസിക്കുകയും; അഗാധത്തിൽ നോക്കുകയും ചെയ്യുന്നു;
ജനത്തന്റെ പ്രഭുക്കന്മാരോടുകൂടെ ഇരുത്തേണ്ടതിനു എളിയവനെ കുപ്പയിൽ നിന്നു ഉയർത്തുന്നു.
താൻ വന്ധ്യയെ മക്കളുടെ മാതാവായി സസന്തോഷം വസിപ്പിക്കുന്നു.

<u>ഹോമോറാൻ ത്ലേ</u>

ഹാ! സ്കീപ്പായിൽ-നാഥൻ സത്യം ദ്വേഷിച്ച
യൂദന്മാരാൽ നമ്മൾക്കായ്-ക്രൂശേൽക്കുന്നു

ആചാര്യേശന്മാർ-തരുവിന്മേലിവനേ ക്രൂശി-
ക്കെന്നേവം നേരറ്റോരാം-സേവകരൊത്താർത്തു

യൂദന്മാർ മദ്ധ്യേ-അടിയും നിന്ദയുമേറ്റോനേ-
പ്രതി കടലും കരയും വാനും-പേടിച്ചഞ്ചുന്നു

ക്രോബേന്മാരും-സ്രാപ്പികളും കാദീശാർത്തു
ഭോഷന്മാരാം യൂദന്മാർ-തരുവിന്മേൽ ക്രൂശിക്കെന്നും

<u>യൗമോനോ അർക്കേൻ</u>

ഇന്നാൾ വിധിഗേഹേ-ജഗതീ വിധിനാഥൻ
മൗലിനമിച്ചേറ്റാൻ-കുറ്റം ദാസൻപോൽ

ഇന്നാൾ യൂദന്മാർ-വർഷിച്ചീശോയാം
ദൈവത്തിൻ മുമ്പിൽ-നിന്ദാക്ഷേപങ്ങൾ

ഇന്നാൾ നിർമ്മിച്ചാർ-മുൾമുടി മന്നിതിനെ
പൂവല്ലികളാലെ-ഭൂഷിപ്പിച്ചോനായ്

ഇന്നാൾ വിധി ചെയ്താർ ദുഷ്ടനെയെന്നോണം
രാജാക്കന്മാർക്കായ്-ന്യായം തീർപ്പോനേ

ഇന്നാൾ ഘോഷിച്ചാ-രീശോ മ്ശിഹായേ
ക്രൂശിക്കെന്നേവം-പീലാത്തോസോടായ്

ഇന്നാൾ ശ്ലീഹന്മാർ-തൻ നിരയിൽനിന്നും
നീങ്ങിയ വഞ്ചകനാം-യൂദയ്ക്കയ്യയ്യോ!

ഇന്നാൾ തരുവിന്മേൽ-തൂങ്ങിയ ദൈവത്തേ
ഇക്ഷിതി കണ്ടപ്പോ-ളെന്നായ് വിറകൊണ്ടു

ഇന്നാളിരുളാർന്നു-സൂര്യൻ ഗഗനത്തിൽ
ജ്യോതിസുകൾ മങ്ങീ-സൃഷ്ടികൾ വിറപൂണ്ടു

ഇന്നാൾ സ്വപദം പൂ-ണ്ടാദാം, ക്രൂശിതനാം
മ്ശിഹായാൽ കെറൂബിൻ-കുന്തം നീങ്ങിപ്പോയ്

ഇന്നാൾ തലതാഴ്ത്തി-ത്താൻ മൃതിയേറ്റതിനാൽ
മൃതരായോർക്കെല്ലാ-മുയിരേകീടുന്നു

ഇന്നാൾ പട്ടക്കാർ ശാസ്ത്രി പരീശന്മാർ
മ്ശിഹായേപ്പകയാൽ-തൂക്കി തരുവിന്മേൽ

ഇന്നാൾ മാതാവാം മറിയാമോടു ചൊന്നാൻ
കേഴുണ്ടോകേഴു-യേരുശലേമിന്നായ്
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

ഇന്നാൾ സ്ലീബായേ-വാഴ്ത്തിനമിച്ചീടാം
ക്രൂശിതനേയെന്നും-വാഴ്ത്തുന്നടിയങ്ങൾ

<u>വി.മത്തായി 5 : 3 12 (വിശുദ്ധ ഗ്രന്ഥം)</u>

ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ - എന്തെന്നാൽ സ്വർഗ്ഗരാജ്യം അവർക്കുള്ളതാകുന്നു
ദുഃഖിതർ ഭാഗ്യവാന്മാർ - എന്തെന്നാൽ അവർ ആശ്വസിക്കപ്പെടും
താഴ്മയുള്ളവർ ഭാഗ്യവാന്മാർ - അവർ ഭൂമിയെ അവകാശമായി അനുഭവിക്കും
നീതിയ്ക്കായ് വിശന്നും ദാഹിച്ചും ഇരിക്കുന്നവർ ഭാഗ്യവാന്മാർ - അവർ തൃപ്തരാകും
കരുണാമാനസർ ഭാഗ്യവാന്മാർ - അവരുടെമേൽ കരുണയുണ്ടാകും
നിർമ്മല ഹൃദയർ ഭാഗ്യവാന്മാർ - അവർ ദൈവത്തെ കാണും
സമാധാനം വരുത്തുന്നവർ ഭാഗ്യവാന്മാർ - അവർ ദൈവമക്കൾ എന്നു വിളിക്കപ്പെടും
നീതിയ്ക്കായി പീഡയേൽക്കുന്നവർ ഭാഗ്യവാന്മാർ -
എന്തെന്നാൽ സ്വർഗ്ഗരാജ്യം അവർക്കുള്ളതാകുന്നു
മനുഷ്യർ നിങ്ങളെ നിന്ദിക്കുകയും പീഡിപ്പിക്കുകയും എന്നെപ്രതി നിങ്ങൾക്കെതിരായി-
സർവ്വ ദുർവാക്കുകളും അസത്യമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ -
അപ്പോൾ നിങ്ങൾ സന്തോഷിച്ച് ആനന്ദിപ്പിൻ. എന്തെന്നാൽ സ്വർഗ്ഗത്തിൽ
നിങ്ങൾക്കുള്ള പ്രതിഫലം വർദ്ധിച്ചിരിക്കുന്നു.
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

<u>സ് ലേക് സ്ലീബേ</u>

ദേ-വാ മശിഹാ
മാനവരെ സംര-ക്ഷിപ്പാൻ
താതാത്മഹിതാൽ മറിയാമീ
ന്നോറ്റൊരു തിരുമെയ്യൊടു കൂടി
സ്ലീബായിന്മേൽ നീ-യേറി

സ്ലീ-ബാത്തരുവിൽ
ക്രൂശിതനാം ചോരൻ നിന്നെ-
ഉടയോനെന്നിഹ കൊണ്ടാടീ-
നീയാഗതനായീടുമ്പോ-
ളെന്നെയോർക്കണമെ-ന്നാർത്താൻ

ദേ-വാ മശിഹാ!-
രക്ഷയെഴും സ്ലീബായാലും
ജീവദമാം പീഡകളാലും
രക്ഷനരർക്കരുളീടുകയാൽ
മാനവവത്സലനേ! സ്തോത്രം

ദേ-വാ മ്ശിഹാ..
പ്രാണദമാം നിൻ സ്ലീബായാൽ
ദ്വേഷമെഴും ദോഷിയെ വീഴ്ത്തി
പ്പാപത്തിൻ ദാസ്യത്തിൽ നി-
ന്നാദാമ്യരെ നീ രക്ഷിച്ചു

<u>മോഹ് നീഗോ വൊസ്ശോസൊ</u>

ആ-സമയം ദയനീ-യം!
വിട്ടൂ-മശിഹാപുരിയൂ-റിശലേം
രോഗങ്ങളെയങ്ങാറ്റിയതിൽ-പകരം ത-ന്നെ
ക്രൂശി-ച്ചീടാൻ-കൊണ്ടിഹപോയീ-ധൃഷ്ടന്മാർ

ആ-നാദം ദയനീ-യം!
ഏകാത്മജനോടാകുലപൂർവ്വം
ചൊന്നാൾമറിയാം വത്സലനേ-പോകുന്നെ-വിടെ
നിന്നെ-യെങ്ങോ-ട്ടവർകൊണ്ടിഹ പോയീ-ടുന്നു

ഹാ! ബഹുമോഹന-നാ-ദം
ജനനിയൊടോതീ ദൈവതനൂജൻ
ജഗതീരക്ഷക്കായ് ക്രൂശേ-റ്റാദാമ്മി-ന്നായ്-
ഓഹരി-യേകാൻ-പോകുന്നേനെൻ മാ-താവേ!

ആ-സമയം ദയനീ-യം!
തരുവിന്മീതേ തന്നെത്തൂക്കി
മ്ശിഹായെങ്കിലിറങ്ങുക നീ-ഞങ്ങൾ നി-ന്നെ
നമ്പീ-ടാമെ-ന്നാക്ഷേപിച്ചു യൂ-ദന്മാർ

ആ-സമയം ദയനീയം
നുകരാൻ മ്ശിഹാ ജലമർത്ഥിച്ചാൻ
ശപ്തസമൂഹം കടുവീഞ്ഞും-കാടിയുമേ-കീ
നിൻ നാ-ദത്താൽ-ആഴിയുമാഴവുമങ്ങഞ്ചി

തിരു-സഭ സങ്കടപൂർവം
ദേവനോടർത്ഥിച്ചോതുന്നേവം
ഞങ്ങളെ മഹിത സ്ലീബായാൽ-നീ രക്ഷി-ച്ചു
നിൻ വര-വിങ്കൽ-ഓർത്തീടണമെന്നേ നാഥാ!

രക്ഷകനേ! കബറീ-ന്നും
പറുദീസയിലേക്കുയിരോടേറാൻ
പാർക്കുന്ന മൃതർക്കായ് പുണ്യം-നൽകീട-ണമേ
സാത്താ-നീന്നും ഞങ്ങളെ വീണ്ടൊരു സ്ലീബായാൽ
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

ബഹൂ-മാന്യ മഹൽ സ്ലീബാ!
നഷ്ടമതാം പറുദീസായിൽ ഞങ്ങൾ
നിന്നാലേറിടുമെന്നോതി-പ്രണമിച്ചി-ട്ടാ
ക്രൂശേറ്റോനാം-മ്ശിഹായെ-സ്തുതിചെ-യ്യുന്നു

*സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ*

<u>പ്രുമിയോൻ</u>

***കോലോ - കൂക്കോയോ***

ദൈവതനൂജൻ സ്കീപ്പായിൽ-സ്വയമർപ്പിച്ചേകീ
ലോകാധിപനാം താതൻ തൻ-തൃക്കൈകളിലാത്മം
കബറുൾപൊട്ടീ-പാറകളും ചിതറീ
സൃഷ്ടികളെല്ലാം-സംഭ്രമമതിലാണ്ടു
ദൈവസുതന്റെ വിലാവയ്യോ-കുന്തത്താൽ ചീന്തി
മോചനമുലകത്തിനു നൽകും-ജലവും രക്തമതും
ഹാലേലൂയ്യാ-പ്രവഹിച്ചതിൽ നിന്നും

വെള്ളിയിൽ മുന്തിരിയന്ത്രത്തേ-യൂദന്മാർ നാട്ടി
വീഞ്ഞുകുടിച്ചില്ലവർ വാഴ്-വിൻ കുലമർദ്ദിച്ചിട്ടും
പാപപ്പിശറാം-കാടികുടുച്ചയ്യോ
തരുവിന്മീതെ-വാനവ നന്ദനനെ
ക്രൂശിച്ചതിനാൽ യേരുശലേം സന്തതികൾക്കവർതൻ
മേശകൾ കെണിയാമെന്നുള്ളൊരു-നിബിയാം ദാവീദിൻ
ഹാലേലുയ്യാ ... വചനം നിറവേറി
*ബാറെക്മോർ - (ശുബഹോ) - ഹാലേലുയ്യാ*

കർത്താവമ്മയൊടും വധുവാം-സഭയോടും ചൊന്നു
പ്രിയസുതരെന്നൊടു ചെയ്തന്തെ-ന്നീക്ഷിപ്പാൻ വരുവിൻ
അബ്രഹാമ്യർ-തരുവിൽ ക്രൂശിച്ചു
യാക്കോബ്യന്മാർ-താഡിച്ചെൻ കവിളിൽ
കുന്തത്താൽ കുത്തീസ്വഹിതം-പോലെല്ലാം ചെയ്തു
പ്രതിഫലമേകീടാനായ് ഞാ-നാഗതനാകുമ്പോൾ
ഹാലേലുയ്യാ-കഷ്ടമവർക്കയ്യോ
*മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ - ഹാലേലുയ്യാ*

മ്ശിഹാ വാനിൽ നിന്നെത്തി-ത്തരുവിൽ ക്രൂശിതനായ്
യൂദന്മാർ കൊന്നൊരുകൂറ്റൻ-ബലിപീഠേസ്ഥിതനായ്
വന്നേറിടുവിൻ-ജാതികളേ! സഭയേ!
എഴുന്നേൽക്കുക നീ-സീയോൻ നിപതിച്ചു
ജീവനെഴുന്നോരപ്പത്തിൻ-മേശയതും നിന്നിൽ
കർത്താവിന്റെ വിലാവിൽ നി-ന്നൂറ്റിയ കാസായും
ഹാലേലുയ്യാ.... സ്തുതി ചെയ്തീടുന്നു
*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## എത്രോ - ഹൂത്തോമോ

***കോലോ - തുബൈക്ക് ഈത്തോ***

താതൻ തന്നേകാത്മജനാം കർത്താവേ!
ധിക്കാരികളിസ്രായേല്യർ-
സ്കീപ്പാമേൽ നിന്നെത്തൂക്കി
കുന്തമതേറ്റ വിലാവിൽ നി-
ന്നൊഴുകീ ശോണിതവും നീരും
ഗോഗുൽത്തായിൽ സ്കീപ്പാമേൽ
ജീവനെഴുന്നോരുറ്റൊഴുകീ
വിശ്വാസത്താൽ പതിതന്മാർ
വിഗ്രഹസേവയിൽ നിന്നേ-റി

ഉന്മാദിനിയാം സീയോൻ സുതഗോഗുൽത്തായിൽ-
ദൈവത്തിൻ സുതനെത്തൂക്കി
രോഗങ്ങളെയാറ്റുമ്പോൾ തൻ-
തലമേൽ വടിയാൽ താഡിച്ചു
തുപ്പീ തിരുവദനത്തിന്മേൽ
നമ്മെപ്പറുദീസയിലേറ്റാൻ
നമ്മുടെ ദീനകുലത്തിന്നായ്
അടിയും കഷ്ടതയും ദുഷിയും
പരമേറ്റോനായ് സ്തോത്രം
*ബാറെക്മോർ - (ശുബഹോ) -*

പാരം ശ്രേഷ്ഠം പാർത്താൽ തസ്കരവിശ്വാസം
പാണിപദങ്ങലിലാണിയുമായ്-
നാഥൻ തരുവിൽ തൂങ്ങുമ്പോൾ-
എൻപിഴ പോക്കണമെന്നേവം
പാപവിമോചനമർത്ഥിച്ചാൻ
ശീമോൻ കണ്ടു നിഷേധിച്ചു-
യൂഹാനോൻ നിന്നാനകലെ
നിൻവരവതിലോർക്കണമെന്നേ-
യെന്നേവം മോഷ്ടാവാർത്തു
*മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*
പുണ്യമെഴുന്നോൻ കണ്ടീടും തരുവതി ധന്യം!
ശ്ലേമുൻ നൃപനേവം നമ്മൾ-
ക്കെഴുതീ സൃഷ്ടികളൊടോതീ
സ്കീപ്പൂസായിൻ തരുവിന്മേൽ-
ദൈവസുതൻ തന്നെ വിരിച്ചൂ
അമ്പൊടണഞ്ഞഖിലം ലിഖിതം
നിറവേറ്റിത്തന്നേ നമ്പും
വിമലസഭയ്ക്കു വിലാപ്പഴുതാൽ-
പുണ്യമണച്ചോനേ! സ്തോത്രം
*മൊറിയോറാഹേമേലെൻ ഉ ആദാറൈൻ*

പിതാവിൽ നിന്നുള്ള ഏകജാതനായ കർത്താവേ, നിഷേധികളായ ഇസ്രായേൽ മക്കൾ ലജ്ജ കൂടാതെ നിന്നെ സ്കീപ്പായിൽ തൂക്കി. കുന്തം കൊണ്ടു നിന്റെ വിലാവു തുറന്നു. നിന്നിൽ നിന്നു രക്തവും വെള്ളവും ഒഴുകി. ഗോഗുൽത്താമേൽ സ്കീപ്പായിൽ ജീവന്റെ ഉറവ ചിന്തി. ജാതികൾ വിശ്വാസിച്ച് വിഗ്രഹങ്ങളുടെ വഴിതെറ്റിൽ നിന്ന് സ്വതന്ത്രപ്പെട്ടു.

സെഹിയോൻ പുത്രി ഭ്രന്തുപിടിച്ച് ഗോഗുൽത്താമേൽ സ്ലീബായിൽ ദൈവപുത്രനെ കുരിശിക്കുകയും വടികൊണ്ട് തന്റെ തലയ്ക്ക് അടിക്കുകയും താൻ അവരുടെ നൊമ്പരങ്ങളെ സൗഖ്യമാക്കിയിരുന്നപ്പോൾ അവർ തന്റെ മുഖത്തു തുപ്പുകയും ചെയ്തു. നമ്മെ പറുദീസായിലേക്കു തിരിപ്പാൻ നമ്മുടെ അരിഷ്ട വർഗത്തിനുവേണ്ടി ഇത്രയും കഷ്ടതകളും അടികളും ആക്ഷേപങ്ങളും സഹിച്ചവനു സ്തുതി.
*ബാറെക്മോർ - (ശുബഹോ)*
തന്റെ യജമാനൻ തന്റെ കൈകളിലും കാലുകളിലും ആണികളാൽ മരത്തിന്മേൽ തൂങ്ങിക്കിടക്കുന്നു. തന്നിൽനിന്നു മോചനത്തെ ചോദിക്കുകയും എന്റെ കുറ്റത്തെ എന്നോടു ക്ഷമിക്കണമേ, എന്നു തന്നോട് അപേക്ഷിക്കുകയും ചെയ്യുന്ന കള്ളന്റെ വിശ്വാസം വളരെ വലിയതാകുന്നു. തന്നെക്കണ്ട ശെമഒാൻ തന്നെ തള്ളിപ്പറയുന്നു. യോഹന്നാൻ ദൂരെ നിൽക്കുന്നു. കള്ളനോ എന്റെ കർത്താവേ നീ വരുമ്പോൾ എന്നെ ഓർത്തുകൊള്ളണമേ എന്നു അട്ടഹസിച്ചു പറയുന്നു.
*മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*
നീതിമാൻ കാണപ്പെടുന്ന മരം വാഴ്ത്തപ്പെട്ടതാകുന്നു. സ്കീപ്പാമരത്തിന്മേൽ ദൈവപുത്രൻ തന്നെത്തന്നെ നിവർത്തിയിരിക്കുന്നു എന്നു ശ്ലേമൂൻ രാജാവ് നമുക്ക് എഴുതുകയും സർവസൃഷ്ടികളോടും പ്രസംഗിക്കുകയും ചെയ്തിരിക്കുന്നു. തന്റെ അനുഗ്രഹങ്ങളാൽ താൻ വന്ന് എഴുതപ്പെട്ട സകലവും നിവൃത്തിക്കുകയും തന്റെ വിലാവിലെ ദ്വാരത്താൽ വിശ്വസ്തയായ പരിശുദ്ധ സഭ നീതീകരിക്കപ്പെടുകയും ചെയ്തു. തനിക്കു സ്തുതി.
*മൊറിയോറാഹേമേലെൻ ഉ ആദാറൈൻ*

## മോർ അപ്രേമിന്റെ ബോവൂസാ

നാഥാ കൃപ ചെയ്യണമേ-
മഹിതമതാം നിൻ ഹാശായാൽ
നിൻഹാശായിൽ ചേർന്നടിയാർ-
നേടണമവകാശം രാജ്യേ

ദേവാ! ദയയുണ്ടാകേണം
നാഥാ! കൃപ തോന്നേണമൻ-പാൽ

മറിയാം തരുസവിധേ ചെന്നു-
ഗോഗുൽത്തായിൽ തല താങ്ങി
സങ്കട ദയനീയ ദ്-ധ്വനിയോ-
ടേകാത്മജനേ പ്രതികേണാൾ
തരുവിൽ തൂക്കിയ സുതനെക്ക-
ണ്ടതി ദുഃഖം കണ്ണീർ ചിന്തി
ഇടറിയ സങ്കടനാദത്തോ-
ടെബറായയിലേവം ചൊന്നാൾ
സഖികളുമവളൊപ്പം കേണു-
കഷ്ടതയും വ്യഥയും പൂണ്ടു
ദേവാ! ദയയുണ്ടാകേണം
നാഥാ! കൃപ തോന്നേണമൻ-പാൽ

നിലവിളിയോടു മറിയാം ചൊന്നാൾ
മൂകപ്രകൃതികളിളകുന്നു
മകനേ! നാലതിരും ചുറ്റി-
ത്തിരുവധമെന്ന വിരുന്നിന്നായ്
സകലരെയും ചേർപ്പാൻ നാഥാ!
ഗരുഡത്വമെനിക്കാരേകി?
നിൻകബറേറ്റത്താലിന്നാൾ-
കേഴുന്നേൻ മോദിക്കുന്നേൻ
വിഗതസമൂഹത്താൽ ദുഃഖം
രക്ഷിതസഭയാലാനന്ദം
നിൻ കല്ലറമണവറ തുല്യം-
മകനേ നീയതിൽ മണവാളൻ
മൃതി പൂണ്ടോർ തോഴന്മാരായ്-
വാനവരൊപ്പം വാ-ഴുന്നു..
ദേവാ! ദയയുണ്ടാകേണം
നാഥാ! കൃപ തോന്നേണമൻ-പാൽ

കേണോതി മറിയാം ശാന്താ-
നിന്നോടാർക്കീ വൈരാഗ്യം
ഉന്മാദിനി സീയോൻ നിന്നിൽ-
കണ്ടെന്തിഹ നിൻ സ്കീപ്പായ്ക്കായ്
മിസറേമീന്നവളേ വീണ്ടു-
വൻകടൽ തരണം ചെയ്യിച്ചു.
സൗഖ്യം രോഗാർത്തർക്കേകീ
പൂർണ്ണസുഖം വാതാർത്തർക്കും
ക്രൂശകികൾക്കായ് പകരം-
ദുഷിയും ദുഷ്ടതയും നൽകി
പകരം ജാതികൾ മദ്ധ്യേയീ-
സംഘത്തെ മഴു ചിതറിക്കും
ദേവാ! ദയയുണ്ടാകേണം
നാഥാ! കൃപ തോന്നേണമൻ-പാൽ

നിന്നെത്തൂക്കിയ നഗരത്തിൽ-
ന്യായധീശൻ വാഴരുതേ

നിൻസ്ലീബായാം വെൺമഴുവാ-
ലതു ചുറ്റും ചിതറീടട്ടെ
നിന്നെ വിധിച്ചൊരു വിധിനിലയേ
വിധിനാഥാനിരു-ന്നീടരുതേ
നീ പിഴയേറ്റൊരു മദ്ബഹായിൽ
പുണ്യമതുണ്ടായീടരുതേ
നിന്നെ സ്കീപ്പായേൽപ്പിച്ച
വൈദികനേൽക്കരുതാശ്വാസം
അവനതിവേദന ശാശ്വതമായ്-
നരകത്തിൽ പ്രാപിക്കട്ടെ
ദേവാ! ദയയുണ്ടാകേണം
നാഥാ! കൃപ തോന്നണമൻ-പാൽ

സൃഷ്ടികളേ! വിലപിച്ചിടുവിൻ-
തരുവിൽ തൂക്കിയ നാഥന്നായ്
നീക്കുക ദിനകര! കതിരുകളേ-
നാഥാക്ഷേപം മറവാക്കാൻ
പാതാളസ്ഥരെ ദർശിപ്പാൻ-
നിർമ്മാതാവു ഗമിക്കുന്നോ-
രിരുളിൽ താണുദയം ചെയ്ക
ജീവനെന്നവരോതീടും
നാഥസുതൻ ദുഷിയേൽപ്പതിനാൽ-
ഞെട്ടിവിറയ്ക്കുക ഭൂതലമേ!
സീയോൻ സുതരാം വൈരികൾ തൻ
നിന്ദയെ വീട്ടുക നിൻ വായിൽ
പതിനായിരമായ് നിഹനിച്ച
വളെങ്ങിഹ മീഖ-യേലേ!
ദേവാ! ദയയുണ്ടാകേണം
നാഥാ! കൃപ തോന്നണമൻ-പാൽ

എങ്ങിഹ ഗബ്രിയേലേ നിൻ-
ജ്വാലാഭീകര വൈരാഗ്യം
സ്കീപ്പാമേൽ നാഥൻ നഗ്നൻ
നിൻ ചിറകെന്തിളകുന്നില്ല
പെരുനാളറ്റൊരു സീയോനേ-
പ്രതിമന്ദിരമേ! വിലപിക്ക
റൂഹാവാതിൽ മറകീറി-
നിന്നെ വെടിഞ്ഞിഹ പൊയ്പ്പോയി
മൂകപ്രകൃതികൾ വാഴ്ത്തീടും-
പ്രകൃതിയ്ക്കുടയോനേ സ്തോത്രം
തിരുവുളമായ് ഭൗതികർ കുറ്റം-
ചാർത്തിയ നാകപതേ! സ്തോത്രം
ദേവാ! ദയയുണ്ടാകേണം
നാഥാ! കൃപ തോന്നണമൻ-പാൽ

വാനവുമാഴവുമേൽക്കുമ്പോൾ-
തരുവേറ്റോനേ! തേ സ്തോത്രം
ഭൂസീമകളെ വഹിക്കുമ്പോൾ
കബറിലമർന്നോനേ സ്തോത്രം
നിൻസ്ലീബായാൽ രക്ഷിതരാം

സൃഷ്ടികളിൽ നിന്നും സ്തോത്രം
നിൻ പ്രഭയങ്ങു പരന്നതിനാൽ-
മൃതലോകം വാഴ്ത്തും നിന്നെ
ആയിരമൊടു പതിനായിരമായ്
സ്തുതി മഹിമകളേകീടുന്നു
സ്തുതി! നിൻ പ്രേഷകതാതന്നു
റൂഹ്ക്കുദിശായ്ക്കു നമ്സ്കാ-രം
ദേവാ! ദയയുണ്ടാകേണം
നാഥാ! കൃപ തോന്നേണമൻ-പാൽ

കർത്താവേ! കൃപ ചെയ്യണമേ
മഹിതമതാം നിൻ ഹാശായാൽ
നിൻ ഹാശായിൽ ചേർന്നടിയാർ
നേടണമവകാശം രാജ്യേ
ദേവാ! ദയയുണ്ടാകേണം
നാഥാ! കൃപ തോന്നേണമൻ-പാൽ

## സുമോറോ

*( ഗ് ലാവ് ഹർമ്മേ ഉശാലഹ് )*

തൻ വസ്ത്രമുരിഞ്ഞു ശപ്തർ-
ഭുവനം സംഭ്രമമൊടു മേവീ
സെഹിയോൻ തൻ ദുഷ്കൃത്യത്താൽ...
വസുധാധാരം ഭ്രമമാണ്ടു
തൻ ഭാരത്തെത്താങ്ങീടാൻ-
ഗോഗുൽത്താ ക്ലേശിച്ചേറ്റം
ഞങ്ങൾക്കായുളവായൊരു നിൻ....
വ്യഥയും താഴ്ചയുമ-തിധന്യം

## വായനകൾ

| | |
|---|---|
| ആദ്യപുസ്തകം | 22 : 1 - 14 |
| പുറപ്പാട് | 17 : 8 - 14 |
| ഏശായാ | 52 : 13 53 : 12 |
| 1 പത്രോസ് | 2 : 19 - 25 |
| ഗലാത്യർ | 21 ; 26 3 : 14, 6 : 11 - 18 |

## ഏവൻഗേലിയോൻ

*( പെസ്ഗോമോ )*

ഹാലേ... ഹാലേ... എന്നാടകളവർ ഭാഗിച്ചു
എന്നങ്കിക്കായ് ചീട്ടിട്ടു .......... ഹാലേലുയ്യാ

## സ്ലീബാ വന്ദനവ്

ആത്മാ-ക്കളെ രക്ഷിച്ചൊരു-
നിൻ സ്ലീബായെ നമിച്ചെ-ങ്ങൾ
ചോ-രനൊ-ടൊപ്പം ചൊല്ലുന്നു-
മ്ശിഹാ! യോർക്കെ-ങ്ങളെ നീ വന്നീ-ടുമ്പോൾ

*അല്ലങ്കിൽ ഗദ്യം*

ഞങ്ങളുടെ ആത്മത്തിന് - അതിനാലേ രക്ഷയുണ്ടായി എന്ന - സ്ലീബായേ ഞങ്ങൾ കുമ്പിടുന്നു. മ്ശിഹാ തമ്പുരാനേ! നീ എഴുന്നെള്ളി വരുമ്പോൾ ഞങ്ങളെയും ഓർക്കണമെന്നു കള്ളനോടുകൂടി ഞങ്ങളും ചൊല്ലുന്നു.

*അല്ലങ്കിൽ - സുറിയാനി*

സൊ...ഗദീ...നാൻ..... ലസ്-ലീബൊക്
ദ് ബേവോ പുറുക്കോ നൊലനപ്ശോ-സാൻ
അം....ഗാ.യോസോ-ഒമറീനാൻ മ്ശിഹോ
എസ്ദാ-ക്രൈൻമോ... ദോ സേ .... ആത്ത്

**സ്ലീബായാഘോഷം**

*( 2 - ാം പ്രദിക്ഷണം )*

യൗസേപ്പൊടു നീക്കോദീമോസ്-തരുവീന്നും നിന്നെയിറക്കി
പ്രാണൻ ഗൂഢമിരിക്കുമ്പോൾ-മൃതനെപ്പോൽ നിന്നേയോന്തി
അൽവായും മൂറും പൂശി-ക്കേത്താനാപ്പട്ടിൽ ചുറ്റി
പുതിയൊരു കല്ലറയിൽ വച്ചു - ശിലയാൽ വാതിൽ ബന്ധിച്ചു
സൃഷ്ടികളഖിലം നിൻമൃതിയിൽ-സന്താപത്തൊടു വിലപിച്ചു
സ്വഹിതാൽ മൃതനാമുയിരോലും-നിന്നെമൃതന്മാർ വന്ദിച്ചു
ഞങ്ങൾക്കായുളവായൊരു നിൻ-വ്യഥയും താഴ്മയുമതി ധന്യം

*അല്ലങ്കിൽ (ഹദ്ഗ ബ്രോ )*

അരിമത്യാനാട്ടിൽ - ധാർമ്മികനായ് വാണ
യൗസേപ്പെന്നോതും ... മാനവനേകൻ
മ്ശിഹാതൻ ഗാത്രം.... പ്രാപിപ്പാൻ ചെന്നു
പീലാത്തോസോടാ ... യർത്ഥിച്ചേവം
വിധി നാഥാ! നൽക .. ഭാഗ്യമഹാനിധിയാം
രക്ഷകഗാത്രത്തെ... സംസാകാരം .. ചെ....യ്യട്ടേ ... ഞാൻ
അവനേയൂദന്മാർ-തരുവിന്മേൽ തൂക്കി
ഞാനാമോദിപ്പാ...നതിനേ നൽക

**<u>കിഴക്ക് - പ്രാർത്ഥന</u>**

*എക്ബോ .--- എസ്ക്ബാത്തോർ ബസലീബോ*

കർത്താവേ! നീ ദോഷികളാൽ-ക്രൂശിന്മേൽ തൂക്കപ്പെട്ടു
പാണികൾ നീ നീട്ടിപ്പാരിൻ-നാലതിരുകൾ കരഗതമാക്കി
നാഥനെ നഗ്നം കണ്ടതിനാൽ-ഗഗനത്തിൽ പകലോൻ മങ്ങി,
പകൽ മദ്ധ്യാഹ്നേ-നിശയേറി-ത്തന്നധികാരേ നിലകൊണ്ടു
തരുവിൽ നിൻധ്വനി ധരയേയും-വാനിനെയും വിറകൊള്ളിച്ചു
കൃപയാൽ നീ മൃതസമനായി-ഹിതമൊടു നീയുത്ഥിതനായി
ട്ടാദാമിനെയെഴുന്നേൽപ്പിച്ച-ങ്ങേദനിലേക്കു തിരിച്ചേറ്റി
രക്ഷക! കരുണാസമ്പന്നാ!-ശ്രേഷ്ഠം നിൻ കൃപ കർത്താ-വേ!

*പെസ്ഗോമോ - (യാബ്-ലീ സക്റൊദു പൂർക്കോനോ )*

രക്ഷണപരിചയെനിക്കായ് നീ നൽകി

പറുദീസാമദ്ധ്യേ നട്ടോ-
രേദൻ തന്നിലെ ജീവമരം

സ്ളീബായുടെ ദൃഷ്ടാന്തം താൻ
പാരും വാനും പുരുമോദാൽ
പെരുന്നാൾ ഘോഷിച്ചീടുന്നു
നാമും ചേർന്നോതീടേണം

കുറിയേലായിസോൻ ... കുറിയേലായിസോൻ... കുറിയേലായിസോൻ...

## പടിഞ്ഞാറ് - പ്രാർത്ഥന

*എക്ബോ - ബ്മ്സാതൊദ് മെസ് അമറോനിസോ*

മ്ശിഹാ! നീ ഭൂമദ്ധ്യത്തിൽ
ക്രൂശിതനായോരു വേളയതിൽ
ആലയമറ രണ്ടായ് കീറി
നിന്നെക്കുരിശിൽ ദർശിച്ചി
ട്ടൂഴിയുമഖിലം വിറപൂണ്ടു
സംഭ്രമമോടുൽഘോഷിച്ചാൾ
താതന്മാരുടെ ദൈവം നീ
വാഴ്ത്തപ്പെട്ടവനാ-കുന്നു

*പെസ്ഗോമോ - യാമീനോക് ത് സയ്ആൻ*

തൃക്കൈതുണ ചെയ്തെന്നെ വളർത്തും നിൻശിക്ഷ
മൃതിയിൽനിന്നിഹസഹാക്കിനെ സം
രക്ഷിച്ചോരജപോതത്തെ
സംദാനം ചെയ്തൊരു തരഭൂ
സീമകളെപ്പരിരക്ഷിപ്പാൻ
തൂക്കപ്പെട്ടൊരു കുഞ്ഞാടിൻ
സ്ലീബാ തന്നുടെ ദൃഷ്ടാന്തം
തന്നുടെ പൂജാദിവസത്തിൽ
പാരും വാനും പുരുമോദാൽ
പെരുന്നാൾ ഘോഷിച്ചീടുന്നു
നാമും ചേർന്നോതീടേണം
കുറിയേലായിസോൻ ... കുറിയേലായിസോൻ... കുറിയേലായിസോൻ...

## വടക്ക് - പ്രാർത്ഥന

*എക്ബോ - ആത്ദസലീബാ ഹെസ്ദോ*

കർത്താവേ നീ ഞങ്ങൾക്കായ്
ഗോഗുൽത്തായിൽ മൗലിയതിൽ
തിരുവുള്ളത്താൽ നിന്ദിതമാം
കുരിശിൽ കഷ്ടത ഭരമേറ്റു
ആർത്തിയെഴും ഭീഷകമൃതിയിൻ
ദംഷ്ട്രയെ നീ നിപതിപ്പിച്ചു
പാതാളത്തിലകപ്പെട്ടോർ
ക്കേകി ബന്ധനമുക്തിയെ നീ
തന്മൂലം വിജയദ്ധ്വനിയോ
ടാത്മീയമതാം ഗാനങ്ങൾ
എന്നിവ സഹിതം തിരുസവിധേ
കൂപ്പി-നമിച്ചീടുന്നെങ്ങൾ

*പെസ്ഗോമോ - ബോക്കുനുദാക്കർ*

കുത്തിമുറിക്കും ശത്രുക്കളെ നിന്നാൽ ഞങ്ങൾ

യാക്കോബാമജപാലനവൻ-

തഴകി വണങ്ങിയതാം ദണ്ഡം
മ്ശിഹായം നമ്മുടെയിടയൻ
മൃതിയെ വണങ്ങിക്കൊലചെയ്ത്
പാതാളത്തേ ധുളിച്ച
സ്ലീബാ തന്നുടെ തൃഷ്ടാന്തം
തന്നുടെ പൂജാദിവസത്തിൽ
പാരും വാനും പുരുമോദാൽ
പെരുന്നാൾ ഘോഷിച്ചീടുന്നു
നാമും ചേർന്നോതീടേണം
കുറിയേലായിസോൻ ... കുറിയേലായിസോൻ... കുറിയേലായിസോൻ...

## തെക്ക് - പ്രാർത്ഥന

*എക്ബൊ - ബ്രീക്ദെസ്തലേബ്*

ജളതയെഴും യൂദന്മാരാൽ
ഗോഗുൽത്തായിൽ ക്രൂശിതനായ്
ജീവപ്രദമാം സ്ലീബായാൽ
ഞങ്ങളെ രക്ഷിച്ചോൻ ധന്യൻ
നീയാഗതനായീടുമ്പോൾ
ഞങ്ങളെയോർക്കണമെന്നേവം
ചോരനൊടൊന്നിച്ചുൽഘോഷി
ച്ചെപ്പോഴും കൂപ്പന്നടിയാർ

*പെസ്ഗോമോ - ആത്തു പ്രക് ത്തൻ*
ശത്രുക്കളെ നീക്കിക്കാത്തെങ്ങളെ നീ

നീതിപരൻ നോഹിൻകാല
ത്തുലകത്തിനു ജീവിതശിഷ്ടം
സംരക്ഷിച്ചോരാനൗക
നവജീവനുസുവിശേഷത്തെ
ലോകത്തിനു പരമരുളിയതാം
സ്ലീബാ തന്നുടെ ദൃഷ്ടാന്തം
തന്നുടെ പൂജാദിവസത്തിൽ
പാരും വാനും പുരുമോദാൽ
പെരുന്നാൾ ഘോഷിച്ചീടുന്നു
നാമും ചോർന്നോതീടേണം
കുറിയേലോയിസോൻ ... കുറിയേലായിസോൻ... കുറിയേലായിസോൻ...

## വീണ്ടും കിഴക്ക് - ഹവ്ദ് മാലാഖേ

| | |
|---|---|
| പട്ടക്കാരൻ | : ദുതന്മാർ - സേവിപ്പോനേ! |
| ജനം | : ദൈവമേ നീ പരിശുദ്ധനാകുന്നു |
| പട്ടക്കാരൻ | : ക്രോബേന്മാർ-വാഴ്ത്തുന്നോനേ! |
| ജനം | : ബലവാനേ നീ പരിശുദ്ധനാകുന്നു |
| പട്ടക്കാരൻ | : സ്രപ്പികൾ കാ-ദീശാർപ്പോനേ! |
| ജനം | : മരണമില്ലാത്തവനേ നീ പരിശുദ്ധനാകുന്നു |
| പട്ടക്കാരൻ | : വിശ്വാസിനിയാം തിരുസഭതൻ - സുതരർത്ഥിക്കുന്നു |
| ജനം | : ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനേ! ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ. |

## പടിഞ്ഞാറ്

പട്ടക്കാരൻ : തീമയർ ഹാ-ലൽ ചൊൽവോനേ!
ജനം : ദൈവമേ നീ പരിശുദ്ധനാകുന്നു
പട്ടക്കാരൻ : ആത്മീയർ - ശ്ലാഘിപ്പോനേ!
ജനം : ബലവാനേ നീ പരിശുദ്ധനാകുന്നു
പട്ടക്കാരൻ : മൺമയരാ-ഘോഷിപ്പോനേ!
ജനം : മരണമില്ലാത്തവനേ നീ പരിശുദ്ധനാകുന്നു
പട്ടക്കാരൻ : പാപികളനുതാപത്തോട-ർത്ഥിച്ചോതുന്നു
ജനം : ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനേ!
ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

വടക്ക്

പട്ടക്കാരൻ : മേലുള്ളോർ-മാനിപ്പോനേ!
ജനം : ദൈവമേ നീ പരിശുദ്ധനാകുന്നു
പട്ടക്കാരൻ : മദ്ധ്യമർ കീർ-ത്തിക്കുന്നോനേ!
ജനം : ബലവാനേ നീ പരിശുദ്ധനാകുന്നു
പട്ടക്കാരൻ : കീഴുള്ളോർ-കൂപ്പുന്നോനേ!
ജനം : മരണമില്ലാത്തവനേ നീ പരിശുദ്ധനാകുന്നു
പട്ടക്കാരൻ : വിശ്വാസിനിയാം തിരുസഭതൻ - സുതരർത്ഥിക്കുന്നു
ജനം : ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനേ!
ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

തെക്ക്

പട്ടക്കാരൻ : നാഥാ! കൃ-പ ചെയ്തീടണമേ
ജനം : ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി
ഞങ്ങളോട് കരുണ ചെയ്യണമേ.
പട്ടക്കാരൻ : നാഥാ! കർമ്മാർത്ഥനകളെ നീ-
കൈക്കൊണ്ടും കൃപ-ചെയ്തീടേണം
ജനം : ദൈവമേ നിനക്ക് സുതിതി
പട്ടക്കാരൻ : സ്തോത്രം തേ-സ്രഷ്ടാവേ
ജനം : നിന്റെ ദാസരായ പാപികളോട് കരുണ ചെയ്യുന്ന
മശിഹാരാജാവേ! നിനക്കു സ്തുതി

*ബാറെക്മോർ*

*സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ....*

## കബറടക്കം

*(കാദ് അഹസുക്ക്മെൻ റീശ് കൈസോ )*

സ്ലീബാ തോളിന്മേൽ താങ്ങി ... എന്ന രീതി

യൗസേപ്പൊടു നീക്കോദീമോസ്
തരുവീന്നും നിന്നെയിറക്കി
പ്രണൻ ഗൂഢമിരിക്കുമ്പോൾ
മൃതനേപ്പോൽ നിന്നേയേന്തി
അൽവായും മൂറും പൂശി
ക്കേത്താനപ്പട്ടിൽ ചുറ്റി
പുതിയൊരു കല്ലറയിൽ വച്ചു
ശിലയാൽ വാതിൽ ബന്ധിച്ചു
സൃഷ്ടികളഖിലം നിൻ മൃതിയിൽ
സന്താപത്തൊടു വിലപിച്ചു
സ്വഹിതനാൽ മൃതനാമൂയിരേലും
നിന്നെ മൃതന്മാർ വന്ദിച്ചു
ഞങ്ങൾക്കായുളവായൊരു നിൻ
വ്യഥയും താഴ്ചയുമതിധന്യം

## കബറടക്കശേഷം

***കുക്കിലിയോൻ - ബസ്മീസേ ബർ ഹീറോ***

കബറിലുറങ്ങും ഹതരെപ്പോൽ-ഹാ-ഹാ..
മൃതരുടെ മദ്ധ്യേ-സ്വാ-തന്ത്ര്യസുതൻ
മൃതി നിഴലും കൂരിരുളുമെഴും- ഹാ.. ഹാ..
പടുകുഴിയിൽ ചേർത്താ-നെന്നേ നീ
മൃതരായോർക്കായ് നീ ചെയ്താശ്ചര്യങ്ങൾ ഹാ... ഹാ...
വീരന്മാരെഴുന്നേറ്റങ്ങേ-വാഴ്ത്തീടും
നിൻകൃപയെക്കല്ലറവാസികളും ഹാ... ഹാ....
നിൻ വിശ്വാസത്തെപ്പാഴായോരും - വർണ്ണിക്കും
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

## എക്ബോ

*( ലശ് യുൽ എമൊദ്മീസേ )*

മൃതരുടെ മാതാവാം പാതാളത്തിൽ
രാജതനൂജനിറങ്ങിച്ചെന്നു
ശൂന്യതയെഴുമവളേ നിർമ്മൂലം വീഴ്ത്തി
ട്ടുൾക്കോട്ടകളെല്ലാം ഭഞ്ജിച്ചു
സത്തമശീലൻ മരണക്കോയ്മയെ നീക്കം ചെയ്തു
കോശത്തേയും കൊട്ടാരങ്ങളെയും ശൂന്യമതാക്കി
വന്നേൻ കൽപ്പന ലംഘിച്ചോനാദാമിൻ പേർക്കായ്
എൻ സവിധം ചേരുവിനെന്നേവം മൃതരോടോതി
വിശ്വസികളാം നാമേവരുമേവം മോദത്തോടു-ഘോഷിക്കേണം
ആശ്ചര്യങ്ങളെ മൃതരായോർക്കായ് നീ ചെയ്യുന്നു
വീരന്മാരെഴുന്നേറ്റങ്ങേ സ്തുതി ചെയ്തീ-ടും

*സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ*

## പ്രുമിയോൻ

***ലോക് മോറിയോ കോറേനാൻ***

ജീവമയൻ മൃതലോകം പൂ-ക്കൽഘോഷി-ച്ചാൻ
പുനരുജ്ജീവനുമുത്ഥാനം കട മോ-ചനമിവയേ
പാതാളത്തിൻ വാതിൽ തക-ർത്തോടാമ്പലൊടി
ച്ചാമൃതിതന്നധികാരത്തൊടു ജയവും... മായിച്ചു
മരണത്തെ ജീവിപ്പിച്ചവനേ!
നിദ്രയൊഴി-ച്ചോനേ! നീ ധന്യൻ
കബറാൽ ജീവൻ തന്നവനേ കൃപയാൽ വാഴ്-വരുൾക
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

മൃതലോകം പൂകിയ ദാവീ-ദാത്മജനാകും
രാജാവിന്നാൾപ്പോരായ് ദാ-വീദോ-തീടുന്നു
പാതാളത്തിന്നുയരെത്തീ-യെന്നുടെയാത്മം-
ക്രൂശകരീന്നും ദുഷിയേറ്റു-കുഴിയാ-ർന്നോരൊപ്പം
എണ്ണപ്പെ-ട്ടേൻ പാതാളസ്ഥർ-
ക്കുയിരും മോ-ചനവും ഞാൻ നൽകും
ഉയിരാർന്നുയിർ ഞാനേകും ക്രൂ-ശകർ ല-ജ്ജിതരാകും
*മൊറിയോറാഹേമേലെൻ ഉ ആദാറൈൻ*

**<u>മോർ യാക്കോബിന്റെ ബോവൂസോ</u>**

മ്ശിഹാ സ്കീ-പ്പാ മൃതികഷ്ടതകൾക്കായ്-വ-ന്നോനേ!
പ്രാർത്ഥന കേ-ട്ടിട്ടാത്മക്കളിലമ്പുണ്ടാ-കേണം
ദേവാ! ദയയുണ്ടാകേണം-നാഥാ! കൃപ തോന്ന-ണമൻപാൽ /
*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

ദാസ്യത്തിൽ രക്ഷകനെപ്പോൽ മൃതസവിധം പൂണ്ടാൻ
ഭീയാർന്നു ഭീകരഭൂതം-താൻ ദാസ്യം നീക്കി
ബദ്ധന്മാരുടെ തുടലും തളയും പാടേപോക്കി
വീണ്ടീടാൻ വന്നൊരു രക്ഷകനെ-യവർ വ-ന്ദിച്ചു
ദേവാ! ദയയുണ്ടാകേണം-നാഥാ! കൃപ തോന്ന-ണമൻപാൽ

പാതാളത്തിൻ നിലയേ മരുവും വാങ്ങിപ്പോയോർ
കൊണ്ടർപ്പിച്ചാർ നതിമഹിമകൾതൻ-മകുട-ങ്ങൾ താൻ
ആദ്യം ഹതനാം ഹാബേൽ തൻമുമ്പിൽ കു-മ്പിട്ടു
വർഗങ്ങൾക്കെല്ലാം തലയായോ-നാദാം-താനും
ദേവാ! ദയയുണ്ടാകേണം-നാഥാ! കൃപ തോന്ന-ണമൻപാൽ

നോഹിൻവീടും സുന്ദരശേത്തൊത്ത-ബ്രഹാമും
രക്ഷിപ്പാൻ വന്നോരുയിരോനേ-മോദാൽ കൂപ്പി
നീതിജ്ഞന്മാർ പിതൃതതി ജാതിത്തലവന്മാരും
ആചാര്യന്മാർ നൃപരും വന്നാമോദാൽ കൂ-പ്പി
ദേവാ! ദയയുണ്ടാകേണം-നാഥാ! കൃപ തോന്ന-ണമൻപാൽ

മൂശാനിബിയും നിബിസഞ്ചയമങ്ങഹറോൻതാനും
ലേവ്യന്മാരും പട്ടക്കാരും തന്നെ-ക്കൂപ്പി
വാഞ്ചിച്ചാർ നെടുനാളായ് തന്നെ ദർശിച്ചീടാൻ
ദർശിച്ചപ്പോൾ നതിയും സ്തുതിയും-പകരം - നൽകി
ദേവാ! ദയയുണ്ടാകേണം-നാഥാ! കൃപ തോന്ന-ണമൻപാൽ

സ്തോത്രം താതാ! മൃതലോകേ സുതനേ-വിട്ടോനേ
തൽഗേഹം പൂണ്ടൊരു സുതനേ-വന്ദിച്ചീ-ടുന്നു
ആശ്വാസകനാം ജീവപ്രദനേ! റൂഹാസ്തോത്രം
കബറീന്നും പറുദീസായിൽ ചേർപ്പോനേ സ്തുതിതേ
ദേവാ! ദയയുണ്ടാകേണം-നാഥാ! കൃപ തോന്ന-ണമൻപാൽ

*നാഥാ! ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു*
*മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാർന്നു*
*ദേവാ! ദയയുണ്ടാകേണം-നാഥാ! കൃപ തോന്ന-ണമൻപാൽ*

***(അവസാന നിറുത്തന് പകരമായി മറ്റൊന്ന്)***

പൗരോഹിത്യം രാജ്യം പ്രവചനമെന്നിവയെന്യേ
സർവ്വം ശൂന്യം നിങ്ങടെ നിലയം യാദന്മാരേ!
ദേവാ! ദയയുണ്ടാകേണം-നാഥാ! കൃപ തോന്ന-ണമൻപാൽ

**മാലാഖമാരുടെ സ്തുതിപ്പ്**

അത്യുന്നതങ്ങളിൽ സ്വർഗ്ഗത്തിലെ മാലാഖമാരും പ്രധാന മാലാഖമാരും സ്തുതിക്കുന്നതുപോലെ ബലഹീനരും മണ്മയരുമായ ഞങ്ങളും സ്തുതിച്ച് പറയുന്നു.

എല്ലാക്കാലവും എല്ലാസമയത്തും ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും, ഭൂമിയിൽ സമാധാനവും നിരപ്പും,മനുഷ്യമക്കൾക്കു നല്ല ശരവുമുണ്ടായിരിക്കട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കയും വാഴ്ത്തുകയും വന്ദിക്കുകയും ചെയ്യുന്നു; സ്തുതിയുടെ ശബ്ദം നിനക്കു ഞങ്ങൾ കരേറ്റുന്നു.

സർവ്വശക്തിയുള്ള പിതാവായ ദൈവവും സ്വർഗ്ഗീയ രാജാവും സ്രഷ്ടാവുമായ കർത്താവേ! നിന്നെയും, യേശുമിശിഹായായ ഏകപുത്രനായിരിക്കുന്ന ദൈവമായ കർത്താവേ! പരിശുദ്ധ റൂഹായോടുകൂടെ നിന്നെയും, നിന്റെ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ സ്തുതിക്കുന്നു.

പിതാവിന്റെ പുത്രനും വചനവും ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനുമായ ദൈവത്തിന്റെ കുഞ്ഞാടായ ദൈവമായ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യണമേ.

ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനും തന്റെ പിതാവിന്റെ വലതുഭാഗത്തു മഹത്വത്തോടുകൂടി ഇരിക്കുന്നവനായുള്ളോവേ! നിന്റെ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈകൊണ്ട് ദയതോന്നി ഞങ്ങളോടു കരുണ ചെയ്യണമേ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു. പിതാവായ ദൈവത്തിന്റെ മഹത്വത്തിനു പരിശുദ്ധ റൂഹായോടുകൂടെ യേശുമിശിഹായായ നീ മാത്രം കർത്താവുമാകുന്നു. ആമ്മീൻ.

എല്ലാക്കാലത്തും ഞങ്ങൾ ജീവനോടിരിക്കുന്ന ദിവസങ്ങളൊക്കെയും നിന്നെ വാഴ്ത്തുകയും എന്നേക്കും വാഴ്ത്തപ്പെട്ടതും നിത്യത്വമുള്ളതുമായ നിന്റെ പരിശുദ്ധ നാമത്തെ സ്തുതിക്കയും ചെയ്യും.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ! നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ നാമം മഹത്ത്വമുള്ളതും നീ എന്നേക്കും മഹത്ത്വങ്ങളിൽ പ്രഭാവമുള്ളവനുമാകുന്നു.

സ്തുതി നിനക്കു യോഗ്യമാകുന്നു; മഹത്ത്വം നിനക്കു യുക്തമാകുന്നു. സകലത്തിന്റെയും ദൈവവും, സത്യത്തിന്റെ പിതാവുമായവനേ! നിനക്കും ഏകപുത്രനും ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും പുകഴ്ച ചേർച്ചയാകുന്നു. അതു ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

**ഞങ്ങളുടെ കർത്താവായ യേശുമിശിഹാ!** നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ നീ അടയ്ക്കരുതേ. കർത്താവേ! ഞങ്ങൾ പാപികളാകുന്നു; എന്നു ഞങ്ങൾ ഏറ്റുപറയുന്നു; ഞങ്ങളോടു കരുണയുണ്ടാകണമേ.

കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തുനിന്ന് ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കികൊണ്ട് വന്നു; ഞങ്ങളോടു കരുണ ചെയ്യണമേ.

കൗമാ

ദൈവമേ! നീ പരിശുദ്ധനാകുന്നു. (മൂന്നു പ്രാവശ്യം) ഇത്യാദി
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ....

# വിശ്വാസ പ്രാമാണം

സർവശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും.............

കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ സത്യേക ദൈവത്തിൽ (ഞങ്ങൾ വിശ്വസിക്കുന്നു).

ദൈവത്തിന്റെ ഏക പുത്രനും, സർവലോകങ്ങൾക്കും മുമ്പേ പിതാവിൽ നിന്നു ജനിച്ചവനും,പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോടു ഒന്നായിരിക്കുന്നവനും, താൻമൂലം സകലവും ഉളവായവനും, മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി തിരുമനസ്സായ പ്രാകരം ✝സ്വർഗത്തിൽ നിന്നിറങ്ങി, പരിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിൽ നിന്ന് ✝ശരീരിയായിത്തീർന്നു മനുഷ്യനായി, പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി ✝കുരിശിൽ തറയ്ക്കപ്പെട്ട്, കഷ്ടത അനുഭവിച്ചു മരിച്ച്, അടക്കപ്പെട്ട്, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു സ്വർഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലതുഭാഗത്ത് ഇരുന്നവനും, ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്ത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും, തന്റെ രാജ്യത്തിനു അവസാനമില്ലാത്തവനുമായ യേശുമ്ശീഹാ ആയ ഏക കർത്താവിലും (ഞങ്ങൾ വിശ്വസിക്കുന്നു.)

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും, നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും, കാതോലികവും, ശ്ളൈഹികവുമായ ഏക വിശുദ്ധ സഭയിലും (ഞങ്ങൾ വിശ്വസിക്കുന്നു.)

പാപമോചനത്തിനു മാമോദീസാ ഒന്നു മാത്രമാകുന്നു എന്നു ഞങ്ങൾ ഏറ്റു പറഞ്ഞ്, മരിച്ചുപോയവരുടെ ഉയിർപ്പിനും, വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കി പാർക്കുന്നു.

| | |
|---|---|
| ജനം: | ആമ്മീൻ |
| ശുശ്രൂഷകൻ: | ബാറെക്മോർ, സ്തൗമെൻകാലോസ് |
| ജനം: | കുറിയേലായിസോൻ |

<u>കുക്കിലിയോനു പകരം കൗമാ</u>

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
മൃതിയാലടിയാരുടെ മൃതിപോക്കിയ മ്ശിഹാ
മൃതരായോർക്കുയിരും ഞങ്ങൾക്കരുൾ കൃപയും (മൂന്നു പ്രാവശ്യം)

ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
മ്ശീഹൊ ദബ്മൗത്തെ ആഹീമീസുസാൻ
നാഹേം ല ആനീദൈൻ വെസറാഹാമ്മേലൈൻ ,,

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ജീവിപ്പിച്ചവനായ മിശിഹാ! ഞങ്ങളുടെ
മരിച്ചുപോയവരെ ഉയിർപ്പിക്കുകയും ഞങ്ങളോട് കൃപയുണ്ടാകുകയും ചെയ്യണമേ.

നാഥാ! തേ സ്തുതിയും മാനം താതന്നും
മഹിമാ, വന്ദനകൾ ശുദ്ധാ-ത്മാവിനും
ഉണ്ടാ, കുൾകൃപ പാ, പികളാം ഞങ്ങളിലും
മേലാ, മൂറിശിലേം വാതിൽ - ക്കുള്ളിൽ നിൻ
സിംഹാ, സനമണയണ മിപ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ
നിത്യം ശരണവുമേ സ്തോത്രം; ബാറക്മോർ

ലൊക്മോർ തെശുബുഹത്തൊ, ലാബൂക് ഈക്കോറോ
വൽറൂഹൊദക്കുദിശൊ സെഗ്ത്തൊ, റുമറോമൊ

വാലായിൻ ഹാത്തോയെ, റഹമെ വഹനോനൊ
നെസ്പ, സഹൂൻതറഐ ഊറി, ശിലേംദലഎൽ
നേലോൻ സ്ലാവോസാൻ; കിദൊംബിം ദംശീഹോ,
ശുബ്ഹോ, ലൊക്മോറാൻ ശുബ്ഹോ, ലോക്മോറാൻ
ശുബ്ഹോ, ലൊക്സബറൻലഒാലം; ബാറെക്മോർ

എന്റെ കർത്താവേ! നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും കൃപയും ഉണ്ടായി രിക്കണമേ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മ്ശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ ശരണമേ! എന്നേയ്ക്കും നിനക്ക് സുതുതി. ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!

*ദുഃഖ വെള്ളിയാഴ്ച ശുശ്രൂഷ സമാപ്തി*